
# സുറിയാനിസഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും

Volume III



കോറെപ്പിസ്കോപ്പ കെ. മാണി രാജൻ, M.Sc., M.Ed., Ph.D.

# സുറിയാനി സഭയിലെ
# രക്തസാക്ഷികളും പരിശുദ്ധന്മാരും
# മേലദ്ധ്യക്ഷന്മാരും

## (Volume III)

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ, M. Sc., M. Ed., Ph. D.

The Travancore Syriac Orthodox Publishers
Kottayam -686 004

2011

**സുറിയാനി സഭയിലെ**
**രക്തസാക്ഷികളും പരിശുദ്ധന്മാരും**
**മേലദ്ധ്യക്ഷന്മാരും**

**(Vol. III)**

By. Cor-Episcopo (Dr.) K. Mani Rajan

First Edition: 2006, The Travancore Syriac Orthodox Publishers, Kottayam-686 004

Revised Edition: 2011, The Travancore Syriac Orthodox Publishers, Kottayam-686 004

Copyright @ Author

All rights reserved . No reproduction or translation in whole or part is allowed without written permission from the author.
Printed at: Done colour Graphs, Kottayam

Price Rs. 45.00

Printed at: Dona Colour Graphs, Kottayam

Published by: The Travancore Syriac Orthodox Publishers, Kottayam-686 004

Copies: 1000

# ഉള്ളടക്കം

1. വിശുദ്ധ ബാബൂല.........7
2. വൈരാഗ്യക്കാരനായ വിശുദ്ധ ശെമവൂൻ ശ്ലീഹാ.........9
3. വിശുദ്ധ യൂദാ ശ്ലീഹാ.........11
4. വിശുദ്ധ ബർത്തുൽമായി ശ്ലീഹാ.........13
5. വിശുദ്ധ മത്ഥിയാസ് ശ്ലീഹാ.........15
6. വിശുദ്ധ അബഹായ് സഹദാ.........17
7. വിശുദ്ധ പെലാജിയ.........18
8. അൽഫായി പുത്രനായ വിശൂദ്ധ യാക്കോബ് ശ്ലീഹാ.........20
9. വിശുദ്ധ ഫിലിപ്പോസ് ശ്ലീഹാ.........21
10. വിശുദ്ധ അന്ത്രയോസ് ശ്ലീഹാ.........23
11. സ്മിർണായിലെ വിശുദ്ധ പോളികർപ്പോസ്.........26
12. നസിയൻസിലെ വിശുദ്ധ ഗ്രിഗോറിയോസ്.........29
13. വിശുദ്ധ പക്കോമിയോസ്.........31
14. വിശുദ്ധ അംബ്രോസിയോസ്.........34
15. നീതിമാനായ വിശുദ്ധ യൗസേഫ്.........36
16. റോമിലെ വിശുദ്ധ യൂലിയോസ്.........39
17. അലക്സന്ത്രിയാ പാത്രിയർക്കീസായ മോർ അത്താനാസിയോസ്.........41
18. പരിശുദ്ധനായ മോർ ദിയസ്ക്കോറോസ്.........45
19. അലക്സന്ത്രിയായിലെ മോർ ദീവന്നാസിയോസ്.........48
20. പരിശുദ്ധ അബ്ദേദ് ആലോഹോ രണ്ടാമൻ.........50
21. മോർ ആഹൂദേമേ.........53
22. മോർ ബസ്സേലിയോസ് യൽദോ മഫ്രിയാന.........54
23. മോർ ബസ്സേലിയോസ് ശക്രള്ളാ മൂന്നാമൻ.........57
24. പുണ്യശ്ലോകനായ മോർ ഫീലക്സിനോസ് ശാമുവേൽ.........60
25. പുണ്യശ്ലോകനായ മോർ ഗ്രിഗോറിയോസ് ഗീവറുഗീസ്.........62
26. ഉറഹായിലെ മോർ യാക്കോബ്.........67
27. പുണ്യശ്ലോകനായ ഗീവറുഗീസ് മാർ സേവേറിയോസ്.........69
28. പുണ്യശ്ലോകനായ മോർ ഒസ്താത്തിയോസ് ബെന്യാമിൻ.........73
29. പുണ്യശ്ലോകനായ മോർ ഗ്രിഗോറിയോസ് യൂഹാനോൻ.........78
30. പുണ്യശ്ലോകനായ മോർ യൂലിയോസ് യേശു ശീശക്.........81

# വിശുദ്ധ ബാബൂല
## (എ. ഡി. ? - 251)

അന്ത്യോഖ്യാ പാത്രിയർക്കീസായ സ്ബീനോ (Zbino, എ. ഡി. 231–237) കാലംചെയ്ത ശേഷം 237ൽ വി. ബാബൂല അന്ത്യോഖ്യാ പാത്രിയർക്കീസായി സ്ഥാനാരോഹണം ചെയ്തു. വി. ബാബൂലയുടെ (Babula) ജനനത്തെക്കുറിച്ചോ ബാല്യകാലത്തെക്കുറിച്ചോ ചരിത്രകാരന്മാർ പരാമർശിച്ചിട്ടില്ല.

വി. ബാബൂല ഒരുത്തരോടും മുഖപക്ഷമോ വിവേചനമോ കാണിച്ചിരുന്നില്ല. ഉദാഹരണമായി, 244ൽ പീലിപ്പോസ് രാജാവ് പേർഷ്യക്കാരോട് യുദ്ധം ചെയ്ത് റോമിലേക്കു പോകുന്ന വഴി അന്ത്യോഖ്യായിൽ വന്നു. ഉയിർപ്പുപെരുന്നാളിൽ സംബന്ധിക്കാനാഗ്രഹിച്ച് വന്നെങ്കിലും വി. ബാബൂല, രാജാവിനെ പള്ളിയിൽ പ്രവേശിക്കാനനുവദിക്കാതെ മാമോദീസ ഏറ്റിട്ടില്ലാത്ത അനുതാപികളുടെ കൂടെ നില്ക്കുന്നതിന് കല്പിച്ചു. 'നിന്റെ മുൻഗാമിയായ ചക്രവർത്തിയുടെ (ഗോർഡിയൻ മൂന്നാമൻ) കൊലയിൽ നീ സംബന്ധിച്ചതിനാൽ ദൈവഭവനത്തിൽ പ്രവേശിപ്പാൻ നീ അർഹനല്ല. നീ ചെയ്യുന്ന പാപങ്ങളിൽ നിന്നും ഭോഷത്ത്വങ്ങളിൽ നിന്നും ഒഴിഞ്ഞ് നിന്റെ ചാർച്ചയിൽ പെടാത്തവളും നീ വിവാഹം കഴിക്കുന്നതിന് നിയമാനുസൃതം സഭ നിരോധിക്കാത്തവളുമായ ഒരു ഭാര്യയെ മാത്രം നിനക്കു ശേഷിപ്പിക്കുകയും ചെയ്യുവോളം സഭ നിന്നെ അനുതാപികളുടെ നിരയിലല്ലാതെ സ്വീകരിക്കുകയില്ല' (Abdul Ahad, 1948; Aphrem, 1963). ഭൗമിക രാജാക്കന്മാരെ ആദരിക്കുന്നതിനേക്കാൾ സ്വർഗ്ഗീയ രാജാവിനെ അനുസരിക്കുന്നതാണ് ഉത്തമമെന്ന് ഈ വിശുദ്ധൻ പ്രവർത്തിയിലൂടെ കാണിച്ചു.

എ. ഡി. 249ൽ റോമാരാജാവായ ദോക്കിയോസ് കൈസറിന്റെ കാലത്ത് സൈന്യാധിപനായ തൊമറിയാനോസ്, വിഗ്രഹത്തിനു ബലികഴിക്കുന്നതിന് വി. ബാബൂലയോട് ആജ്ഞാപിച്ചു. ഈ വിശുദ്ധൻ മശിഹായെ ഏറ്റുപറഞ്ഞതിനാൽ ചങ്ങലകളാൽ ബന്ധിക്കപ്പെട്ട് കാരാഗൃഹത്തിലടയ്ക്കപ്പെട്ടു. വാർധക്യത്താൽ കൂനിയിരുന്ന വിശുദ്ധനെ കഠിനമായി ഉപദ്രവിച്ചു ശിരഛേദനം

ചെയ്തു. ഇദ്ദേഹത്തോടു കൂടെ വിശ്വാസം പഠിച്ചിരുന്ന 12 വയസ്സുള്ള ബർബാദൂ(ദോ)സും, ഒമ്പതു വയസ്സുള്ള ആബിലിയൂസും (അപ്പിലിയോസും), ഏഴു വയസ്സുള്ള അറാബോസും (അർബോസും) രക്തസാക്ഷികളായി. ഈ രക്തസാക്ഷിത്വം നടന്നത് ഏ. ഡി. 251 ജനുവരി 24-ാം തീയതിയായിരുന്നു.

14 കൊല്ലം പാത്രിയർക്കീസെന്ന നിലയിൽ സഭയെ ശുശ്രൂഷിച്ച സുധീര രക്തസാക്ഷിയായ വി. ബാബൂലയുടെ ഭൗതിക ശരീരം അന്ത്യോഖ്യായിൽ കബറടക്കി. അവിടെ ഒരു ദൈവാലയവും പണികഴിപ്പിച്ചു. ഏ. ഡി. 351ൽ തിരുശേഷിപ്പുകൾ ദഫ്നാ (ദഹ്നാ) യിലെ അപ്പോലോൻ ദേവന്റെ ക്ഷേത്രത്തിനടുത്തേക്ക് മാറ്റിസ്ഥാപിച്ചു. അപ്പോലോൻ ദേവനിൽ നിന്ന് ഭാവി അറിയാൻ ആഗ്രഹിച്ച ഗാലോസിന്റെ സഹോദരനായ യൂലിയാനോസിന് ദേവനിൽ നിന്നും മറുപടി ലഭിച്ചില്ല. ഇതിനു കാരണം വി. ബാബൂലയുടെ തിരുശേഷിപ്പുകളുടെ സാമിപ്യമാണെന്ന് മനസ്സിലാക്കിയ രാജാവ് തിരുശേഷിപ്പുകൾ ഏ. ഡി. 361ൽ അന്ത്യോഖ്യായിലെ ആദ്യ സ്ഥാനത്തേക്കു തന്നെ മാറ്റി സ്ഥാപിച്ചു (Abdul Ahad, 1948; Aphrem, 1963). മാറ്റി സ്ഥാപിച്ച ആ രാത്രിയിൽ തന്നെ അപ്പോലോൻ ദേവന്റെ ക്ഷേത്രത്തിന്മേൽ ഇടിവെട്ടുകയും ക്ഷേത്രവും സ്വർണ്ണം പൊതിഞ്ഞിരുന്ന വിഗ്രഹവും ദഹിച്ചു പോകുകയും ചെയ്തു. പ. മലാത്തിയോസ് (മിലിത്തിയോസ്) പാത്രിയർക്കീസ് ബാവ സ്ഥാനാരോഹണം ചെയ്തശേഷം (ഏ. ഡി. 360-381) വി. ബാബൂലയുടെ തിരുശേഷിപ്പുകൾ ആസി (ഓറൻതോസ്) നദീതീരത്ത് ഒരു വലിയപള്ളി പണിത് അതിലേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു. വി. ബാബൂലയുടെ ഓർമ്മ ജനുവരി 24-ാം തീയതിയും സെപ്റ്റംബർ 4-ാം തീയതിയും ആഘോഷിക്കുന്നു. സെപ്റ്റംബർ 4 തിരുശേഷിപ്പ് മാറ്റി സാഥാപിച്ചതിന്റെ ഓർമ്മയാണെന്ന് കരുതുന്നു.

# വൈരാഗ്യക്കാരനായ വിശുദ്ധ ശെമവൂൻ ശ്ലീഹാ
## (? - ഏ. ഡി. 61?)

യേശുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരിൽ ഒരുവനായ ശെമവൂൻ ഗലീലയിൽ നിന്നുള്ളവനായിരുന്നു. ഇദ്ദേഹം എഫ്രയിം ഗോത്ര ക്കാരനും (Abdul Ahad, 1948) ക്ലേയോഫാസിന്റെ(?) മകനുമായിരു ന്നു. ശ്ലീഹന്മാരുടെ പട്ടികയിൽ ശെമവൂന്റെ പേര് ഉൾപ്പെട്ടിട്ടുണ്ട് എന്നതിൽ കവിഞ്ഞ് വിവരണങ്ങളൊന്നും സുവിശേഷങ്ങളിൽ ലഭ്യമല്ല.

ശെമവൂൻ ശ്ലീഹായെ മത്തായി 10 : 3 ൽ ശീമോൻ എന്നും മർക്കൊസ് 3:18ൽ കനാന്യനായ ശീമോൻ (Canaanite or Cananean Simon) എന്നും ലൂക്കൊസ് 6 :15ലും അപ്പൊസ്തോല പ്രവർത്തി കൾ 1:13 ലും എരിവുകാരനായ (Zealot) അഥവാ വൈരാഗ്യക്കാ രനായ (അത്യുൽസാഹിയായ) ശീമോൻ എന്നുമാണ് പരാമർശി ച്ചിരിക്കുന്നത്. കനാന്യനായ ശീമോൻ എന്ന പ്രയോഗത്തിന്റെ അടിസ്ഥാനത്തിൽ പല ചരിത്രകാരന്മാരും ശെമവൂൻ, കാനാ യിൽ നിന്നുള്ളവനാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. Simon bears the surname, Kananeos, or the Kananean, often wrongly interpreted to mean "from Cana" Kananaios is the Greak transliteration of an Armaic word, *qena na*, meaning "the zealot" (*Encyclopaedia Britannica*, 1988, Vol. 10, p. 821). എന്നാൽ ശെമവൂൻ കാനായിൽ നിന്നുള്ളവനല്ല, മറിച്ച് തീക്ഷ്ണതയുള്ളവൻ എന്നർത്ഥമുള്ള '*കേന നാ*'എന്ന അറമായ പദത്തിന്റെ വിവർത്തനത്തിൽ വന്ന പാളിച്ചയാണിതിന ടിസ്ഥാനം എന്ന് പലരും അഭിപ്രായപ്പെട്ടിട്ടുണ്ട് (e.g., Kallarangatt & Puthukulangara, 2001). എരിവുകാരനായ (വൈരാഗ്യക്കാരനായ) എന്ന വിശേഷണവും കനാന്യനായ എന്ന സുവിശേഷത്തിൽ കാണുന്ന വിശേഷണവും വ്യത്യസ്തമല്ല എന്ന മേൽപ്പറഞ്ഞ അഭിപ്രായങ്ങൾ അവഗണിക്കാവുന്നതല്ല.

ശെമവൂൻ ശ്ലീഹാ ചെറിയ ശീമോൻ എന്ന പേരിലും; പത്രോ സ്, വലിയ ശീമോൻ എന്നപേരിലും പരാമർശിക്കപ്പെട്ടിട്ടുണ്ട്. ചെറിയ ശീമോൻ (വൈരാഗ്യക്കാരനായ) ഒരു സ്വദേശവാദിയും

യെഹൂദന്മാരുടെ ആചാരാനുഷ്ഠാനങ്ങളിൽ ഒരു അത്യുത്സാഹിയുമായിരുന്നു (താനോനോ). ഈ തീവ്രമതാനുസാരികളുടെ സംഘത്തിൽ ഉൾപ്പെട്ടതിനാലാണ് എരിവുകാരൻ എന്ന അപരനാമമുണ്ടായത്. Simon was a member of the Zealots, a Jewish group (Nationalists) that fanatically opposed the Romans prior to A.D. 70 (*Encyclopaedia Americana*, 1988; *Encyclopaedia Britannica*, 1988). ഇദ്ദേഹം പലസ്തീൻ അധിനിവേശം നടത്തിയിരുന്ന റോമാക്കാരെ ഓടിക്കാൻ സംഘടിപ്പിക്കപ്പെട്ട സംഘത്തിൽ അംഗമായിരുന്നുവെന്നും അഭിപ്രായമുണ്ട് (Mc Birnie, 2002; Kallarangatt & Puthukulangara, 2001).

പെന്തിക്കൊസ്തിക്കുശേഷം പത്രോസ് ശ്ലീഹായോടു കൂടെ ശെമവൂൻ യെരൂശലേമിലും പിന്നീട് സമരിയായിലേക്കും പോയി. ആ പ്രദേശങ്ങളിലെ യെഹൂദന്മാർ ശെമവൂന്റെ പ്രസംഗം കേട്ട് അവനെതിരെ ബഹളം കൂട്ടി. അവനെ മർദ്ദിച്ച് പട്ടണത്തിൽ നിന്ന് വെളിയിലാക്കി. അവിടെ ക്രിസ്ത്യാനികളായിരുന്നവരുടെ കൂടെ താമസിച്ചുകൊണ്ടിരുന്നപ്പോൾ ഉണ്ടായ ഒരു സംഭവം പുരാതന എത്യോപ്യൻ രേഖയായ ശ്ലീഹന്മാരുടെ സഹനസമരങ്ങളിൽ (*The contendings of the Apostles*) വിവരിച്ചിരിക്കുന്നത് ഇവിടെ ഉദ്ധരിക്കുന്നു (cited in Kallarangatt & Puthukulangara, 2001, p. 343).

ആ പ്രദേശത്തെ യെഹൂദ സിനഗോഗിന്റെ ചുമതലയുണ്ടായിരുന്ന മനുഷ്യന്റെ മകൻ, യാക്കോബ് രോഗം കലശലായി മരിച്ചു. വിശ്വാസികളിലൊരാൾ യാക്കോബിന്റെ ദുഃഖിതനായ പിതാവിനോട് പറഞ്ഞു. മിശിഹായുടെ ശ്ലീഹാ ഇവിടെയുണ്ട് അവൻ മരിച്ച യുവാവിനുവേണ്ടി പ്രാർത്ഥിക്കട്ടെ. പിതാവിന്റെ സമ്മതം വാങ്ങിയ വിശ്വാസി ശ്ലീഹായെ വിളിച്ചുവരുത്തി. ശ്ലീഹാ പിതാവിനോടു ചോദിച്ചു: 'ക്രൂശിതനായവൻ ദൈവപുത്രനായ മിശിഹായാണെന്നു നീ വിശ്വസിക്കുന്നുവോ?' പിതാവു മറുപടി പറഞ്ഞു: 'ഞാൻ വിശ്വസിക്കേണ്ടതിന് എന്റെ പുത്രനെ ഉയിർപ്പിക്കണമേ, അവൻ ജീവിച്ചാൽ ക്രൂശിൽ മരിച്ചവൻ ജീവിക്കുന്ന ദൈവമാണെന്നു ഞാൻ വിശ്വസിച്ചുകൊള്ളാം'. ഉടനെ ശിമയോൻ ശ്ലീഹാ കിഴക്കോട്ടു തിരിഞ്ഞു പ്രാർത്ഥിച്ചു. ഞങ്ങളുടെ കർത്താവായ ഈശോമിശിഹായേ, പൊന്തിയോസ് പീലാത്തോസിന്റെ കാലത്തു ക്രൂശിതനായവനേ, അങ്ങ് ദൈവമാ

ണെന്ന് ഇവർ വിശ്വസിക്കുന്നതിന് അങ്ങയുടെ ഈ മകനെ ഉയിർപ്പിക്കേണമേ. അങ്ങനെ അങ്ങയുടെ നാമം പൂജിതമാകട്ടെ, ആ നാമത്തിൽ സകലരും വിശ്വസിക്കാൻ ഇടയാകട്ടെ. ശ്ലീഹാ മൃതശരീരത്തിന്റെ അടുത്തെത്തി അവനോടു പറഞ്ഞു: 'കർത്താവീശോമിശിഹായിൽ സകലരും വിശ്വസിക്കേണ്ടതിന് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ നീ എഴുന്നേൽക്കുക'. ഉടനെ മരിച്ചുകിടന്നവൻ കണ്ണു തുറന്നു. അവൻ എഴുന്നേറ്റിരുന്നു. അവനു ഭക്ഷണം കൊടുക്കാൻ ശിമയോൻ ശ്ലീഹാ കല്പിച്ചു. അവിടെ കൂടിയിരുന്നവരെല്ലാം ഇതു കണ്ടു വിശ്വസിച്ചു. അവർ ശ്ലീഹായുടെ മുൻപിൽ മുട്ടുകൾ മടക്കി. 'ഞങ്ങൾ എങ്ങനെയാണ് രക്ഷിക്കപ്പെടുന്നത് എന്ന് അവർ ചോദിച്ചു.' വിശ്വസിക്കുക, വിശ്വസിച്ചാൽ നിങ്ങൾ രക്ഷപ്രാപിക്കുമെന്ന് ശ്ലീഹാ പ്രത്യുത്തരമായി പറഞ്ഞു.

വൈരാഗ്യക്കാരനായ ശെമവൂൻ സിറിയയിലെ ആലപ്പോ, മാബൂഗ്, ക്ലേവോദിയ എന്നീ സ്ഥലങ്ങളിൽ സുവിശേഷമറിയിച്ചു (Abdul Ahad, 1948). ശ്ലീഹായുടെ ആസ്ഥാനം കൂറോസ് ആയിരുന്നുവെന്നും അവിടെ ഒരു ദൈവാലയം പണിതുവെന്നും കരുതപ്പെടുന്നു (Abdul Ahad, 1948; Joseph, 2005). വി. യൂദാശ്ലീഹായോടു കൂടെ വി. ശെമവൂൻ പേർഷ്യയിൽ വച്ച് മെയ് 10-ാം തീയതി രക്തസാക്ഷി മരണം (കുരിശിൽ തറയ്ക്കപ്പെട്ടു) പ്രാപിച്ചു (Hoever, 1989; Mc Birnie, 2002; Joseph, 2005).

## വിശുദ്ധ യൂദാ ശ്ലീഹാ
### (? - ഏ. ഡി. 50?)

പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരുവനായ യൂദാ (Juda or Judah) തദ്ദായി (Thaddaeus) എന്നും ലാബി (Labbaeus) എന്നും അറിയപ്പെടുന്നു. മത്തായി 10:4 ൽ തദ്ദായി എന്ന് മറുപേരുള്ള ലാബി എന്ന പരിഭാഷ ആധുനിക വിവർത്തകർ വിട്ടുകളഞ്ഞിരിക്കുന്നു.

ഗ്രീക്കു ഭാഷയിൽ 'യാക്കോബിന്റെ യൂദാ' (Juda of James) എന്നു പരാമർശിക്കുമ്പോൾ യാക്കോബിന്റെ മകനായ യൂദാ എന്നു തന്നെയാണർത്ഥം (Mc Birnie, 2002). 'യൂദാസ് യാക്കോബോസ്' എന്ന പദം ഗ്രീക്ക് ഭാഷയിൽനിന്ന് ഭാഷാന്തരം ചെയ്തപ്പോൾ ചിലർ 'യാക്കോബിന്റെ സഹോദരൻ' എന്നും (ലൂക്കൊ. 6:16) വേറെ ചിലർ 'യാക്കോബിന്റെ പുത്രൻ' (അപ്പൊ. പ്ര. 1:13) എന്നും ഭാഷാന്തരം ചെയ്തു. പ്ശീത്ത ബൈബിളിൽ ഈ ഭാഷാന്തരം കൃത്യമായി നടത്തിയിട്ടുണ്ട് (Abdul Ahad, 1948). യാക്കോബിന്റെ മകനായ യൂദ (യഹൂദ) എന്നതാണ് ശരി.

ഈസ്കറിയോത്ത യൂദായായി, യൂദാ ശ്ലീഹാ തെറ്റിദ്ധരിക്കപ്പെടാതിരിക്കുന്നതിന് ഈസ്കറിയോത്താവല്ലാത്ത യൂദാ (യോഹ. 14:22) എന്ന പ്രയോഗവും ശ്രദ്ധേയമാണ്. എന്നാൽ ചരിത്രകാരന്മാർക്കിടയിൽ യൂദായുടെ പിതാവായ യാക്കോബ് ആരെന്നത് തർക്കവിഷയമാണ്. സെബദി പുത്രനായ യാക്കോബിന്റെ മകനാണോ? (Mc Birnie, 2002) കർത്താവിന്റെ സഹോദരനായ യാക്കോബിന്റെ മകനാണോ? എന്നും സംശയം പ്രകടിപ്പിക്കുന്നവരുണ്ട്.

കർത്താവിന്റെ സഹോദരനായ യാക്കോബ് അവിവാഹിതനായിരുന്നു എന്നും സന്യാസജീവിതം നയിച്ചിരുന്നു എന്നും പല ചരിത്രകാരന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഊർശ്ലേമിന്റെ ഒന്നാമത്തെ പ്രധാനാചാര്യനും ശ്ലീഹായും സഹദായുമായ യാക്കോബിനെ അല്ല ഉദ്ദേശിച്ചിരിക്കുന്നത് എന്ന് വ്യക്തമാണ്. മാത്രവുമല്ല, യൂദാ എഴുതിയ ലേഖനത്തിൽ (1-ാം വാക്യം) യാക്കോബിന്റെ സഹോദരൻ യൂദാ എന്ന് ലേഖനകർത്താവ് സ്വയം പരിചയപ്പെടുത്തുന്നുണ്ട്.

സെബദി പുത്രനായ യാക്കോബിന്റെ പുത്രനാണ് യൂദാ എന്ന് കരുതുന്നത് യുക്തിഭദ്രമായിരിക്കുകയില്ല. കാരണം, സെബദി യുടെ കൊച്ചുമകന് (grandson) ശിഷ്യനാകാൻ പ്രായമുണ്ടാകുക സംഭവ്യമല്ല. യാക്കോബ് എന്നു പേരുള്ള ഒരാളുടെ പുത്രൻ (Joseph, 2005) എന്ന നിഗമനമായിരിക്കും ഏറ്റവും യോജിച്ചത്.

വി. യൂദാ ശ്ലീഹാ ശമര്യ, മെസപ്പൊട്ടോമിയ, (വടക്കൻ) പേർഷ്യ എന്നിവിടങ്ങളിൽ സുവിശേഷമറിയിച്ചു (Abdul Ahad, 1948; Mc Birnie, 2002). പേർഷ്യയിൽ വച്ച് വൈരാഗ്യക്കാരനായ ശെമവൂൻ ശ്ലീഹായെ കണ്ടുമുട്ടുകയും ഒന്നിച്ച് സുവിശേഷവേല ചെയ്യുകയും ചെയ്തു. വി. യൂദാ ശ്ലീഹായെ യർവാദാ ദ്വീപിൽ വച്ച് (Abdul Ahad, 1948)) കല്ലെറിഞ്ഞുകൊന്നുവെന്നും അതല്ല ബെയ്റൂട്ടിനടുത്തുള്ള അരാത്തസിൽ വച്ച് (Kallarangatt & Puthukulangara, 2001) രക്തസാക്ഷിയായി എന്നും ബെയ്റൂട്ടിൽ (ഓറൂദിൽ എന്ന് Joseph, 2005) അടക്കപ്പെട്ടുവെന്നും കരുതപ്പെടുന്നു. കബറടക്കപ്പെട്ട സ്ഥലം കാരാ കെലിസിയ (Kara Kelesia) ആണെന്നും അഭിപ്രായമുണ്ട് (Mc Birnie, 2002). വി. യൂദാ ശ്ലീഹായുടെ ഓർമ്മ മെയ് 10-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## വിശുദ്ധ ബർത്തുൽമായി ശ്ലീഹാ

**(? - എ. ഡി. 62?)**

ബർത്തുൽമായി ഗലീലയിലെ കൊത്തിനെ പട്ടണത്തിൽ ജനിച്ചു. ഇദ്ദേഹം ആശിർ ഗോത്രക്കാരനോ യിസ്സാഖർ ഗോത്രക്കാരനോ എന്ന് ഉറപ്പിച്ചു പറയത്തക്ക ചരിത്രരേഖകളില്ല (Abdul Ahad, 1948). ഇദ്ദേഹത്തിന്റെ ആദ്യത്തെ പേര് യേശു എന്നായിരുന്നു. ഗുരുവിന്റെ പേരിൽനിന്ന് വ്യത്യസ്തനായി അറിയപ്പെടുന്നതിന് (Joseph, 2005) തുൽമായിയുടെ പുത്രൻ (Son of Tolmai) എന്നർത്ഥമുള്ള ബർതുൽമായി എന്ന പേര് സ്വീകരിച്ചുവെന്ന് കരുതപ്പെടുന്നു (White, 1991).

സുവിശേഷങ്ങളിലും (മത്താ. 10:3; മർക്കൊ. 3:18; ലൂക്കൊ. 6:14) അപ്പൊ. പ്ര. 1:13ലും ബർത്തുൽമായിയുടെ പേര് ശ്ലീഹമാരുടെ പട്ടികയിൽ കാണാവുന്നതാണ്. എന്നാൽ യോഹന്നാന്റെ സുവിശേഷത്തിൽ (യോഹ. 21:2) പരാമർശിക്കുന്ന 'ഗലീലയിലുള്ള കാനയിലെ നഥനയേൽ' ബർത്തുൽമായി (Bartholomew) ആണെന്ന അഭിപ്രായം ചരിത്രകാരന്മാർക്കിടയിൽ പ്രബലമാണ് (Mc Birnie, 2002; Kallarangatt & Puthukulangara, 2001).

ഫിലിപ്പോസാണ് നഥാനിയേലെന്നു കരുതപ്പെടുന്ന ബർത്തുൽമായിയെ കണ്ടെത്തുന്നതും യേശുവിന്റെ അടുക്കൽ കൊണ്ടുവരുന്നതും (യോഹ. 1:45-51). ഫിലിപ്പോസും നഥാനിയേലും സ്നേഹിതന്മാരായിരുന്നു. അവർ മിശിഹായുടെ വരവിനെ കാത്തിരിക്കുന്നവരായിരുന്നു. ആ അവസരത്തിലാണ് ഫിലിപ്പോസിനെ യേശു വിളിക്കുന്നത് (യോഹ. 1:43). മിശിഹായെ അനുഗമിച്ച ഫിലിപ്പോസ് തന്റെ സ്നേഹിതനായ നഥാനിയേലിനെ ഈ കണ്ടെത്തൽ അറിയിക്കുന്നത് യാദൃശ്ചികമല്ല. 'ന്യായപ്രമാണത്തിൽ മോശെയും പ്രവാചകന്മാരും എഴുതിയിരിക്കുന്നവനെ കണ്ടെത്തിയിരിക്കുന്നു. അവൻ യൗസേഫിന്റെ പുത്രനായ യേശു എന്ന നസ്രേത്തുകാരൻ തന്നെ എന്നു പറഞ്ഞു' (യോഹ. 1:45). നസ്രത്തിൽ നിന്നും നന്മയുണ്ടാകാനിടയില്ല എന്നായിരുന്നു യെഹൂദന്മാരുടെ പരമ്പരാഗത വിശ്വാസം. ഇതിനു കാരണം പഴയ നിയമത്തിൽ നസ്രേത്തിനെക്കുറിച്ച് ഒന്നും പരാമർശിച്ചിട്ടില്ല എന്നതാണ്. ഫിലിപ്പോസ് നഥാനിയേലിനെ യേശുവിങ്കലേക്കു ക്ഷണിച്ചുകൊണ്ടു പറഞ്ഞു: 'വന്നു കാണുക'. യേശുവും നഥാനിയേലുമായുള്ള കൂടിക്കാഴ്ച വിശ്വാസത്തിന്റെയും കാത്തിരിപ്പിന്റെയും പൂർത്തീകരണത്തിന് കാരണമാകുന്നതായി കാണാം (യോഹ. 1: 47-51).

പെന്തിക്കൊസ്തിക്കുശേഷം യമൻ, അറേബ്യ, ഏഷ്യാമൈനർ, പാർത്യ (Parthia in modern Iran) എന്നീ സ്ഥലങ്ങളിൽ ബർത്തുൽമായി സുവിശേഷം അറിയിച്ചു (Encyclopeadia Britannica, 1988). ടർക്കിയിലെ ഹിരയാപ്പോലീസിൽ ഫിലിപ്പോസ് ശ്ലീഹായോടുകൂടി ക്രൂശിക്കപ്പെടാനിരുന്നെങ്കിലും (Mc Birnie, 2002) ആ സമയത്തുണ്ടായ ഭൂമികുലുക്കം നിമിത്തം (Abdul Ahad, 1948) രക്ഷപെട്ടു വലിയ അർമ്മേനിയയിലേക്ക് (Greater Armenia) പോയി. പിന്നീട് കാസ്പിയൻ കടലിനു സമീപമുള്ള ലുക്കാനിയ (Lycaonia, in modern Turkey) യിലെത്തി. ഈ സ്ഥലം Albanopolis അഥവാ Urbanopolis (Derband, on the west coast of the Caspian Sea) എന്നാണ് അക്കാലത്ത് അറിയപ്പെട്ടിരുന്നത്. ആധുനിക Azerbaijan എന്നറിയപ്പെടുന്ന ഈ സ്ഥലം ഇറാനിലും സോവിയറ്റ് യൂണിയനിലും ഉൾപ്പെട്ടു കിടക്കുന്നു (White, 1991; Mc Birnie, 2002).

അസർബൈജാനിൽ യാത്ര ചെയ്യുമ്പോൾ വിഗ്രഹാരാധന ക്കാരുടെ പ്രേരണയാൽ നാടുവാഴിയായ ഹേറസ്തിക് (അസ്ത്രി യാജിസ്, Astyages) ബർത്തുൽമായി ശ്ലീഹായെ തൊലിയുരിച്ച് തലകീഴായി ക്രൂശിച്ചു. ഈ സംഭവം നടന്നത് ആഗസ്റ്റ് 24-ാം തീയതിയാണെന്ന് ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടു ണ്ട്. സുറിയാനി സഭ പരിശുദ്ധ ബർത്തുൽമായി ശ്ലീഹായുടെ പെരുന്നാൾ ജൂൺ 11 -ാം തീയതി ആഘോഷിക്കുന്നു.

## വിശുദ്ധ മത്ഥിയാസ് ശ്ലീഹാ
### ( ? - ഏ. ഡി. 64?)

രൂബേൻ ഗോത്രക്കാരനായ മത്ഥിയാസ് ബേത്‌ലഹേമിൽ ജനിച്ചു (Abdul Ahad, 1948). കർത്താവ് നിയമിച്ച അറിയിപ്പുകാ രായ എഴുപതു പേരിൽ ഒരുവനാണ് മത്ഥിയാസെന്ന് ചരിത്ര കാരനായ യൂസേബിയോസ് അഭിപ്രായപ്പെട്ടിട്ടുണ്ട് (Hoever, 1989; Mc Birnie, 2002). ഒരു നല്ല കഴിവുറ്റ നായകനായി മത്ഥിയാസ് വിളങ്ങിയതുകൊണ്ടായിരിക്കണം ശ്ലീഹാസ്ഥാനത്തേക്കുള്ള തെ രഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായത്.

യേശുവിനെ കാണിച്ചുകൊടുത്ത ഈസ്കര്യോത്ത യൂദ യ്ക്കു പകരം തെരഞ്ഞെടുക്കപ്പെട്ട ശ്ലീഹായാണ് മത്ഥിയാസ്. യെരൂശലേമിൽ വി. മർക്കൊസിന്റെ മാളികയിൽ നൂറ്റി ഇരുപ തു പേരുള്ള ഒരു സംഘം കൂടിയിരിക്കുമ്പോൾ ശ്ലീഹന്മാരുടെ തലവനായ പത്രൊസ് ഒരു ശ്ലീഹായെ തെരഞ്ഞെടുക്കണമെന്ന ആവശ്യം വിശദീകരിക്കുന്നതായിക്കാണാം (അപ്പൊ. പ്ര. 1:15-22). യേശുവിനെ ഒറ്റിക്കൊടുത്ത യൂദാ, ശ്ലീഹന്മാരുടെ എണ്ണത്തിൽ ഉൾപ്പെട്ടവനായിരുന്നു എങ്കിലും അവൻ അധ്യക്ഷസ്ഥാനം നഷ് ടപ്പെടുത്തിയതിനാൽ മറ്റൊരാളെ തെരഞ്ഞെടുക്കേണ്ട സാഹ ചര്യവും ആ തെരഞ്ഞെടുക്കപ്പെടേണ്ട ആളിന്റെ യോഗ്യതയും പത്രൊസ് ശ്ലീഹാ വിശദീകരിക്കുന്നുണ്ട്.

''ആകയാൽ യോഹന്നാന്റെ മാമോദീസാ മുതൽ യേശു നമ്മുടെ അടുക്കൽ നിന്ന് സ്വർഗ്ഗാരോഹണം ചെയ്ത നാൾവരെ താൻ നമ്മുടെ ഇടയിൽ സഞ്ചരിച്ച കാലത്തെല്ലാം ഞങ്ങളോടു

കൂടെയുണ്ടായിരുന്നവരിൽ ഒരാളിനെ നമ്മുടെ കർത്താവായ യേശു മശിഹായുടെ ഉയിർത്തെഴുന്നേൽപ്പിന് ഞങ്ങളോടൊരുമിച്ച് സാക്ഷിയായിരിപ്പാൻ-ആവശ്യമാകുന്നു'' (അപ്പൊ. പ്ര. 1:21-22). അവർ യൂസ്തോസ് എന്ന മറുനാമമുള്ള ബർശബ എന്നു വിളിക്കപ്പെടുന്ന യൗസേഫ്, മത്ഥിയാസ് എന്നീ രണ്ടു പേരെ നിർദേശിച്ച് പ്രാർത്ഥിച്ചു. എല്ലാവരുടെയും ഹൃദയത്തിലുള്ളവയെ അറിയുന്നവനായ കർത്താവേ, യൂദാ വേർപെട്ടു പോയ ശുശ്രൂഷയുടെയും ശ്ലൈഹികസ്ഥാനത്തിന്റെയും അവകാശം വഹിക്കുവാനായി ഈ രണ്ടുപേരിൽ ആരെയാണ് അവിടുന്ന് തെരഞ്ഞെടുക്കുന്നത് എന്നു കാണിക്കണമേ. അനന്തരം അവർ ചീട്ടിട്ടു. ചീട്ട് മത്ഥിയാസിനു വീഴുകയും അവൻ പതിനൊന്നു ശ്ലീഹന്മാരോടു കൂടെ എണ്ണപ്പെടുകയും ചെയ്തു.

വി. മത്ഥിയാസ് ശ്ലീഹാ പലസ്തീനിലും കപ്പദൂക്കിയായിലും അബ്സീനിയായിലും സുവിശേഷം അറിയിച്ചു (Abdul Ahad, 1948). അർമ്മേനിയൻ പാരമ്പര്യത്തിൽ ബർത്തുൽമായി, കനാനായക്കാരനായ ശീമോൻ, അന്ത്രയോസ്, തദ്ദേവൂസ്, മത്ഥിയാസ് എന്നിവർ ആ ദേശത്തിന്റെ സുവിശേഷീകരണത്തിൽ മുഖ്യപങ്ക് വഹിച്ചവരാണ് (Mc Birnie, 2002).

വി. മത്ഥിയാസ് ശ്ലീഹായുടെ രക്തസാക്ഷി മരണത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. അതിലൊന്ന് യെരുശലേമിൽവച്ച് യെഹൂദന്മാരാൽ എ. ഡി. 64 മെയ് 14-ാം തീയതി കല്ലെറിഞ്ഞ് കൊല്ലപ്പെട്ടു എന്നുള്ളതാണ് (Abdul Ahad, 1948; Mc Birnie 2002). മറ്റൊന്ന് ഏഷ്യാമൈനറിലെ ഒരു ജില്ലയായ കോൾക്കിസിൽ (Colchis, Ethiopia?) വച്ച് രക്തസാക്ഷിയായി എന്നും കരുതപ്പെടുന്നു (Hoever, 1989; White, 1991).

വി. മത്ഥിയാസ് ശ്ലീഹായുടെ തിരുശേഷിപ്പ് ഹെലനി രാജ്ഞി (എ. ഡി. 311-328?) റോമിലേക്ക് കൊണ്ടുപോയി എന്നും പിന്നീട് ജർമ്മനിയിലെ ട്രയറിലേക്കു (Trier) മാറ്റി സ്ഥാപിച്ചു എന്നും കരുതപ്പെടുന്നു (Mc Birnie, 2002). വി. മത്ഥിയാസ് ശ്ലീഹായുടെ ഓർമ്മ 12 ശ്ലീഹാമാരുടെ ഓർമ്മ നടത്തുന്ന ജൂൺ 30-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു. ചില പുരാതന സഭാ കലണ്ടറുകളിൽ മാർച്ച് 4നും ആഗസ്റ്റ് 24നും ഈ ഓർമ്മ ആചരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു.

# വിശുദ്ധ അബഹായ് സഹദാ
(ഏ. ഡി. 345? - 455?)

മെത്രാപ്പോലീത്തയായിരുന്ന വി. അബഹായ് സഹദായെ സംബന്ധിച്ചുള്ള ചരിത്രവസ്തുതകൾ ലഭ്യമല്ല. സുറിയാനി സഭാ കലണ്ടറിൽ മഹീർശാബോർ എന്നു പറയപ്പെടുന്ന മോർ അബഹായ് സഹദാ എന്നു പരാമർശിച്ചിട്ടുണ്ടെങ്കിലും മഹീർ ശാബോർ എന്ന വിശേഷണത്തിന്റെ വിശദാംശങ്ങൾ ലഭ്യമായി ട്ടില്ല. ലഭ്യമായ വിവരണങ്ങൾ നഷ്ടപ്പെടാതെ അടുത്ത തലമുറ യ്ക്കു കൈമാറുന്നത് പ്രയോജനകരമാകുമെന്ന ചിന്തയിലാണ് വി. കുർബാനയിലെ അഞ്ചാം തുബ്ദേനിൽ അനുസ്മരിക്കുന്ന ഈ വിശുദ്ധന്റെ ലഭ്യമായ ചരിത്ര വസ്തുതകൾ ഇതിൽ ഉൾ പ്പെടുത്തിയിരിക്കുന്നത്.

അബഹായ്, മർദ്ദീനിലുള്ള (Mardin, Turkey) റക്സാൻ (Rak-san) എന്ന ഗ്രാമത്തിൽ 4-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ജനിച്ചു (Philip Joseph, 1969). ഇദ്ദേഹം ദയറാക്കാരനാകുകയും കർക്കാർ (Karkar) മലമുകളിൽ ഒരു ദയറാ പണിയിക്കുകയും തന്റെ സ്വ ത്തു മുഴുവനും ദരിദ്രർക്ക് ഭാഗിച്ചു കൊടുക്കുകയും ചെയ്തു. ഈ ദയറാ അബഹായിയുടെ ദയറാ എന്നും Monastery of Ladders എന്നും അറിയപ്പെട്ടിരുന്നു. മർദ്ദീനിലെ ക്രിസ്റ്റഫർ മെത്രാപ്പോ ലീത്ത അബഹായിയെ പുരോഹിതനാക്കി.

ഏ. ഡി. 1185ൽ മഹാനായ മിഖായേൽ റാബോ പാത്രിയർ ക്കീസ് ബാവ, മോർ അബഹായിയുടെ ചരിത്രം പരിഷ്കരിച്ച് ക്രമീകരിച്ചിട്ടുണ്ട് (Aphrem I, 2000). തിയോഡോഷ്യസ് രാജാവി ന്റെ കാലഘട്ടത്തിൽ പരിശുദ്ധന്മാരുടേതെന്ന് കരുതപ്പെടുന്ന ധാരാളം അസ്ഥികൾ സൂക്ഷിച്ചിരുന്നു. മോർ അബഹായിയുടെ ഉപദേശപ്രകാരം സാക്ഷാൽ തിരുശേഷിപ്പുകൾ പരിശോധിക്കണ മെന്ന് തീരുമാനിച്ചു. അസ്ഥികളെല്ലാം അഗ്നിയിലിടുകയും ചില അസ്ഥികൾ ദഹിച്ചുപോകാതെ ശോഭിക്കുന്നതായി കാണുകയും അവ പ്രത്യേക സ്ഥലത്ത് ബഹുമാനത്തോടെ സൂക്ഷിക്കുകയും അവമൂലം വിശ്വാസികൾക്ക് പല പുണ്യങ്ങളും ലഭിക്കുകയും ചെയ്തു (Joseph, 2005).

തിയോഡോഷ്യസ് രണ്ടാമൻ ചക്രവർത്തിയുടെ സ്നേഹിതനായിരുന്നു മോർ അബഹായ് എങ്കിലും ഈ പരിശുദ്ധനെ സംബന്ധിക്കുന്ന വിവരങ്ങൾ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടില്ല. നിഖ്യായിലെ മെത്രാപ്പോലീത്തന്മാരുടെ പട്ടികയിലും ഇദ്ദേഹത്തിന്റെ പേര് ഉൾപ്പെടുത്തിയിട്ടില്ല (Aphrem I, 2000). മോർ അബഹായിയെ പ്രശംസിച്ചുകൊണ്ട് സാരൂഗിലെ മോർ യാക്കോബ് ഒരു പദ്യം രചിച്ചിട്ടുണ്ട്.

മോർ അബഹായ് 32 വർഷം (നിഖ്യായിലെ?) മെത്രാപ്പോലീത്തയായി സഭയെ സേവിച്ചു. 110-ാമത്തെ വയസ്സിൽ കാലം ചെയ്തു എന്നും (Joseph Kulatramannil, 1992) അതല്ല, രക്തസാക്ഷിയായെന്നും കരുതപ്പെടുന്നു. ഇദ്ദേഹം ജീവിച്ചിരുന്നപ്പോൾ തന്നെ ഒരു വിശുദ്ധനായി അറിയപ്പെടുകയും അനേകർ ഈ വിശുദ്ധന്റെ മധ്യസ്ഥ പ്രാർത്ഥനയാൽ സുഖപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ പരിശുദ്ധന്റെ ഓർമ്മ ഒക്ടോബർ 1-ാം തീയതി സുറിയാനി സഭ ആഘോഷിക്കുന്നു.

## വിശുദ്ധ പെലാജിയ

**(എ.ഡി. 290? - 305)**

രക്തസാക്ഷികളുടെ പട്ടികയിൽ പെലാജിയ (Pelagia) എന്ന പേരിൽ കുറഞ്ഞത് മൂന്നു വിശുദ്ധകളെ പരാമർശിച്ചിരിക്കുന്നതായി കാണാവുന്നതാണ്. 1) വേശ്യയായിരുന്ന വി. പെലാജിയ (പെരുന്നാൾ - ആഗസ്റ്റ് 29), 2) തർസോസിലെ രക്തസാക്ഷിയായ വി. പെലാജിയ (പെരുന്നാൾ - മെയ് 5 ) അന്ത്യോഖ്യയിൽ രക്തസാക്ഷിയായ വി. പെലാജിയ (പെരുന്നാൾ - ഒക്ടോബർ 8). മേൽപ്പറഞ്ഞ വിശുദ്ധകളിൽ അന്ത്യോഖ്യക്കു സമീപമുള്ള തർസോസിലെ പെലാജിയ, അന്ത്യോഖ്യയിലെ പെലാജിയ തന്നെയാണെന്നും അഭിപ്രായമുണ്ട് (www.catholic.org).

അന്ത്യോഖ്യയിൽ വേശ്യയായിരുന്ന പെലാജിയ ഒരു സുന്ദരിയും നടിയും നൃത്തം ചെയ്യുന്നവളുമായിരുന്നു. വിശുദ്ധ നൊണ്ണസ്സിന്റെ (Nonnus) ഉപദേശത്താൽ മാനസാന്തരപ്പെട്ട

പെലാജിയ സന്യാസം സ്വീകരിച്ച് ഊർശ്ലേമിലേക്കു പോയി. അവിടെ ഒലിവുമലയിലെ ഒരു മലയിൽ സന്യാസിനിയായി വിശുദ്ധയായിത്തീർന്നു. ഈ വിശുദ്ധയുടെ ഓർമ്മ ആഗസ്റ്റ് 29-ാം തീയതി ആഘോഷിക്കുന്നു.

അന്ത്യോഖ്യയിൽ ജീവിച്ചിരുന്ന പെലാജിയ മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ (ഏ. ഡി. 290?) ജനിച്ചു. അന്ത്യോഖ്യയിലെ വിദ്യാലയത്തിൽ മോർ ലുക്കിയാനോസിന്റെ (St. Lucian) ശിഷ്യയായിരുന്നു പെലാജിയ (Abdul Ahad, 1948; White, 1991). ക്രിസ്തീയ വിശ്വാസം സ്വീകരിച്ചിരുന്നവരെ കഠിനമായി പീഡിപ്പിച്ചിരുന്ന ഒരു കാലമായിരുന്നു അത്. സ്ത്രീകളെ നഗ്നരാക്കി തലകീഴായി കെട്ടിത്തൂക്കുക, വൃക്ഷങ്ങളുടെ അകന്നു നില്ക്കുന്ന കൊമ്പുകളടുപ്പിച്ച് ഓരോ കാൽ ഓരോ കൊമ്പിൻമേൽ കെട്ടിയിട്ട് രണ്ടായി പിളർക്കുക, ഗർഭിണികളെ വെട്ടി പിളർക്കുക എന്നീ ക്രൂരകൃത്യങ്ങളാണ് അന്ന് നടമാടിയിരുന്നത് (Abdul Ahad, 1948).

പെലാജിയയ്ക്ക് പതിനഞ്ച് വയസ്സുള്ളപ്പോൾ (ഏ. ഡി. 305) ഡയോക്ലീഷ്യൻ ചക്രവർത്തിയുടെ ആജ്ഞയനുസരിച്ച് മക്സിമിയാനോസ് പീഡകൾക്ക് നേതൃത്വം നൽകി. പടയാളികൾ പെലാജിയയെ പിടിച്ചുകൊണ്ടുപോകുന്നതിന് വീട്ടിൽ വന്നപ്പോൾ വീട്ടിൽ മറ്റാരും ഉണ്ടായിരുന്നില്ല. പെലാജിയ വസ്ത്രം മാറുന്നതിന് അനുവാദം ചോദിച്ചു. പടയാളികൾ അനുവദിച്ചപ്പോൾ അവൾ തട്ടിനുമുകളിൽ കയറി താഴേയ്ക്കു (കടലിലേക്ക്?) ചാടി മരണം വരിച്ചു. സഭാപിതാക്കന്മാരായ വി. അമ്പ്രോസും സ്വർണ്ണനാവുകാരനായ വി. ഇവാനിയോസും (John Chrysostom) കന്യകാത്വം സംരക്ഷിക്കാനുള്ള പെലാജിയയുടെ ഉത്തമ മാതൃകയെ പുകഴ്ത്തിയിട്ടുണ്ട് (Hoever, 1989). ഈ വിശുദ്ധയുടെ ഓർമ്മ ഒക്ടോബർ 8-ാം തീയതി സഭ ആഘോഷിക്കുന്നു.

# അൽഫായി പുത്രനായ വിശുദ്ധ യാക്കോബ് ശ്ലീഹാ
## (ബി. സി. 24? - ഏ. ഡി. 62?)

അൽഫായിയുടെ (Alphaeus) മകനായ യാക്കോബ് (ബർ ഹൽഫായി ശെമവൂൻ) യേശുവിന്റെ മാതുലനാണ് (White, 1991). ഗലീല കടലിന്റെ വടക്കുപടിഞ്ഞാറെ തീരത്തുള്ള കഫർന്നഹൂമിലാണ് യാക്കോബ് ശ്ലീഹാ ജനിച്ചത് (Mc Birnie, 2002). ഇദ്ദേഹം മനശ്ശെ ഗോത്രക്കാരനും ഒരു ചുങ്കക്കാരനുമായിരുന്നു (Abdul Ahad, 1948). യാക്കോബിന്റെ അമ്മയായ മറിയം, വി. കന്യകമറിയാമിന്റെ സഹോദരിയാണെന്ന് അഭിപ്രായമുണ്ട് (Hoever, 1989).

കർത്താവിന്റെ കുരിശിനരികെ മഗ്ദലനക്കാരത്തി മറിയവും ചെറിയ (ഇളയ) യാക്കോബിന്റെയും യോസെയുടെയും അമ്മ മറിയവും ശലോമിയും (ശോലൂം) ഉണ്ടായിരുന്നു (മർക്കൊ. 15:40). യേശുവിന്റെ കുരിശിനരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലെയോപ്പാവിന്റെ ഭാര്യ മറിയവും മഗ്ദലനക്കാരത്തി മറിയവും നിന്നിരുന്നു (യോഹ. 19:25). യാക്കോബിന്റെ അമ്മയായ മറിയം കുരിശിനരികെ നിൽക്കുന്നതായി മർക്കോസിന്റെ സുവിശേഷത്തിൽ പരാമർശിക്കുമ്പോൾ ക്ലേയോപ്പാവിന്റെ ഭാര്യ മറിയം എന്നാണ് യോഹന്നാന്റെ സുവിശേഷത്തിൽ പരാമർശിക്കുന്നത്. ഹൽപ്പായി (Halpphai) എന്ന എബ്രായ പേരിന്റെ തത്തുല്യ ഗ്രീക്ക് നാമമാണ് ക്ലെയോപ്പ (Cleopas) എന്നത് (Kallarangatt & Puthukulangara, 2001).

സെബദി പുത്രനായ യാക്കോബിനേക്കാൾ പ്രായത്തിൽ കുറഞ്ഞവനായതിനാൽ ഹൽഫായിയുടെ മകനായ യാക്കോബ് ചെറിയ യാക്കോബ് എന്നും സെബദിപുത്രനായ യാക്കോബ് വലിയ യാക്കോബ് എന്നും അറിയപ്പെടുന്നു.

ചെറിയ യാക്കോബും കർത്താവിന്റെ സഹോദരനായ യാക്കോബും ഒരേ വ്യക്തിയാണെന്ന വിഷയം ഏറെ ഗവേഷണം ചെയ്യപ്പെട്ടിട്ടുണ്ട് (Mc Birnie, 2002). ഊർശ്ലേമിന്റെ ഒന്നാമത്തെ പ്രധാനാചാര്യനും യെരൂശലേം സഭയിലെ പ്രധാനിയുമായ യാക്കോബ് കർത്താവിന്റെ സഹോദരനാണ്. ഇദ്ദേഹം നീതിമാനായ

യൗസേഫിന്റെ ആദ്യ ഭാര്യയിലുള്ള മകനാണ് (Joseph, 2005, p. 21; Abdul Ahad, 1948, p.217). കർത്താവിന്റെ സഹോദരനായ യാക്കോബ് ശിഷ്യന്മാരുടെ ഗണത്തിൽ ഉൾപ്പെട്ടിരുന്നില്ല.

ചെറിയ യാക്കോബ് ഏ. ഡി. 28ൽ മിശിഹായുടെ ശിഷ്യനായി (Abdul Ahad, 1948). പെന്തിക്കോസ്തി നാളിൽ പരിശുദ്ധാത്മാവിനെ പ്രാപിച്ചശേഷം ഗാസാ, സൂർ, അറേബ്യ പ്രദേശങ്ങൾ, ഈജിപ്റ്റ് എന്നീ സ്ഥലങ്ങളിൽ സുവിശേഷം അറിയിച്ചു. യാക്കോബ് ശ്ലീഹാ ഈജിപ്റ്റിൽവച്ച് ക്രൂശിക്കപ്പെട്ടുവെന്നു കരുതുന്നു. വി. യാക്കോബ് ശ്ലീഹായുടെ ഓർമ്മ ഒക്ടോബർ 23-ാം തീയതി സഭ ആഘോഷിക്കുന്നു.

## വിശുദ്ധ ഫിലിപ്പോസ് ശ്ലീഹാ
**(ഏ. ഡി. 3? - 89/90)**

ഫിലിപ്പോസ് ബെദ്സൈദായിൽ ജനിച്ചു. (യോഹ. 1:44; 12:21) ഇദ്ദേഹം പത്രോസിന്റെ സുഹൃത്തും ഒരു മീൻപിടുത്തക്കാരനും ആയിരുന്നു. ഫീലിപ്പോസ് സെബലൂൻ ഗോത്രക്കാരനോ ആശീർഗോത്രക്കാരനോ എന്ന് ഖണ്ഡിതമായി പറയുന്നതിന് മതിയായ ചരിത്രരേഖകളില്ല. ഫിലിപ്പോസ് എന്ന ഗ്രീക്ക് പദത്തിന് കുതിരയുടെ സ്നേഹിതൻ എന്നാണർത്ഥം.

യേശു ഫിലിപ്പോസിനോട്: 'എന്നെ അനുഗമിക്ക' എന്ന് കല്പിച്ചതനുസരിച്ച് യേശുവിനെ അനുഗമിച്ചു. അതിനടുത്ത ദിവസം തന്നെ ഫിലിപ്പോസ് സ്നേഹിതനായ നാഥാനിയേലിനെ കണ്ട് അവനെ യേശുവിന്റെ അടുക്കലേക്ക് ആനയിച്ചു (യോഹ. 1:43-51). നഥാനിയേൽ യേശുവിൽ വിശ്വസിക്കുന്നതിനിടയായത് ഫിലിപ്പോസിന്റെ ക്രിസ്തീയ ദൗത്യത്തിന്റെ ആദ്യഫലമാണെന്നു പറയാം.

കർത്താവ് അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ച സന്ദർഭത്തിൽ ഇവരെല്ലാം ഭക്ഷണം കഴിക്കത്തക്കവണ്ണം നാം

എവിടെനിന്ന് അപ്പം വാങ്ങും എന്ന് ഫിലിപ്പോസ് യേശുവിനോട് ചോദിക്കുന്നതായിക്കാണാം (യോഹ. 6:5-13). ശ്ലൈഹിക സമൂഹത്തിന്റെ കാര്യാന്വേഷകനായിരുന്നു ഫിലിപ്പോസ് ശ്ലീഹാ എന്ന് ഇതിൽനിന്നും മനസ്സിലാക്കാവുന്നതാണ്.

ക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷയുടെ അന്ത്യനാളുകളിൽ, പെസഹാ പെരുനാളിൽ സംബന്ധിക്കുന്നതിനായി ഏതാനും ഗ്രീക്കുകാർ വന്നിരുന്നു. അവർ ഫിലിപ്പോസിനോട് യേശുവിനെ കാണാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞു (യോഹ. 12 : 20-22). ഫിലിപ്പോസ് എന്ന പേര് ഒരു സാധാരണ ഗ്രീക്ക് നാമമായതുകൊണ്ടായിരിക്കാം അവർ ഫിലിപ്പോസിനോട് ഈ ആവശ്യം ഉന്നയിച്ചത്. ഫിലിപ്പോസ് വിജാതീയരുടെ സ്നേഹിതനായതിനടിസ്ഥാനം അദ്ദേഹത്തിന്റെ ഗ്രീക്കുനാമമാണെന്ന് അഭിപ്രായമുണ്ട്.

കർത്താവിന്റെ അന്ത്യ പ്രബോധനത്തിൽ 'നിങ്ങളുടെ ഹൃദയം ചഞ്ചലപ്പെടരുത്; ദൈവത്തിൽ വിശ്വസിപ്പിൻ, ... എന്നിൽ കൂടെയല്ലാതെ ആരും എന്റെ പിതാവിന്റെ സന്നിധിയിലേക്കു വരികയില്ല. എന്നെ നിങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ എന്റെ പിതാവിനെയും നിങ്ങൾ അറിയുമായിരുന്നു' എന്നിങ്ങനെ പറഞ്ഞപ്പോൾ ഫിലിപ്പോസിന് കാര്യങ്ങൾ വ്യക്തമായില്ല. ഫിലിപ്പോസ് യേശുവിനോട്: 'മോറാൻ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരേണമേ, ഞങ്ങൾക്ക് അതു മതി എന്നു പറഞ്ഞു' (യോഹ. 14:1 - 14). അതിനു യേശു: ഈ കാലമെല്ലാം ഞാൻ നിങ്ങളോടുകൂടെയിരുന്നിട്ടും ഫിലിപ്പോസേ നീ എന്നെ അറിഞ്ഞില്ലയോ? യേശുവിനെ കാണുന്നവൻ ദൈവത്തെ കാണുന്നുവെന്ന ക്രൈസ്തവ മാർഗത്തിന്റെ അടിസ്ഥാനം ഫിലിപ്പോസ് അന്നു ഗ്രഹിച്ചു.

ഫിലിപ്പോസ് ശമര്യയിൽ (ഏ. ഡി. 36) സുവിശേഷം പ്രസംഗിച്ചു. മാന്ത്രികവിദ്യ നടത്തിയിരുന്ന സീമോൻ ഫിലിപ്പോസിൽ നിന്ന് മാമോദീസ സ്വീകരിച്ചു (അപ്പൊ. പ്ര. 8:9-12). ഗാസയിൽവച്ച്, എത്യോപ്യായിൽ നിന്ന് യെരൂശലേമിൽ വന്ന ഷണ്ഡനെ ഫിലിപ്പോസ് സ്നാനപ്പെടുത്തി (അപ്പൊ. പ്ര. 8:35-39).

ഫിലിപ്പോസ് ശ്ലീഹായ്ക്കു ഹോർമിയോൻ, കാർലൈൻ, ഇറാ യിസ്, യൂറ്റികെയിൻ എന്നീ നാലു പെൺമക്കളുണ്ടായിരുന്നു (Kallarangatt & Puthukulangara, 2001). മൂന്നു പെൺമക്കളായിരു ന്നുവെന്നും (Abdul Ahad, 1948) രേഖപ്പെടുത്തിയിട്ടുണ്ട്. ഫിലി പ്പോസ് ശ്ലീഹായുടെ ഭാര്യയും മക്കളും സുവിശേഷവേലയിൽ അദ്ദേഹത്തെ സഹായിച്ചിരുന്നു. ഏ. ഡി. 90 നോടടുത്ത് (ഏ. ഡി. 80?) 87-ാമത്തെ വയസ്സിൽ ടർക്കിയിലെ ഹിരാപ്പോലീസിൽ വച്ച് (Mc Birnie, 2002) ഫിലിപ്പോസ് ശ്ലീഹാ രക്തസാക്ഷി മരണം വരിച്ചു. ഹിരാപ്പോലീസ് ലവദോസ്യായിൽ നിന്ന് 6 മൈലും കൊലോസ്യയിൽ നിന്ന് 16 മൈലും ദൂരത്തിൽ സ്ഥിതി ചെ യ്യുന്ന പട്ടണമാണ്. ഡൊമനീഷ്യൻ ചക്രവർത്തിയുടെ കാലത്ത് തലകീഴായി കുരിശിൽ തൂക്കിയെന്നാണ് പല ചരിത്രകാരന്മാരും രേഖപ്പെടുത്തിയിരിക്കുന്നത്. വിശുദ്ധ ഫിലിപ്പോസ് ശ്ലീഹായുടെ ഓർമ്മ നവംബർ 14-ാം തീയതി സഭ ആഘോഷിക്കുന്നു.

## വിശുദ്ധ അന്ത്രയോസ് ശ്ലീഹാ

**(? - c. ഏ. ഡി. 69?)**

ശെമവൂൻ പത്രോസിന്റെ സഹോദരനായ അന്ത്രയോസ് ഗ ലീലയിലെ ബെത്സൈദാ പട്ടണത്തിൽ ജനിച്ചു (യോഹ. 1:44). നസ്രത്തിൽനിന്നും 25 മൈൽ കിഴക്കുമാറി ഗലീല കടലിന്റെ വടക്കേതീരത്ത് സ്ഥിതിചെയ്യുന്ന പട്ടണമാണ് ബെദ്സൈദാ. അന്ത്രയോസിന്റെ പിതാവിന്റെ പേര് യോന (Jonah or John; see Mathew 16:17; John 1:44) എന്നും മാതാവിന്റെ പേര് ജോവാന (Joanna) എന്നുമായിരുന്നു (Mc Birnie, 2002).

അന്ത്രയോസ് ആദ്യം യോഹന്നാൻ മാംദാനയുടെ ശിഷ്യ നായിരുന്നു. യോഹന്നാനെ അനുഗമിച്ച അന്ത്രയോസ് യോഹ ന്നാനിൽ നിന്ന് യേശുവിനെക്കുറിച്ച് സാക്ഷ്യം കേട്ടു. 'ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്' (യോഹ. 1:29). ഈ സാക്ഷ്യം യേശുവിനെ അനുഗമിക്കുന്നതിന് കാരണമായി. താൻ കണ്ടെത്തിയ മിശിഹായെ, അന്ത്രയോസ്,

സഹോദരനായ പത്രോസിന് പരിചയപ്പെടുത്തുന്നു (യോഹ. 1:41-42). ക്രൈസ്തവ സുവിശേഷദൗത്യത്തിന്റെ പ്രായോഗിക സമീപനമാണിവിടെ പ്രകടമാകുന്നത്.

ആദ്യം വിളിക്കപ്പെട്ടവൻ എന്ന അർത്ഥത്തിൽ പ്രോട്ടാ ക്ലേറ്റോസ് എന്ന വിശേഷണം അന്ത്രയോസിന് നൽകിയിട്ടുണ്ട് (Kallarangatt & Puthukulangara, 2001). അന്ത്രയോസ് അവിവാഹിതനായിരുന്നു എന്ന് കരുതപ്പെടുന്നു. യോഹന്നാൻ മാംദാനയുടെ ശിഷ്യനായിരുന്നതുകൊണ്ടാകാം കർശനമായ വ്രതാനുഷ്ഠാനങ്ങൾ പാലിച്ച് സന്യാസജീവിതം നയിച്ചിരുന്നതെന്ന് അനുമാനിക്കാം.

അന്ത്രയോസിന്റെ ജ്യേഷ്ഠനാണ് പത്രോസ് എന്ന വാദം പ്രബലമാണ്. അന്നത്തെ സമൂഹം ജ്യേഷ്ഠന് അനുജനേക്കാൾ പ്രാമുഖ്യം നൽകിയിരുന്നു. അതുകൊണ്ടായിരിക്കണം ശ്ലീഹായെ പ്രധാനിയാക്കിയതെന്ന് കരുതപ്പെടുന്നു. ശ്ലീഹന്മാരുടെ പട്ടികയിൽ അന്ത്രയോസ് രണ്ടാമനായും (മത്താ. 10:2; ലൂക്കൊ. 6:14) മറ്റുചില സന്ദർഭങ്ങളിൽ നാലാമനായും കാണുന്നു (മർക്കൊ. 3:18; 13:3; അപ്പൊ. പ്ര. 1:13).

അന്ത്രയോസ് ശ്ലീഹാ മറ്റുള്ളവരെ യേശുവിന് പരിചയപ്പെടുത്തുന്ന യഥാർത്ഥ ക്രിസ്ത്യാനിയാണ്. തന്റെ സഹോദരനായ പത്രോസിനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നതുപോലെ (യോഹ. 1:41-42) അഞ്ചപ്പംകൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ച സംഭവത്തിന് കാരണമായ, അപ്പം കൈവശമുണ്ടായിരുന്ന ബാലനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നതും (യോഹ. 6:8-9) അന്ത്രയോസാണ്.

സുവിശേഷവേലയ്ക്കായി ഏ. ഡി. 41നു ശേഷം യോർദ്ദാൻ, അറേബ്യ, ഫിനിഷ്യ (ആധുനിക ലബനോൻ) ഒസ്രയോൻ (തെക്കുകിഴക്കൻ ടർക്കി) എന്നീ രാജ്യങ്ങളിലെ അറമായ ഭാഷ സംസാരിക്കുന്നവരുടെ ഇടയിൽ ആദ്യം സുവിശേഷം അറിയിച്ചു എന്ന് കരുതപ്പെടുന്നു (Kallarangatt & Puthukulangara, 2001). കൂടാതെ കരിങ്കടലിനു ചുറ്റുമുള്ള കപ്പദോക്യ, ബിഥിനിയ, ഗലാത്തിയ എന്നീ സ്ഥലങ്ങളിൽ സഞ്ചരിച്ച് ആഖായിലേക്കു പോകുകയും ചെയ്തു (Abdul Ahad, 1948).

അന്ത്രയോസ് ശ്ലീഹായുടെ രക്തസാക്ഷി മരണം ഒരു റോമൻ പ്രവിശ്യ ഗവർണറുടെ കോപം മൂലമായിരുന്നു. ആഖായിയായിലെ (Achaia or Acaia) പെത്രാസ് (Patras or Patrae, Greece) എന്ന സ്ഥലത്തെത്തിയപ്പോൾ അവിടത്തെ ഗവർണ്ണറായ ഈജിയൂസിന്റെ (BPnb, Aegeates or Aeagass or Aigeatis) ഭാര്യ മാക്സിമില്ല (മക്സിമീല, ങമഃശാശഹഹമ) രോഗം ബാധിച്ച് അത്യാസന്ന നിലയിൽ കിടക്കുകയായിരുന്നു. ശ്ലീഹായെ ഇക്കാര്യമറിയിച്ചതനുസരിച്ച് ശ്ലീഹാ എത്തിയപ്പോൾ കണ്ട കാഴ്ച ഇപ്രകാരമായിരുന്നു. ഭാര്യ മരിക്കുമ്പോൾ ആത്മഹത്യ ചെയ്യുവാനായി ഈജിയൂസ് വാളൂരിപ്പിടിച്ചുനിൽക്കുന്നു. ശ്ലീഹാ പ്രാർത്ഥിച്ചു സൗഖ്യം പ്രാപിച്ചതിനാൽ മാക്സിമില്ല മിശിഹായെ രക്ഷകനായി സ്വീകരിച്ചു. അവളുടെ ഭർത്തൃസഹോദരനായ സ്ട്രോറ്റോകോസും ക്രിസ്തീയ വിശ്വാസം സ്വീകരിച്ചു. തന്റെ ഭാര്യയെയും സഹോദരനെയും ക്രിസ്ത്യാനിയാക്കിയതിൽ കോപിഷ്ഠനായ ഈജിയൂസ് അന്ത്രയോസിനെ തടവിലാക്കി (Kallarangatt & Puthukulangara, 2001).

അന്ത്രയോസ് വിഗ്രഹാരാധനയ്ക്കെതിരെ സത്യവിശ്വാസം പ്രചരിപ്പിച്ചതിനാൽ ഒരു സംവാദമുണ്ടായി എന്നും, വിചാരണ നടത്തിയശേഷം ക്രൂശിക്കുന്നതിന് ഉത്തരവായി എന്നും മറ്റ് എഴുത്തുകാർ രേഖപ്പെടുത്തിയിരിക്കുന്നു (Abdul Ahad, 1948; Mc Birnie, 2002). തടവിലാക്കപ്പെട്ട അന്ത്രയോസ് ശ്ലീഹാ തടവിലുള്ളവരെ മാനസാന്തരപ്പെടുത്തി. ഇതറിഞ്ഞ ഗവർണർ ഏ. ഡി. 69 (62?) നവംബർ 28-ാം തീയതി അന്ത്രയോസിനെ കുരിശിൽ തറച്ച് കൊല്ലുവാൻ വിധിച്ചു.

ഒലിവുമരം കൊണ്ടുണ്ടാക്കിയ 'X' ആകൃതിയിലുള്ള കുരിശ് (St. Andrews Cross) കണ്ടപ്പോൾ അന്ത്രയോസ് ശ്ലീഹാ സ്ലീബായെ സസന്തോഷം ആലിംഗനം ചെയ്തു. 'സ്ലീബാ വഴി എന്നെ വീണ്ടെടുത്ത കർത്താവ് നീ വഴി എന്നെ കൈക്കൊള്ളുമാറാകട്ടെ' എന്നു പ്രാർത്ഥിച്ചു. പടയാളികൾ അദ്ദേഹത്തെ കുരിശിൽ തറക്കുന്നതിനു പകരം അതിന്മേൽ മുറുകെ വരിഞ്ഞുകെട്ടി കുരിശ് കുത്തനെ നാട്ടി നിർത്തി. നവംബർ 28 മുതൽ രണ്ടു ദിവസം ശ്ലീഹാ കുരിശിൽ കിടന്ന് വിശപ്പും ദാഹവും വേദനയും അനുഭവിച്ചു. ഈ സമയമത്രയും ശ്ലീഹാ ദൈവികകാര്യങ്ങൾ പ്രസംഗിച്ചതായി പറയപ്പെടുന്നു.

ശ്ലീഹായെ ക്രൂശിച്ചപ്പോൾ ഇരുപതിനായിരത്തോളം വിശ്വാസികൾ ഒരുമിച്ചുകൂടുകയും അവരെ കണ്ട് ഈജിയൂസ്, ശ്ലീഹായുടെ കെട്ടുകൾ അഴിച്ച് താഴെയിറക്കുന്നതിനാജ്ഞാപിച്ചു. എന്നാൽ പടയാളികൾ നീട്ടിയ കൈകൾ വരണ്ടുപോയി. ശ്ലീഹാ പോരാട്ടം പൂർത്തിയാക്കുന്നതിനു മുൻപ് അരമണിക്കൂർ സമയം തന്റെ മുഖം ശോഭിച്ച് നിദ്രപ്രാപിച്ചു. ഇത് ഏ. ഡി. 69 (62?) നവംബർ 30-ാം തീയതി സംഭവിച്ചു. ഈജിയൂസിന്റെ ഭാര്യ മാക്സിമില്ലയുടെ സഹായത്തോടെ ശ്ലീഹായുടെ ശരീരം പെത്രാസിൽ സംസ്കരിച്ചു.

അന്ത്രയോസ് ശ്ലീഹായുടെ തിരുശേഷിപ്പുകൾ ഏ. ഡി. 357ൽ കുസ്തന്തീനോസ് ചക്രവർത്തിയുടെ മകനായ കോൺസ്റ്റൻഷിയസ്, ഈസ്താംബൂളിലെ പരിശുദ്ധ അപ്പൊസ്തോലന്മാരുടെ പള്ളിയിലേക്ക് മാറ്റി സ്ഥാപിച്ചു (Hoever, 1989; Mc Birnie, 2002). ഈ ദൈവാലയം ഏ. ഡി. 336-356ൽ കുസ്തന്തീനോസ് ചക്രവർത്തി പണികഴിപ്പിച്ചതാണ്. പരിശുദ്ധ അന്ത്രയോസ് ശ്ലീഹായുടെ ഓർമ്മ നവംബർ 30-ാം തീയതി സഭ ആചരിക്കുന്നു.

## സ്മിർണായിലെ വിശുദ്ധ പോളികർപ്പോസ്

**(ഏ. ഡി. 69 - 155?)**

പോളികർപ്പോസ് ഉദ്ദേശം ഏ. ഡി. 69ൽ ടർക്കിയിലെ സ്മിർണായിൽ (Modern Izmir, Turkey) ജനിച്ചു. ഒരു ധനിക അക്രൈസ്തവ കുടുംബത്തിൽ ജനിച്ച പോളികർപ്പോസ് മോർ യൂഹാനോൻ ഏവൻഗേലിസ്തായുടെ ശിഷ്യനാകുകയും ദൈവശാസ്ത്രം പഠിക്കുകയും ചെയ്തു. പിന്നീട് പോളികർപ്പോസിന്റെ ശിഷ്യന്മാരായവരാണ് വിശുദ്ധ ഐറേനിയസും എഴുത്തുകാരനായ പപ്പിയാസും.

യൗവ്വനപ്രായത്തിൽ തന്നെ മോർ യൂഹാനോൻ, പോളികർപ്പോസിനെ സ്മിർണായുടെ എപ്പിസ്കോപ്പയായി വാഴിച്ചു. ഏ. ഡി. 107ൽ മോർ ഇഗ്നാത്തിയോസ് നൂറോനോയെ ചങ്ങലയിട്ട് ട്രോവോസ് വഴി റോമിലേക്കു (രക്തസാക്ഷിമരണത്തിനായി)

കൊണ്ടുപോകുമ്പോൾ സ്മിർണായിൽ വച്ച് പോളികർപ്പോസ് എപ്പിസ്കോപ്പയും വിശ്വാസികളും ചേർന്ന് അദ്ദേഹത്തെ സ്വീകരിച്ചു. മോർ ഇഗ്നാത്തിയോസിന്റെ എല്ലാ എഴുത്തുകളിലും പോളികർപ്പോസിനെ പ്രത്യേകം എടുത്തുപറയുന്നുണ്ട്.

ഈ വിശുദ്ധൻ, ഫിലിപ്യർക്കെഴുതിയ ലേഖനത്തിന്റെ ഉള്ളടക്കം പട്ടംകൊട ശുശ്രൂഷയിലെ പ്രബോധനത്തിനോട് വളരെ സാമ്യമുള്ളതാണ്. 'കശീശന്മാർ എല്ലാവരോടും കരുണയുള്ളവരും മനസ്സലിവുള്ളവരുമായിരിക്കണം. വഴിതെറ്റി പോയവരെ ശരിയായി നടത്തുന്നവരും വിധവകളുടെയും അനാഥരുടെയും എളിയവരുടെയും കാര്യങ്ങൾ നിർവ്വഹിക്കുന്നതിൽ ഉത്സുകരുമായിരിക്കണം. എല്ലായ്പ്പോഴും ദൈവമുമ്പാകെയും മനുഷ്യരുടെ മുമ്പാകെയും നിർമ്മലനടപടികളോടുകൂടിയവരുമായിരിക്കണം. കോപത്തിൽനിന്നും കലഹത്തിൽനിന്നും ദ്രവ്യാഗ്രഹത്തിൽനിന്നും നീതിപരമല്ലാത്ത വിധികളിൽനിന്നും അകന്നിരിക്കണം. വിധി കല്പിക്കുമ്പോൾ കഠിനരായിരിക്കരുത്. സർവ്വ മനുഷ്യരും ബലഹീനരാണെന്നുള്ളത് ഓർമ്മയിലിരിക്കണം...'

റോമിലെ ചക്രർത്തിമാരായ അന്തോനിയോസ് പീയൂസ്, വീറസ് എന്നിവർ ക്രിസ്ത്യാനികളെ കഠിനമായി പീഡിപ്പിച്ചു. സ്മിർണായിലെ ക്രിസ്ത്യാനികൾ ഏറെ പീഡനമനുഭവിച്ചവരായിരുന്നു. ഈ പീഡയിൽ പോളികർപ്പോസിനെയും ബന്ധനത്തിലാക്കി. ന്യായാധിപൻ മിശിഹായെ ദുഷിച്ചു പറയുന്നതിനും ദേവന്മാരെ സ്വീകരിച്ചു പറയുന്നതിനും പോളികർപ്പോസിനെ നിർബന്ധിച്ചപ്പോൾ പോളികർപ്പോസ് ഇപ്രകാരം മറുപടി പറഞ്ഞു: '46 വർഷം ഞാൻ മിശിഹായെ സേവിച്ചിട്ട് യാതൊരു ഉപദ്രവവും എനിക്കുണ്ടായിട്ടില്ല. പിന്നെ എങ്ങനെ ഇപ്പോൾ എന്റെ രക്ഷിതാവും രാജാവുമായവനെ ഞാൻ ഉപേക്ഷിച്ചുപറയും' (Aphrem , 1963).

പിന്നീടുള്ള പീഡകളിൽ വന്യമൃഗങ്ങൾക്കിട്ടുകൊടുക്കുമെന്ന് ഭീഷണിപ്പെടുത്തിനോക്കി. ഒടുവിൽ അഗ്നിയിലിടുന്നതിന് ന്യായാധിപൻ കല്പനയായി. കുന്നുപോലെ വിറകു കൂട്ടിയപ്പോൾ പോളികർപ്പോസ് തന്റെ വസ്ത്രം അഴിച്ചുമാറ്റി അതിന്റെ നടുവിൽ പോയിനിന്നു. പടയാളികൾ അദ്ദേഹത്തെ ഒരു തടിയോടുചേർത്ത് ബന്ദിക്കുവാൻ തുടങ്ങിയപ്പോൾ അങ്ങനെ

ചെയ്യരുതെന്നും അഗ്നിയിൽനിന്ന് താൻ ഓടിപ്പോകുകയില്ലെന്നും തന്നെ ശക്തീകരിക്കുന്നവനായ നാഥനോടു പ്രാർത്ഥിക്കേണ്ടതു ണ്ടെന്നും പറഞ്ഞ് കണ്ണുകളുയർത്തി ഇപ്രകാരം പ്രാർത്ഥിച്ചു.

'. . . ഈ സ്ഥലത്തേക്കും ഈ നാഴികയിലേക്കും എന്നെ കൊണ്ടുവരുന്നതിന് നീ എന്നെ യോഗ്യനാക്കിയതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു. നിന്റെ പരിശുദ്ധ സഹദേന്മാരുടെ കൂട്ട ത്തിൽ എണ്ണപ്പെടുന്നതിനും നിത്യലോകത്തിലെ ജീവിതത്തി നുവേണ്ടി മിശിഹായുടെ കാസ കുടിക്കുന്നതിനുമുള്ള നാഴി കയിലേക്കു ഞാൻ വന്നടുത്തിരിക്കയാൽ ഈ ദിവസത്തിൽ തൃക്കണ്ണുകളുടെ മുമ്പാകെ സ്വീകൃതനാകുവാൻ തക്കവണ്ണം എനിക്കു യോഗ്യത നൽകണമേ. നിന്റെ സർവ്വ നന്മകൾക്കുവേ ണ്ടി ഞാൻ നിന്നെ സ്തോത്രം ചെയ്യുന്നു . . .'

പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ അഗ്നി പരിശുദ്ധനെ വളഞ്ഞു എന്നാൽ അഗ്നിനാളങ്ങൾ പരിശുദ്ധനെ സ്പർശിക്കാതിരിക്കു ന്നതു കണ്ട് കാഴ്ചക്കാർ വിസ്മയിച്ചു. ചിതയിൽനിന്ന് സുഗ ന്ധം പരന്നു. തീ നാളങ്ങൾ തലയ്ക്കുചുറ്റും ചന്ദ്രക്കലപോ ലെ നിന്നു (Hoever, 1989). ന്യായാധിപൻ വാളുകൊണ്ട് പോ ളികർപ്പോസിനെ കൊല്ലുന്നതിന് ആജ്ഞാപിച്ചു. പടയാളികളി ലൊരുവൻ അദ്ദേഹത്തിന്റെ വിലാപ്പുറത്തു കുത്തുകയും രക്തം പ്രവഹിക്കുകയും തുടർന്ന് ശിരസ്സ് ഛേദിക്കുകയും ചെയ്തു. ഈ സംഭവം അന്തോനിയോസ് പീയൂസ് കൈസറിന്റെ കാല ഘട്ടത്തിൽ (എ. ഡി. 138–161) എ. ഡി. 155 ഫെബ്രുവരി 23-ാം തീയതി നടന്നതായി ഭൂരിഭാഗം സംശോധിത ഗ്രന്ഥങ്ങളിലും കാണുന്നു. (e.g., *Encyclopaedia Britannica*, 2001; *Encarta*, 2001) എ ന്നാൽ യൗസേബിയോസിന്റെ സഭാചരിത്രത്തിൽ എ. ഡി. 167 ലോ എ. ഡി. 168ലോ ആണ് ഈ സംഭവം നടന്നതെന്ന് രേഖ പ്പെടുത്തിയിട്ടുണ്ട്.

ഈ വിശുദ്ധന്റെ ഭൗതിക ശരീരം വിശ്വാസികൾ എടുത്തു കൊണ്ടു പോകാതിരിക്കുന്നതിനായി അഗ്നിയിൽ ദഹിപ്പിച്ചു. വിശ്വാസികൾ അസ്ഥികൾ ശേഖരിച്ച് വലിയ ആദരവോടെ സം സ്കരിച്ചു (Abdul Ahad, 1948). ഈ വിശുദ്ധന്റെ ഓർമ്മപ്പെരുനാൾ ഡിസംബർ 3-ാം തീയതി സുറിയാനിസഭ ആഘോഷിക്കുന്നു.

# നസിയൻസിലെ വിശുദ്ധ ഗ്രിഗോറിയോസ്

**(c. ഏ. ഡി. 329/330 – 389/90)**

ഗ്രിഗോറിയോസ് (Gregory) കപ്പദോക്യ പട്ടണത്തിനടുത്തുള്ള അരിയൻസസിൽ (Arianzus or Arianzen, Turkey) 329/330ൽ ജനിച്ചു. പിതാവായ ഗ്രിഗോറിയോസ് 45 സംവത്സരം നസിയൻസസിലെ മെത്രാപ്പൊലീത്തയായിരുന്നു (*Nelson's Encyclopaedia*, 1913; White, 1991; *Encarta Encyclopedia*, 2004). ഗ്രിഗോറിയോസിന്റെ മാതാവായ നൊണ്ണ (Nonna) ഒരു ക്രിസ്ത്യാനിയായിരുന്നു. നൊണ്ണയുടെ സ്വാധീനത്തിലാണ് പിതാവായ ഗ്രിഗോറിയോസ് ക്രിസ്തുമതം സ്വീകരിച്ചതെന്ന് കരുതപ്പെടുന്നു (Cayre, 1935; *Britannica Encyclopaedia*, 2001).

കപ്പദോക്യൻ പിതാക്കന്മാരായ മോർ ബസ്സേലിയോസ് (329–379) നിസയിലെ മോർ ഗ്രിഗോറിയോസ് (335–394) എന്നിവരുടെ ഗണത്തിൽപ്പെടുന്ന, നസിയൻസസിലെ ഗ്രിഗോറിയോസിനെ ദൈവശാസ്ത്രജ്ഞനായ ഗ്രിഗോറിയോസ് (Gregory, The Theologian or Gregorius Thevologos) എന്നും പരാമർശിക്കപ്പെടുന്നു (Baynes & Smith, 1880).

ഗ്രിഗോറിയോസ് അലക്സന്ത്രിയായിലും ആതൻസിലും ഉന്നത വിദ്യാഭ്യാസം നേടി. ഏ. ഡി. 350–52ൽ ആതൻസ് സർവ്വകലാശാലയിൽ മോർ ബസ്സേലിയോസിനോടൊന്നിച്ച് പഠിക്കുകയും ചെയ്തു. ആതൻസിലെ പഠനത്തെത്തുടർന്ന് പ്രസംഗകലയുടെ അധ്യാപകനായി കുറെനാൾ ജോലിചെയ്ത ശേഷം ഏ. ഡി. 358ൽ നസിയൻസസിലേക്കു മടങ്ങി. ആ വർഷം തന്നെ മോർ ബസേലിയോസിനോടുകൂടെ പൊന്തോസിൽ രണ്ടു വർഷം ഏകാന്തവാസത്തിൽ കഴിഞ്ഞു (Hoever, 1989; White, 1991).

ഏ. ഡി. 360ൽ പിതാവായ ഗ്രിഗോറിയോസിനാൽ സ്നാനമേറ്റു (Encarta Encyclopaedia, 2004). ഗ്രിഗോറിയോസിന് ബാല്യത്തിൽ തന്നെ നല്ല ക്രൈസ്തവ ശിക്ഷണം നൽകുന്നതിന് മാതാവായ നൊണ്ണ ശ്രദ്ധിച്ചിരുന്നു (Cayre, 1935). ഏ. ഡി. 362ൽ പിതാവിൽ

നിന്നും പൗരോഹിത്യം സ്വീകരിച്ച് പിതാവിനെ സഹായിക്കാനാരംഭിച്ചു (Ferguson & Wright, 1988). ഏ. ഡി. 372ൽ മോർ ബസ്സേലിയോസ് സസിമ (Sasima) എന്ന ചെറിയ പട്ടണത്തിന്റെ മെത്രാപ്പോലീത്തയായി ഗ്രിഗോറിയോസിനെ വാഴിച്ചു (*Nelson's Encyclopaedia*, 1913). ഗ്രിഗോറിയോസിന് ഭരണ ചുമതലമൂലമുള്ള സ്വാതന്ത്ര്യമില്ലായ്മ ഇഷ്ടമില്ലായിരുന്നു. മാത്രവുമല്ല, ഏകാന്തവാസം ഇഷ്ടപ്പെട്ടിരുന്നതിനാൽ മേല്പട്ടസ്ഥാനത്തേയ്ക്കുവരുന്നതിനു താല്പര്യമില്ലായിരുന്നു.

എ. ഡി. 374ൽ പിതാവായ ഗ്രിഗോറിയോസ് നിര്യാതനായ ശേഷം നസിയൻസസിലെ ചുമതലയേറ്റു. ഏ. ഡി. 378-79ൽ കോൺസ്റ്റാന്റിനോപ്പിളിന്റെ (Isthambul) ആർച്ച് ബിഷപ്പായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 381 വരെ ആ ചുമതലയിൽ തുടർന്നു (*Nelson's Encyclopaedia,* 1913; Hoever, 1989; *Encarta Encycolpaedia,* 2004). ഏ. ഡി. 379-382 കാലഘട്ടത്തിൽ ജറോം (347-420), ഗ്രിഗോറിയോസിന്റെ ശിഷ്യനായിരുന്നിട്ടുണ്ട് (*Britannica Encyclopaedia*, 2004).

ത്രിത്വവിശ്വാസ സംബന്ധമായ അറിയോസിന്റെ വേദവിപരീതത്തെ ചെറുത്തുകൊണ്ട് മോർ ഗ്രിഗോറിയോസ് അനസ്താസിയുടെ ദൈവാലയത്തിൽ ചെയ്ത അഞ്ച് പ്രസംഗങ്ങൾ വിഖ്യാതങ്ങളാണ് (Douglas, 1978). "The father is the begetter and emitter, the Son is the begotten and the Holy Spirit is the emission. The begetting of the Son and the Procession of the Spirit are beyond time, so all three are co-eternal. While the Father may be greater than the son in the sense that he is the cause, he is not greater by nature, for the two are of the same nature. The names, Father And the Son, make known to us an intimate relation within the Godhead" (Ferguson & Wright, 1988, p. 281).

ഒരു യുവപുരോഹിതനായിരുന്നപ്പോൾ മോർ ഗ്രിഗോറിയോസ് പുരോഹിതന്റെ ഒരുക്കത്തെക്കുറിച്ച് പറഞ്ഞതിപ്രകാരമാണ്: "We must begin by purifying ourselves before purifying others; We must be instructed to be able to instruct, become light to illuminate, draw close to God to bring Him close to others, be sanctified to sanctify, lead by the hand and counsel prudently. I know whose ministers we are, where we find ourselves and to where we strive. I know God's greatness and man's weakness, but

also his potential. Who then is the priest? He is the defender of truth, who stands with angels, gives glory with archangels, causes sacrifices to rise to the alter on high, shares Christ's priesthood, refashions creation, restores it in God's image, recreates it for the world on high and . . . (*Catechism of the Catholic Church*, 1994, p. 305). ഇദ്ദേഹം ഇരുനൂറിലധികം ലേഖനങ്ങളും പദ്യങ്ങളും രചിച്ചിട്ടുണ്ട്.

മോർ ഗ്രിഗോറിയോസ് ആകാരത്തിൽ ചെറിയ മനുഷ്യനായിരുന്നു. പ്രാർത്ഥനയും ഉപവാസവും മൂലം ചുക്കിചുളുങ്ങിയ മുഖവും നീണ്ടു ചെമ്പിച്ച മീശയുംകൊണ്ട് വിരൂപനായിരുന്നു. സമർത്ഥനായ ഒരു ഭരണകർത്താവായിരുന്നില്ലെങ്കിലും മാർ ഗ്രിഗോറിയോസിന്റെ പ്രസംഗപാടവം ശ്ലാഘനീയമായിരുന്നു. തർക്കത്തിൽനിന്നും വഴക്കിൽനിന്നും ഒഴിഞ്ഞിരിക്കാൻ ആഗ്രഹിച്ച മോർ ഗ്രിഗോറിയോസ് ദയാലുവും സ്വാർത്ഥതയില്ലാത്തവനും വസ്ത്രധാരണത്തിലും ജീവിതസുഖങ്ങളിലും ലാളിത്യം പരിശീലിച്ചവനുമായിരുന്നു.

അറിയോസുകാരുടെ ശക്തമായ എതിർപ്പുമൂലം കലഹം ഒഴിവാക്കുന്നതിനായി എ. ഡി. 381ൽ ഇദ്ദേഹം സ്ഥാനത്യാഗം ചെയ്യുകയും സ്വദേശമായ അരിയൻസസിലേക്കു മടങ്ങുകയും പിന്നീട് എ. ഡി. 389/90 വരെ പ്രാർത്ഥനയിലും തപസിലുമായി ചെലവഴിച്ച് ജനുവരി 25ാം തീയതി കാലംചെയ്തു. ഈ പരിശുദ്ധന്റെ ഓർമ്മ സുറിയാനി സഭ ജനുവരി 25ാം തീയതി ആചരിക്കുന്നു.

## വിശുദ്ധ പക്കോമിയോസ്

**(എ. ഡി.** c. **290? – 346?)**

സന്യാസ പ്രസ്ഥാനത്തിന്റെ പ്രാരംഭകരിൽ പ്രധാനിയാണ് പക്കോമിയോസ്. പക്കോമിയോസ് (Pachomius) ഈജിപ്തിലെ തീബേദിൽ അഥവാ തേബായ്ഡിൽ (Thebaid) 290 ൽ (292?) ജനിച്ചു. 20ാം വയസ്സിൽ പട്ടാളത്തിൽ ചേർന്നു (White 1991).

അന്നാട്ടിലെ ക്രിസ്ത്യാനികളുടെ പെരുമാറ്റവും സുകൃതനടപടികളും പക്കോമിയോസിനെ വളരെ ആകർഷിച്ചു (Aphrem, 1963). പിന്നീട് സൈന്യത്തെ പിരിച്ചുവിട്ടപ്പോൾ കെനോബോസ്കിയോണിലേക്കു (Khenoboskion) മടങ്ങി ക്രിസ്തുമതത്തിന്റെ പ്രാഥമിക പാഠങ്ങൾ പഠിക്കുന്നതിനായി ഒരു പള്ളിയിൽ ചേർന്നു.

പക്കോമിയോസ് മാമോദീസ ഏറ്റശേഷം പലേമോൻ (ജമഹ മലാീ) എന്ന ഒരു വൃദ്ധസന്യാസിയെ അനുഗമിച്ചു. ആ സന്യാസിസമൂഹത്തിലുള്ളവർ മുളകൊണ്ടോ ഞാങ്ങണകൊണ്ടോ കൊട്ടകളും വട്ടികളും ഉണ്ടാക്കുന്ന ജോലിയിൽ പകൽ മുഴുവനും വ്യാപൃതരായിരുന്നു. രാത്രിയാകുമ്പോൾ സങ്കീർത്തനങ്ങൾ വായിക്കുകയും ജാഗരിക്കുകയും ചെയ്തു വന്നു. ആഴ്ചയിലൊരിക്കൽ ഉണ്ടാക്കുന്ന സാധനങ്ങൾ വിറ്റുകിട്ടുന്ന പണം കൊണ്ട് അപ്പം വാങ്ങുകയും ബാക്കി തുക ദരിദ്രർക്ക് വീതിച്ചു കൊടുക്കുകയും ചെയ്യുമായിരുന്നു.

ഒരിക്കൽ നൈൽ നദിക്കരയിൽക്കൂടി നടന്നുപോകുമ്പോൾ പക്കോമിയോസ് ഒരു ശബ്ദം കേട്ടു. ആ അരുളപ്പാട് അവിടെ ഒരു ദയറ (സന്യാസാശ്രമം) ആരംഭിക്കണമെന്ന് ആവശ്യപ്പെടുന്നതായിരുന്നു. മാലാഖയുടെ നിർദ്ദേശപ്രകാരം ഏ. ഡി. 318ൽ (Hoever, 1989) പക്കോമിയോസും പലേമോനും അവിടെ ഒരു ആശ്രമമുണ്ടാക്കി താമസം ആരംഭിച്ചു. പലേമോൻ പിന്നീട് ഏകാന്തവാസിയായി അവിടം വിട്ടുപോയി.

മാലാഖ കൊടുത്ത (ഓട്ടുതകിട്) നിർദ്ദേശപ്രകാരം പക്കോമിയോസ് സന്യാസജീവിതത്തിന് നിയമങ്ങൾ ക്രോഡീകരിച്ചു (Chediath, 1993). പ്രാർത്ഥനയ്ക്കും കൈത്തൊഴിലിനും പക്കോമിയോസ് പ്രത്യേകം സമയം ക്രമീകരിച്ചു. സന്യാസികൾ ശിരോവസ്ത്രം (കുബാത്തോ) ധരിച്ചിരിക്കണമെന്നും മൗനവും ശാന്തതയും എല്ലാവരുടെയും പൊതുസ്വഭാവഗുണമായി അനുശാസിക്കുകയും ചെയ്തിരുന്നു (Aphrem, 1963).

പക്കോമിയോസിന്റെ സന്യാസസമൂഹത്തിൽ ചേർന്ന ആദ്യത്തെ അനുയായി അദ്ദേഹത്തിന്റെ തന്നെ സഹോദരനായ യോഹന്നാനാണ് (Aphrem, 1963; White, 1991). പിന്നീട് നൂറുകണക്കിനാളുകൾ പക്കോമിയോസിന്റെ ദയറായിൽ ചേർന്നു. തീബേദിൽ പക്കോമിയോസ് ആറ് ദയറാകൾ കൂടി ആരംഭിച്ചു.

ഏ. ഡി. 336 മുതൽ അദ്ദേഹം പ്രധാനമായും പാമ്പോ (Pabau) എന്ന സ്ഥലത്തു താമസിച്ചു (White, 1991).

പക്കോമിയോസ് ദരിദ്രരായ ആട്ടിടയന്മാർക്കുവേണ്ടി ഒരു പള്ളി പണികഴിപ്പിച്ചു. എന്നാൽ പൗരോഹിത്യം സ്വീകരിക്കുന്നതിന് സന്യാസസമൂഹത്തിൽപ്പെട്ട ആരെയും അനുവദിച്ചില്ല. അറിയോസിന്റെ (Arius) വേദവിപരീതത്തെ എതിർത്തിരുന്നതിനാൽ ഏ. ഡി. 333ൽ വിശുദ്ധ അത്താനാസിയോസ് പക്കോമിയോസിനെ സന്ദർശിച്ചിരുന്നു (White, 1991).

ഒരിക്കൽ പക്കോമിയോസിന്റെ പ്രിയപ്പെട്ട ശിഷ്യനായ തേവോദോറോസ് രോഗബാധിതനായപ്പോൾ മറ്റു ദയറാക്കാർ വന്ന് പക്കോമിയോസിനെ വിവരം അറിയിക്കുകയും രോഗസൗഖ്യത്തിനായി പ്രാർത്ഥിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. അപ്പോൾ അദ്ദേഹം മറുപടിയായി പറഞ്ഞു: 'ഞാൻ പ്രർത്ഥിക്കുന്നുണ്ട് പക്ഷേ, വേദനയോ പ്രയാസമോ വരുമ്പോൾ അത് സഹിഷ്ണുതയോടെ സഹിക്കുന്നതാണ് കൂടുതൽ യോഗ്യമായിട്ടുള്ളത്' (Aphrem, 1963).

ഭാവികാര്യങ്ങൾ ഗ്രഹിക്കുന്നതിനും രോഗശാന്തിവരവും ഉണ്ടായിരുന്ന ഈ വിശുദ്ധൻ നൈൽ നദിയുടെ മറുകരയിൽ സ്വന്തം സഹോദരി മറിയയ്ക്കുവേണ്ടി ഒരു കന്യാസ്ത്രീ മഠം സ്ഥാപിച്ചു (White, 1991; Chediath, 1993). വി. ബസേലിയോസിന്റെ ദയറാവാസികളുടെ നിയമത്തിനടിസ്ഥാനം പക്കോമിയോസ് ക്രോഡീകരിച്ച നിയമങ്ങളാണ് (Hoever, 1989).

ഏ. ഡി. 348ൽ ഈജിപ്തിൽ ഒരു ബാധയുണ്ടാകുകയും (പകർച്ചവ്യാധി) അനേകം ദയറാക്കാർ മരിക്കുകയും ചെയ്തു. ഈ പകർച്ചവ്യാധി പിടിപെട്ട് പക്കോമിയോസ് നിര്യാതനാകുകയും ചെയ്തു (Aphrem, 1963). ഏ. ഡി. 346ൽ നിര്യാതനായി എന്നു മറ്റു ചില സംശോധിത ഗ്രന്ഥങ്ങളിലും രേഖപ്പെടുത്തിയിട്ടുണ്ട് (e.g., Hoever, 1989). മരിക്കുന്നതിനു മുമ്പായി എല്ലാ ദയറാക്കാരെയും കൂട്ടി വരുത്തുകയും ദയറാക്കാരുടെ നിയമങ്ങളും പ്രത്യേകിച്ച് അനുസരണവൃതവും അവരെ ഉൽബോധിപ്പിക്കുകയും ചെയ്തു. ഈ വിശുദ്ധ സന്യാസിയുടെ ഓർമ്മ മെയ് 9-ാം തീയതി സഭ ആഘോഷിക്കുന്നു.

# വിശുദ്ധ അംബ്രോസിയോസ്
### (ഏ. ഡി. 340 397)

അംബ്രോസിയോസ് (Ambrose) ഏ. ഡി. 340ൽ ക്രിസ്തീയ മാതാപിതാക്കന്മാരുടെ പുത്രനായി ട്രയറിൽ (Trier, now in Germany) ജനിച്ചു. പിതാവ് ഫ്രാൻസിലെ ഗവർണ്ണറായിരുന്നു. അംബ്രോസിയോസിന്റെ ബാല്യത്തിൽ തന്നെ പിതാവ് നിര്യാതനായി (Hoever, 1989). നിയമം പഠിച്ച് റോമിൽ അഭിഭാഷകനായിരിക്കെ ഏ. ഡി. 370 ൽ ലിഗൂരിയ, എമിലിയ (Liguria, Aemilia) എന്നീ പ്രദേശങ്ങളുടെ ഗവർണ്ണറായി നിയമിതനായി (Hoever, 1989; Encarta, 2005).

ഏ. ഡി. 374 ൽ മിലാനിലെ അറിയൂസ് പക്ഷക്കാരനായ ഒക്സാനിയോസ് എപ്പിസ്കോപ്പാ നിര്യാതനായി (Aphrem, 1963). അദ്ദേഹത്തിനു പകരമായി ഒരു എപ്പിസ്കോപ്പയെ തെരഞ്ഞെടുക്കുന്നതിന് പള്ളിയിൽ യോഗം ചേർന്നു. അറിയൂസ് പക്ഷക്കാരും അവരെ എതിർക്കുന്നവരും തമ്മിൽ വലിയ തർക്കവും ബഹളവും ഉണ്ടായി. ഈ തർക്കം പരിഹരിക്കുന്നതിനായി ഗവർണറായ അംബ്രോസിയോസ് പള്ളിയിലെത്തി. പ്രസംഗത്തിനിടയിൽ ഒരു ശിശു അംബ്രോസിയോസ് എപ്പിസ്കോപ്പയാകട്ടെ എന്നുവിളിച്ചു പറഞ്ഞു. അംബ്രോസിയോസിന് മനസ്സില്ലായിരുന്നെങ്കിലും ജനം ഏകകണ്ഠമായി അഭിപ്രായപ്പെട്ടതിനാൽ ആ സ്ഥാനം സ്വീകരിക്കുന്നതിന് നിർബന്ധിതനായി. അംബ്രോസിയോസ് 34-ാം വയസ്സിൽ ഏ. ഡി. 374 ഡിസംബർ ഏഴാം തീയതി (Moothedan, 2001) മാമോദീസായേറ്റ് എട്ടുദിവസം കൊണ്ട് പടിപടിയായി സ്ഥാനം പ്രാപിച്ച് എപ്പിസ്കോപ്പയായി (Aphrem, 1963). അംബ്രോസിയോസ് തന്റെ സമ്പാദ്യം മുഴുവൻ സഭയ്ക്കും ദരിദ്രർക്കുമായി ദാനം ചെയ്തു.

അംബ്രോസിയോസ് വി. ഗ്രന്ഥങ്ങളും സഭാപിതാക്കന്മാരുടെ എഴുത്തുകളും പഠിക്കുകയും ദൈവശാസ്ത്രം, സന്യാസം എന്നിവയെ സംബന്ധിച്ച് ധാരാളം എഴുതുകയും ചെയ്തിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടതാണ് ക്രിസ്തീയ ധർമ്മശാസത്രത്തെ സംബന്ധിക്കുന്ന De Officiis Ministrorum എന്ന ഗ്രന്ഥവും തന്റെ

സഹോദരിയായ വിശുദ്ധ മെർസിലനയ്ക്കെഴുതിയ De Virginibus എന്ന കൃതിയും (White, 1991). വിശുദ്ധ അംബ്രോസിയോസ് ആര്യനിസത്തിനെതിരായ ശക്തനായ വക്താവായിരുന്നതിനാൽ അദ്ദേഹം 'Hammer of Arianism' എന്നും അറിയപ്പെട്ടിരുന്നു.

അംബ്രോസിയോസ് രാജ്യഭരണത്തിൻ നിന്ന് സഭാഭരണം സ്വതന്ത്രമായിരിക്കണമെന്ന നിശ്ചയദാർഢ്യത്തോടെ പ്രവർത്തിച്ച ധൈര്യശാലിയായിരുന്നു. ഗവർണർ എന്ന നിലയിൽ ഇദ്ദേഹത്തിന്റെ ബുദ്ധിയും ദയാപരമായ പ്രവർത്തനങ്ങളും ജനങ്ങളിൽ മതിപ്പും സ്നേഹവും ഉളവാക്കിയിരുന്നു. ഒരിക്കൽ ഔക്സെൻസിയൂസ് ചക്രവർത്തിയുമായുള്ള തർക്കത്തിൽ അംബ്രോസിയോസ് പറഞ്ഞു: 'ചക്രവർത്തി സഭയിലെ ഒരംഗമാണ്. തിരുസഭയ്ക്കു മുകളിലല്ല' (Moothedan, 2001). രാജാവ് ആചാര്യൻമാരുടെ സ്ഥാനത്തു കയറിനില്ക്കുന്നതിനെയും അംബ്രോസിയോസ് വിലക്കി. 'നിങ്ങൾ ധരിച്ചിരിക്കുന്ന രാജകീയ വസ്ത്രം ഒരു പുരോഹിതന്റേതല്ല. ഒരു രാജാവിന്റേതാണ്, ആകയാൽ രാജവസ്ത്രധാരിയായി പുരോഹിതന്മാരുടെകൂടെ നില്ക്കുന്നത് ശരിയല്ല'. എന്നാൽ അക്കാലത്ത് മിശിഹായിൽ വിശ്വസിക്കുന്ന രാജാക്കന്മാർക്ക് മദ്ബഹാ മുമ്പാകെ സഭാതലവന്മാരോടൊപ്പം കയറി നില്ക്കുന്നതിന് അനുവാദമുണ്ടായിരുന്നു (Chediath, 1998, p. 251). നാലാം നൂറ്റാണ്ടിൽ രാജാക്കന്മാരുടെ പരിലാളനവും സംരക്ഷണവും സഭയ്ക്കു ലഭിച്ചിരുന്നതിന്റെ പശ്ചാത്തലത്തിലായിരിക്കണം ഈവിധ പരിഗണനയും അനുവാദവും രാജക്കന്മാർക്ക് ലഭിച്ചത്.

ഏ. ഡി. 390ൽ തെസ്സലോനിക്കയിലെ 7000 പേരുടെ വധത്തിന് നിർദ്ദേശം നൽകിയ തേവോദോസിയോസ് ചക്രവർത്തിയെ അംബ്രോസിയോസ് ദൈവാലയത്തിൽ പ്രവേശിപ്പിച്ചില്ല. അദ്ദേഹം ചോദിച്ചു: 'നീ ആരാകുന്നു. സർവ്വലോകത്തിനും ഏകരാജാവും ഏക കർത്താവുമേയുള്ളു. ദൈവം തന്നെ. നീ നിന്നെത്തന്നെ ആരാക്കുന്നു. വിവേചന കൂടാതെ കൂട്ടക്കൊലയ്ക്കു കല്പനകൊടുക്കുവാൻ ജീവന്റെമേൽ അധികാരമുള്ള ദൈവത്തിന്റെ സ്ഥാനമാണോ നിനക്കുള്ളത്' (Aphrem, 1963). ഈ ശാസന തേവോദോസിയോസ് ചക്രവർത്തിയെ അനുതാപത്തിലേക്ക് നയിക്കുകയും അംബ്രോസിയോസിന്റെ താല്പര്യ

പ്രകാരം ഒരു നിയമനിർമ്മാണം നടത്തുകയും ചെയ്തു. ആ നിയമമനുസരിച്ച് ഒരുവൻ കൊലയ്ക്കുതക്ക കുറ്റം ചെയ്താൽ അവനെ വധിക്കുന്നതിനു മുൻപ് അവൻ കുറ്റക്കാരനാണോ എന്ന് പരിശോധിച്ച് സ്ഥിരീകരിക്കുന്നതിനായി 30 ദിവസത്തെ സമയം നൽകപ്പെടണം.

വിശുദ്ധ അഗസ്റ്റിന്റെ മാനസാന്തരത്തിന് വിശുദ്ധ അംബ്രോസിയോസിന്റെ പ്രസംഗങ്ങൾ വളരെ പ്രയോജനപ്പെട്ടിട്ടുണ്ട്. വി. അഗസ്റ്റിനെ ഏ. ഡി. 387ൽ അംബ്രോസിയോസ് സ്നാനം കഴിപ്പിച്ചു. 23 വർഷത്തെ സഭാസേവത്തിനുശേഷം മിലാനിലെ മെത്രാപ്പോലീത്തയായ അംബ്രോസിയോസ് ഏ. ഡി. 397 ഏപ്രിൽ 4-ാം തീയതി കാലംചെയ്തു (Aphrem, 1963) . ഈ പരിശുദ്ധന്റെ ഓർമ്മ ഡിസംബർ 7-ാം തീയതി (മാമ്മോദീസാ ഏറ്റ ദിവസം) സഭ ആഘോഷിക്കുന്നു.

## നീതിമാനായ വിശുദ്ധ യൗസേഫ്

**(ബി. സി. 81? - ഏ. ഡി. 15?)**

നീതിമാനായ യൗസേഫ് ദാവീദ്വംശത്തിൽ യാക്കോബിന്റെ മകനായി നസ്രേത്തിൽ ജനിച്ചു (മത്താ. 1:16, യോഹ. 1:45). വി. ലൂക്കോസിന്റെ സുവിശേഷത്തിൽ (ലൂക്കൊ. 3:24) യൗസേഫ് ഹേലിയുടെ 'മകൻ' എന്ന് പരാമർശിച്ചിരിക്കുന്നത് ഹേലിയുടെ പുത്രി മറിയാമിന് യൗസേഫ് വിവാഹം നിശ്ചയിക്കപ്പെട്ടവനായതിനാലാണ് (Abdul Ahad, 1948). യെഹൂദന്മാരുടെ രീതിയനുസരിച്ച് സ്ത്രീകളുടെ പേർ വംശാവലിയിൽ ചേർത്തിരുന്നില്ല. യൗസേഫിന്റെ പിതാമഹനും (Grand Father) കന്യക മറിയാമിന്റെ പിതാമഹനും മത്ഥാനാണെന്ന് കാണാവുന്നതാണ് (മത്താ. 1:15; ലൂക്കൊ. 3:24). ഹേലി, യുയാക്കീം എന്നും യൂനോക്കീർ എന്നും അറിയപ്പെട്ടിരുന്നു.

യൗസേഫ് മരപ്പണിക്കാരനായിരുന്നു (മത്താ. 13:55). യൗസേഫിന് ഏഴ് മക്കളുണ്ടായിരുന്നു (Abdul Ahad, 1948). യാക്കോബ്, യോസെ, ശീമോൻ, യൂദാ എന്നിവർ യൗസേഫിന്റെ മക്കളാണ്. യേശുവിന്റെ സഹോദരന്മാർ എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് യൗസേഫിന്റെ മക്കളെയാണ് (മത്താ. 13:55; മത്താ. 12:46; യോഹ. 7:3). ഇവരെല്ലാം യൗസേഫിനോടുകൂടെ നസ്രേത്തിൽ താമസിച്ചിരുന്നു.

യൗസേഫ് നീതിമാനും (മത്താ. 1: 19) വിനയാന്വിതനും ഉത്തമസാക്ഷ്യമുള്ളവനും മാതൃകാജീവിതം നയിക്കുന്നവനുമായിരുന്നു. നേർച്ച പുത്രിയായ മറിയാമിന് 13 വയസ്സായപ്പോൾ അവളെ ദൈവാലയത്തിൽ നിന്ന് മാറ്റി പാർപ്പിക്കുന്നതിന് പുരോഹിതന്മാർ തീരുമാനിച്ചു. പ്രായപൂർത്തിയായ സ്ത്രീകൾ ദൈവാലയത്തിൽ താമസിക്കുക പതിവില്ലാത്തതിനാൽ ദൈവിക ആലോചന അനുസരിച്ച് യൗസേഫിന് മറിയം വിവാഹം നിശ്ചയിക്കപ്പെട്ടു. എന്നാൽ കന്യക മറിയാം ഗർഭിണിയായി എന്നറിയുകയാൽ യൗസേഫ് അവളെ ഉപേക്ഷിക്കുന്നതിനാഗ്രഹിച്ചു. 'ഇങ്ങനെ നിനെച്ചിരിക്കുമ്പോൾ കർത്താവിന്റെ ദൂതൻ അവന് സ്വപ്നത്തിൽ പ്രത്യക്ഷനായി; ദാവീദിന്റെ മകനായ യൗസേഫേ, നിന്റെ ഭാര്യയായ മറിയാമിനെ ചേർത്തുകൊൾവാൻ ശങ്കിക്കേണ്ട; അവളിൽ ഉല്പാദിതമായത് പരിശുദ്ധാത്മാവിനാൽ ആകുന്നു' (മത്താ. 1:20) എന്ന് വെളിപ്പെടുത്തപ്പെട്ടു. യൗസേഫ് ഉറക്കം ഉണർന്ന് കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ ചെയ്തു (മത്താ. 1: 24).

പേർവഴി ചാർത്തപ്പെടേണ്ടതിന് (to be taxed) യൗസേഫ്, വിവാഹം നിശ്ചയിച്ചിരുന്ന ഗർഭിണിയായ മറിയാമിനോടുകൂടെ ബേത്‌ലഹേമിലേക്കുപോയി (modern Beyt Lahm). അവിടെ പശുത്തൊട്ടിയിൽ ലോകരക്ഷകൻ പിറന്നു. ഏറെ താമസിയാതെ കർത്താവിന്റെ ദൂതൻ യൗസേഫിന് സ്വപ്നത്തിൽ പ്രത്യക്ഷനായി. 'നീ എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടിക്കൊണ്ട് ഈജിപ്റ്റിലേക്കുപോയി, ഞാൻ നിന്നോടു പറയും വരെ അവിടെ പാർക്കുക. ഹെരോദാവ് ശിശുവിനെ നശിപ്പിക്കേണ്ടതിനു അവനെ അന്വേഷിപ്പാൻ ഭാവിക്കുന്നു എന്നു പറഞ്ഞു' (മത്താ. 2:13). ആ രാത്രിയിൽത്തന്നെ യൗസേഫ് ഈജിപ്റ്റിലേക്ക് യാത്ര തിരിച്ചു.

ത്യാഗത്തിന്റെയും അനുസരണത്തിന്റെയും ദൈവിക ആലോചനയ്ക്കു കീഴ്പ്പെടുന്നതിന്റെയും ഉത്തമ ദൃഷ്ടാന്തം.

ഹേരോദാവു മരിച്ചുപോയശേഷം കർത്താവിന്റെ ദൂതൻ ഈജിപ്റ്റിൽവച്ച് യൗസേഫിന് സ്വപ്നത്തിൽ പ്രത്യക്ഷനായി. ശിശുവിന് പ്രാണഹാനി വരുത്തുവാൻ നോക്കിയവർ മരിച്ചുപോയതുകൊണ്ട് നീ എഴുനേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടിക്കൊണ്ട് ഇസ്രയേൽദേശത്തേക്കു പോകുക എന്നു പറഞ്ഞു (മത്താ. 2:20). അങ്ങനെ ഗലീലയിലെ നസ്രത്തിൽ വന്നു പാർത്തു. ദൈവത്താൽ നിരന്തരം നയിക്കപ്പെടുന്ന യൗസേഫ് ഏവർക്കും മാതൃകയാണ്.

യേശുവിന് പന്ത്രണ്ടു വയസ്സുള്ളപ്പോൾ പെസഹാ പെരുന്നാളിനു പോയ സന്ദർഭത്തിലാണ് സുവിശേഷങ്ങളിൽ യൗസേഫിനെ അവസാനമായി കാണുന്നത് (ലൂക്കൊ. 2:41-51). അതുകൊണ്ടായിരിക്കാം യേശുവിന് 15 വയസ്സുള്ളപ്പോൾ യൗസേഫ് നിദ്ര പ്രാപിച്ചു എന്ന് അഭിപ്രായപ്പെടുന്നത് (Moothedan, 2001). യേശുവിന്റെ ക്രൂശിന്നരികെ യേശുവിന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും (യോഹന്നാനും) നില്ക്കുന്നത് കണ്ടിട്ട്: ''സ്ത്രീയേ, ഇതാ, നിന്റെ മകൻ എന്ന് അമ്മയോട് പറഞ്ഞു'' (യോഹ. 19:25-27). ഈ പശ്ചാത്തലത്തിൽ യൗസേഫ്, യേശുവിന്റെ പരസ്യ ശുശ്രൂഷ തുടങ്ങുന്നതിന് മുൻപ് നിദ്രപ്രാപിച്ചുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട് (Abdul Ahad, 1948). നീതിമാനായ യൗസേഫ് നിര്യാതനായത് മാർച്ച് 19-ാം തീയതിയാണെന്ന് കരുതപ്പെടുന്നു (*Britannica*, 2003).

യേശുവിനെ ശിശുവായിരുന്നപ്പോൾ സ്വന്തം കരങ്ങളിൽ വഹിക്കുകയും ആശ്ലേഷിക്കുകയും മരപ്പണി അഭ്യസിപ്പിക്കുകയും പരിചരിക്കുകയും ചെയ്ത യൗസേഫ് ഭാഗ്യവാനാണ്. പരിശുദ്ധയായ കന്യകമറിയാമിന്റെ ശുശ്രൂഷയും പരിചരണവും സ്വീകരിച്ചു നിദ്രപ്രാപിച്ച വി. യൗസേഫ് എല്ലാവർക്കും മധ്യസ്ഥനാണ്. നീതിമാനായ യൗസേഫിന്റെ ഓർമ്മ ഡിസംബർ 26-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# റോമിലെ വിശുദ്ധ യൂലിയോസ്
(ഏ. ഡി. 290? - 352)

റോമിലെ എപ്പിസ്കോപ്പായായ യൂലിയോസ് (ഒന്നാമൻ) റോമിൽ ജനിച്ചു (Nelson's Encyclopaedia, 1913). ഇദ്ദേഹത്തിന്റെ ബാല്യകാലത്തെക്കുറിച്ചോ മാതാപിതാക്കന്മാരെക്കുറിച്ചോ വിദ്യാഭ്യാസത്തെക്കുറിച്ചോ സംശോധിതഗ്രന്ഥങ്ങളിൽ പരാമർശിച്ചിട്ടില്ല.

റോമിലെ പാത്രിയർക്കീസായിരുന്ന വിശുദ്ധ മർക്കൊസിനു ശേഷം ഏ. ഡി. 337 ഫെബ്രുവരി 6-ാം തീയതി ഇദ്ദേഹത്തെ പാത്രീയർക്കീസായി തെരഞ്ഞെടുത്തു (Smith & Wace, 1882). നിഖ്യാ സുന്നഹദോസിനുശേഷം സഭാന്തരീക്ഷം കലുഷിതമായിരുന്നു. കുസ്തന്തീനോസ് ചക്രവർത്തിയെ തങ്ങളുടെ നിലപാട് അംഗീകരിപ്പിക്കുന്നതിന് ഇരുവിഭാഗവും (യേശുക്രിസ്തു പരിപൂർണ്ണ ദൈവമാണെന്ന് അംഗീകരിക്കാത്ത അറിയോസും നിഖ്യാ വിശ്വാസത്തെ അനുകൂലിക്കുന്നവരും) പരിശ്രമിച്ചു (Hoever, 1989; Encarta, 2005). അലക്സന്ത്രിയായിലെ പാത്രിയർക്കീസായ വിശുദ്ധ അത്താനാസിയോസിനെതിരെ (ഏ. ഡി. 295-373) അപവാദങ്ങൾ പ്രചരിപ്പിച്ച അറിയോസ് ഏ. ഡി. 336ൽ തലച്ചോറിലെ രക്തസ്രാവം മൂലം പെട്ടെന്ന് നിര്യാതനായി (Poulet & Raemers, 1956).

ഏ. ഡി. 337ലെ പെന്തിക്കൊസ്തി ദിവസം (മെയ് മാസം) കുസ്തന്തീനോസ് ചക്രവർത്തി നിര്യാതനായപ്പോൾ അദ്ദേഹത്തിന്റെ മൂന്നു പുത്രന്മാർ (Constantine, Constantius, Constans) രാജ്യം വിഭജിച്ച് ഭരണകർത്താക്കളായി. മൂത്ത മകനായ കുസ്തന്തീനോസ് രണ്ടാമൻ മാർ അത്താനാസിയോസിനെ (പിതാവ് ആഗ്രഹിച്ചിരുന്ന പ്രകാരം) നാടുകടത്തപ്പെട്ട സ്ഥലത്തുനിന്ന് തിരികെ കൊണ്ടുവന്ന് സിംഹാസനാരൂഢനാക്കി. എന്നാൽ നിക്കോമേദിയായിലെ അറിയോസ് പക്ഷക്കാരനായ യൂസേബിയോസ് വീണ്ടും തർക്കം ഉന്നയിക്കുകയും റോമിലെ മോർ യൂലിയോസിന്റെ അടുക്കൽ പ്രതിനിധിസംഘത്തെ അയയ്ക്കുകയും ചെയ്തു. ഒരു സുന്നഹദോസിന്റെയും തീരുമാനമില്ലാ

തെ അലക്സന്ത്രിയായിലെ മോർ അത്താനാസിയോസിനെ സിംഹാസനാരൂഢനാക്കിയത് ശരിയല്ലെന്നും അലക്സന്ത്രിയാ സഭയ്ക്ക് അവകാശപ്പെട്ട ധാന്യം (ചോളം, യവം) സ്വന്ത ആവശ്യത്തിന് മോർ അത്താനാസിയോസ് വിറ്റുവെന്നും ആരോപണമുന്നയിച്ചു. എന്നാൽ ഈജിപ്റ്റിലെ മേൽപ്പട്ടക്കാർ മോർ അത്താനാസിയോസിനെ അനുകൂലിച്ച് റോമിലേക്ക് പ്രതിനിധി സംഘത്തെ അയച്ചു (Smith & Wace, 1882, pp. 526-527). ഒരു തീർപ്പുണ്ടാക്കുന്നതിനായി ഏ. ഡി. 340 ഡിസംബറിൽ റോമിൽ ഒരു സുന്നഹദോസിനു തീയതി നിശ്ചയിച്ചെങ്കിലും യൂസേബിയോസ് ആയതിന് വിസമ്മതിക്കുകയും മോർ യൂലിയോസിന്റെ നയതന്ത്ര പ്രതിനിധിസംഘത്തെ തടഞ്ഞുവയ്ക്കുകയും ചെയ്തു.

ഏ. ഡി. 341 ആഗസ്റ്റിൽ അറിയോസ് പക്ഷക്കാരനായ യൂസേബിയോസിന്റെ താല്പര്യത്തിൽ അന്ത്യോഖ്യായിൽ ഒരു കൗൺസിൽ (Dedication Council) ചേരുകയും മോർ അത്താനാസിയോസിനെതിരെ ടയർ കൗൺസിലിന്റെ തീരുമാനങ്ങൾ സ്ഥിരീകരിക്കുകയും ചെയ്തു. എന്നാൽ മോർ യൂലിയോസ് ഏ. ഡി. 341 നവംബറിൽ അൻപതിലധികം മേൽപ്പട്ടക്കാരുടെ ഒരു സുന്നഹദോസ് വിളിച്ചുകൂട്ടി മോർ അത്താനാസിയോസിനെതിരായ ആരോപണങ്ങളെല്ലാം തള്ളിക്കളയുകയും അദ്ദേഹത്തെ സ്വീകരിക്കുകയും ചെയ്തു.

മോർ അത്താനാസിയോസിന്റെ സംരക്ഷകനായിട്ടാണ് ചരിത്രകാരന്മാർ യൂലിയോസിനെ വിവരിക്കുന്നത്. മോർ അത്താനാസിയോസ് രണ്ടാം തവണ നാടുകടത്തപ്പെട്ടപ്പോൾ മോർ യൂലിയോസാണ് അഭയം നൽകിയത് (Douglas, 1978, p. 555; *The new Encyclopaedia Britannica*, 1988).

മോർ യൂലിയോസ് എ. ഡി 337 മുതൽ ഏ. ഡി. 352 വരെ റോമിലെ പാത്രിയർക്കീസായിരുന്നു. ഈ പിതാവ് പന്ത്രണ്ട് അപ്പൊസ്തോലന്മാരുടെ നാമത്തിൽ ഒരു പള്ളി റോമിലും മറ്റൊരു ദൈവാലയം കന്യക മറിയാമിന്റെ നാമത്തിലും പണികഴിപ്പിച്ചു (*Encyclopaedia Americana,* 1988). അന്ത്യോഖ്യാ സഭയ്ക്കും അലക്സന്ത്രിയാ സഭയ്ക്കുമായി ഇദ്ദേഹമെഴുതിയ ലേഖനങ്ങൾ നിലവിലുണ്ട് (*Nelson's Encyclopaedia,* 1913). വിശുദ്ധ യൂലിയോസ് ഒരു കുർബാന തക്സാ ക്രമീകരിച്ചിട്ടുണ്ട്. ഈ

തക്സായിലെ രണ്ടാമത്തെ വരവിനെ പ്രതീക്ഷിച്ചുകൊണ്ടുള്ള പ്രാർത്ഥന ശ്രദ്ധേയമാണ്. ഈ പിതാവ് എ. ഡി. 352 ഏപ്രിൽ 12-ാം തീയതി കാലം ചെയ്തു.

## അലക്സന്ത്രിയാ പാത്രിയർക്കീസായ മോർ അത്താനാസിയോസ്

**(എ. ഡി. 295? - 373)**

മോർ അത്താനാസിയോസ് എ. ഡി. 295ൽ അലക്സന്ത്രിയായിൽ ജനിച്ചു. ധനികരായ ക്രൈസ്തവ മാതാപിതാക്കന്മാരുടെ മകനായി ജനിച്ച മോർ അത്താനാസിയോസ് അലക്സന്ത്രിയായിൽ യവന ഇതിഹാസങ്ങളും ദൈവശാസ്ത്രവും പഠിച്ചു (Quasten, 1960; Douglas, 1978; Hoever, 1989).

എ. ഡി. 315 നോടടുത്ത് ഈജിപ്റ്റിലെ വിശുദ്ധ അന്തോനിയോസിന്റെ കൂടെ കുറെനാൾ മരുഭൂമിയിൽ ധ്യാനത്തിലും പ്രാർത്ഥനയിലും ചെലവഴിച്ചു. മോർ അന്തോനിയോസിന്റെ ജീവചരിത്രം മോർ അത്താനാസിയോസ് രചിച്ചിട്ടുണ്ട്. വിശുദ്ധ അന്തോനിയോസ് മോർ അത്താനാസിയോസിന് ഒരു ആട്ടിൻ തോലും അദ്ദേഹം കിടക്കുന്നതിനുപയോഗിച്ചിരുന്ന വിരിയും അവസാന നാളുകളിൽ കൊടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട് (*Athanasius of Alexandria,* 1932).

എ. ഡി. 319ൽ തന്റെ മുൻഗാമിയായ അലക്സാണ്ടർ പാത്രിയർക്കീസിൽ നിന്ന് ശെമ്മാശപ്പട്ടം സ്വീകരിച്ചു. തുടർന്ന് അദ്ദേഹത്തിന്റെ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചു. മോർ അത്താനാസിയോസിന്റെ ജീവചരിത്രം അടുത്ത തലമുറകൾ അറിയുന്നത് അദ്ദേഹത്തിന്റെ തന്നെ എഴുത്തുകളിൽ നിന്നും നസിയൻസിലെ ഗ്രിഗറിയുടെ പ്രസംഗങ്ങളിൽനിന്നും (Oration 21) വർണ്ണനാപരമായ ഒരു കോപ്റ്റിക് കൃതിയിൽ നിന്നുമാണ് (Quasten, 1960). നസിയൻസസിലെ ഗ്രിഗറി ഇദ്ദേഹത്തെ 'സ

ഭയുടെ തൂണ്' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. 'ഓർത്ത ഡോക്സ് വിശ്വാസത്തിന്റെ പിതാവ്' എന്ന പേരിലും മോർ അത്താനാസിയോസ് അറിയപ്പെടുന്നു (White, 1991). കേവലം 20 വയസ്സുള്ളപ്പോൾ *On the incarnation of the word of God* എന്ന കൃതി മോർ അത്താനാസിയോസ് തയ്യാറാക്കിയത് അറിയോസി ന്റെ വേദവിപരീതത്തിനുള്ള ശക്തമായ മറുപടിയാണ് (Douglas, 1978). ഈ കൃതിയുടെ കൈയെഴുത്ത് പ്രതി യെരൂശലേമിലെ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട് (Aphrem I, 2000).

അലക്സന്ത്രിയായിലെ ഒരു വൃദ്ധപുരോഹിതനായ അ റിയോസ് (Arius) യേശുമിശിഹാ ദൈവമല്ല എന്നും പുത്രൻ ദൈവത്തിന് സാദൃശ്യമുള്ളവൻ മാത്രമാണെന്നും സൃഷ്ടികളു ടെ ആരംഭത്തിൽ സൃഷ്ടിക്കപ്പെട്ടവനാണെന്നും പ്രചരിപ്പിച്ചു (Aphrem, 1963). അറിയോസ് തന്റെ വേദവിപരീതങ്ങൾ നല്ല ഇമ്പമുള്ള ഗാനങ്ങളായി രചിച്ച് പ്രചരിപ്പിച്ചതിനാൽ ജനങ്ങളിൽ വളരെപ്പേർ അറിയോസിനോടു ചേർന്നുനിന്നു.

സഭയിലെ കലഹം അവസാനിപ്പിക്കുന്നതിന് കുസ്തന്തീ നോസ് ചക്രവർത്തി എപ്പിസ്കോപ്പയായ ഓസിയോസിനെ (of Corduba, Spain) നിയോഗിച്ചെങ്കിലും ആ പരിശ്രമം വിജയിച്ചില്ല. എ. ഡി. 325ൽ നിഖ്യാ സുന്നഹദോസ് വിളിച്ചുകൂട്ടുകയും അറിയോസിനെ വിസ്തരിക്കുകയും അറിയോസിന്റെ പഠിപ്പി ക്കലുകൾ വേദവിപരീതമെന്ന് തീരുമാനിക്കുകയും ചെയ്തു. നിഖ്യാസുന്നഹദോസിൽ അലക്സന്ത്രിയാ പാത്രിയർക്കീസായ അലക്സാണ്ടറിന്റെ സെക്രട്ടറിയായി പ്രവർത്തിച്ചത് അത്താ നാസിയോസ് ശെമ്മാശനായിരുന്നു (White, 1992). ശെമ്മാശൻ സുന്നഹദോസിൽ പ്രസംഗിച്ചതുവഴിയായി അദ്ദേഹത്തിന്റെ പ്രതിഭയും പ്രശസ്തിയും പ്രകാശിതമായി (Mootheden, 2001). അലക്സാണ്ടർ പാത്രിയർക്കീസിന്റെ സെക്രട്ടറി എന്ന നില യിൽ പാത്രിയർക്കീസെഴുതിയ കല്പനകളിലും ലേഖനങ്ങളി ലും അത്താനാസിയോസ് ശെമ്മാശന്റെ പങ്ക് സ്പഷ്ടമാണ് (Cardinal Newman, 1890).

എ. ഡി. 328ൽ അലക്സാണ്ടർ പാത്രിയർക്കീസ് കാലം ചെ യ്തു (Quasten, 1960; Douglas, 1978). മുപ്പത്തിമൂന്നുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന അത്താനാസിയോസ് സിംഹാസനാരൂഢനാ

യി. നാലാം നൂറ്റാണ്ടിലെ ക്രൈസ്തവ ചരിത്രം പ്രധാനമായും മോർ അത്താനാസിയോസിന്റെ ചരിത്രമാണ്. പലവിധ അപവാദങ്ങൾ മോർ അത്താനാസിയോസിനെതിരെ പ്രചരിപ്പിക്കുകയും അദ്ദേഹത്തെ അഞ്ചു തവണ നാടുകടത്തുകയും വധിക്കുന്നതിനു ശ്രമിക്കുകയും ചെയ്തു. ഒരിക്കൽ അറിയോസ് പക്ഷക്കാർ, മരിച്ച ഒരാളുടെ വലതുകരം ഛേദിച്ചുകൊണ്ടു വരികയും അത് മാർ അത്താനാസിയോസ് വധിച്ച അർസാനിയോസ് എന്ന എപ്പിസ്കോപ്പയുടെ വലതു കൈ ആണെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തു. എന്നാൽ അർസാനിയോസിനെ മോർ അത്താനാസിയോസ് ജീവനോടെ ഹാജരാക്കുകയും അറിയോസ് പക്ഷക്കാരുടെ ആരോപണം കഴമ്പില്ലാത്തതാണെന്ന് തെളിയുകയും ചെയ്തു (Aphrem, 1963).

എ. ഡി. 335ൽ ടയറിൽ (Tyre) ചേർന്ന സുന്നഹദോസ് മോർ അത്താനാസിയോസിനെ പുറത്താക്കി. രണ്ടു വർഷത്തിനു ശേഷം എ. ഡി. 337 നവംബർ 23-ാം തീയതി അദ്ദേഹം ഭദ്രാസനത്തിൽ തിരിച്ചെത്തി (Quasten, 1960). എ. ഡി. 339ൽ നിക്കോമേദിയായിലെ മെത്രാനായ യൂസേബിയോസിന്റെ താല്പര്യത്തിൽ കൂടിയ സുന്നഹദോസ് മോർ അത്താനാസിയോസിനെ സ്ഥാനഭ്രഷ്ടനാക്കി. മോർ അത്താനാസിയോസ് റോമിലെ പാത്രിയർക്കീസായ മോർ യൂലിയോസ് ഒന്നാമന്റെ അടുക്കൽ അഭയംതേടി. എ. ഡി. 341ൽ റോമിൽ കൂടിയ സുന്നഹദോസ് മോർ അത്താനാസിയോസിനെ കുറ്റവിമുക്തനാക്കി. എ. ഡി. 343ൽ സെർദിക്കയിൽ (Serdica) ചേർന്ന സുന്നഹദോസ് മോർ അത്താനാസിയോസിനെ അലക്സന്ത്രിയായിലെ നിയമാനുസൃത പാത്രിയർക്കീസായി പ്രഖ്യാപിച്ചു.

എ. ഡി. 345ൽ കപ്പദോക്കിയായിലെ ഗ്രിഗറി മരിക്കുന്നതുവരെ മോർ അത്താനാസിയോസിന് ഈജിപ്റ്റിലേക്ക് മടങ്ങാൻ കഴിഞ്ഞില്ല. മോർ അത്താനാസിയോസിനെ സംരക്ഷിച്ചുകൊണ്ടിരുന്ന കോൺസ്റ്റാൻസ് (Constans) ചക്രവർത്തി എ. ഡി. 350ൽ നിര്യാതനായി. കോൺസ്റ്റാന്റിയസ് (Constantius) ചക്രവർത്തി മോർ അത്താനാസിയോസിനെതിരെ പ്രവർത്തിക്കുകയും കപ്പദോക്യയിലെ ജോർജ്ജ് മെത്രാനെ അലക്സന്ത്രിയാസിംഹാസനത്തിൽ നിയമിക്കുകയും ചെയ്തു. ഇതേത്തുടർന്ന്

സ്ഥാനഭ്രഷ്ടനാക്കപ്പെട്ട മോർ അത്താനാസിയോസ് ഈജിപ്റ്റിലെ സന്യാസികളോടൊത്ത് ജീവിച്ചു. ഈ കാലഘട്ടത്തിൽ (ഏ. ഡി. 355-361) ഈജിപ്റ്റിൽ വച്ചെഴുതിയ പുസ്തകങ്ങളാണ് *Apology to Constantius, Apology for his flight, The letter to the Monks, The history of Arians* എന്നിവ. ഏ. ഡി. 329-348 കാലഘട്ടത്തിൽ മോർ അത്താനാസിയോസ് എഴുതിയ 15 ഉയിർപ്പുപെരുന്നാൾ കല്പനകളുടെ കയ്യെഴുത്ത് പ്രതികൾ ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട് (Aphrem I, 2000).

ഏ. ഡി. 361ൽ Constantius നിര്യാതനായി. ഏ. ഡി. 361 ഡിസംബർ 23ാം തീയതി അതിക്രമിച്ച് അധികാരം കൈവശപ്പെടുത്തിയ കപ്പദോക്യയിലെ ജോർജ്ജ് മെത്രാൻ കൊല ചെയ്യപ്പെട്ടു. ഈ സാഹചര്യത്തിൽ ഏ. ഡി. 362 ഫെബ്രുവരി 22-ാം തീയതി മോർ അത്താനാസിയോസ് മടങ്ങിവന്നു. വീണ്ടും രണ്ടു തവണ കൂടി മോർ അത്താനാസിയോസ് നാടുകടത്തപ്പെട്ടു. അതിൽ ഒടുവിലത്തേത് ഏ. ഡി. 365ൽ ആയിരുന്നു. ഈ പിതാവിന്റെ ഏ. ഡി. 367ലെ ഈസ്റ്റർ കല്പനയിൽ പള്ളിയിൽ വായിക്കേണ്ട 27 പുതിയനിയമ പുസ്തകങ്ങളെ സംബന്ധിച്ച് ആജ്ഞാപിച്ചിട്ടുണ്ട്. 'ഇവയോട് ആരും ഒന്നും കൂട്ടിച്ചേർക്കരുത്. ആരും ഒന്നും എടുത്ത് മാറ്റരുത്' (Comfort, 1992, p. 74).

എ. ഡി. 373 വരെ സമാധാനപരമായി ഭരണം നടത്തുന്നതിന് മോർ അത്താനാസിയോസിന് സാധിച്ചു. 45 വർഷത്തെ (ഏ. ഡി. 328-373) പാത്രിയർക്കാ വാഴ്ചയിൽ മോർ അത്താനാസിയോസ് അഞ്ചുതവണകളിലായി 17 വർഷങ്ങൾ ഒളിവിലും മരുഭൂമിയിലും അന്യദേശത്തും താമസിക്കേണ്ടിവന്നു. എന്നിരുന്നാലും സത്യവിശ്വാസം അടുത്ത തലമുറയ്ക്ക് കൈമാറുന്നതിന് ഈ പിതാവിന് സാധിച്ചു. മോർ അത്താനാസിയോസ് പാത്രിയർക്കീസ് ഏ. ഡി. 373 മെയ് 2-ാംതീയതി കാലംചെയ്തു.

# പരിശുദ്ധനായ മോർ ദിയസ്ക്കോറോസ്
## (ഏ. ഡി. ? - 454)

അലക്സന്ത്രിയാ പാത്രിയർക്കീസ് മോർ ദിയസ്ക്കോറോസിന്റെ ജനനം, മാതാപിതാക്കൻമാർ, വിദ്യാഭ്യാസം എന്നിവയെക്കുറിച്ചുള്ള വിവരണങ്ങൾ ലഭ്യമല്ല. ഇദ്ദേഹം മുൻഗാമിയായ വി. കൂറിലോസിന്റെ (Cyril) ആർച്ച് ഡീക്കനായി സേവനം ചെയ്തിട്ടുണ്ട് (Smith & Wace, 1877). ഏ. ഡി. 431ലെ എഫേസോസ് സുന്നഹദോസിൽ സംബന്ധിക്കാനായി ഇദ്ദേഹവും പോയിരുന്നു (*The Encyclopaedia Americana,* 1988). വി. കൂറിലോസ് കാലംചെയ്തപ്പോൾ ഏ. ഡി. 444ൽ അലക്സന്ത്രിയാ പാത്രിയർക്കീസായി മോർ ദിയസ്ക്കോറോസ് വാഴിക്കപ്പെട്ടു (Cross & Living Stone, 1974).

ദയറാ തലവനായ യൂത്തീക്കോസും (Euthyches) അദ്ദേഹത്തിന്റെ എപ്പിസ്കോപ്പയായ കുസ്തന്തീനോസ് പോലീസിലെ ഫലബിയാനോസും തമ്മിൽ ക്രിസ്തുശാസ്ത്രത്തെ സംബന്ധിച്ച് തർക്കമുണ്ടായി (Aphrem, 1963). യൂത്തീക്കോസിനെ കുസ്തന്തീനോസ് പോലീസിലെ സുന്നഹദോസ് (ഏ. ഡി. 448) ശിക്ഷിച്ചിരുന്നു (*Encyclopaedia Britanica*, 2001). മേൽപ്പറഞ്ഞ സാഹചര്യത്തിൽ ഈ വിഷയം ചർച്ചചെയ്യുന്നതിനായി തിയഡോഷ്യസ് രണ്ടാമൻ ചക്രവർത്തി ഏ. ഡി. 449ൽ ലിയോ ഒന്നാമൻ പാപ്പയുടെ അംഗീകാരത്തോടെ ഒരു സുന്നഹദോസ് വിളിച്ചുകൂട്ടി. യൂത്തിക്കോസിന്റെ ക്രിസ്തുശാസ്ത്ര ചിന്താഗതി The encyclopaedia Americanaയിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "Euthyches, an ardent antinestorian, denied the orthodox teaching by asserting that "human nature of christ was absorbed by the divine" an error usually called monophysitism."

ഏ. ഡി. 449 ആഗസ്റ്റ് 8-ാം തീയതി എഫേസോസിലെ സെന്റ് മേരീസ് ദൈവാലയത്തിൽ കൂടിയ രണ്ടാമത്തെ സുന്നഹദോസിൽ 150 മെത്രാപ്പോലീത്തന്മാർ പങ്കെടുത്തു (Smith & Wace, 1877). ഈ സുന്നഹദോസിന്റെ അധ്യക്ഷനായിരുന്നു മോർ ദിയസ്ക്കോറോസ്. 'വിശുദ്ധ കന്യക മറിയാമിൽ നിന്നും ശരീരം

ധരിച്ച മിശിഹായിൽ അത്ഭുതകരമായ സംയോജിപ്പിനു ശേഷം രണ്ടു ക്നുമാകൾ' ഉണ്ടെന്നുള്ള വേദവിപരീത്തെ ഈ സുന്ന ഹദോസ് ശപിച്ചു തള്ളി. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട സാർവ്വത്രിക സുന്നഹദോസുകളുടെ തീരുമാനത്തിൽ നിന്ന് വ്യതിചലിക്കരുതെന്ന് ഈ സുന്നഹദോസ് തീരുമാനമെടുത്തു. ക്രിസ്തു ശാസ്ത്രത്തെ സംബന്ധിച്ച വിഷയത്തിൽ പൂർവ്വപി താക്കന്മാരുടെ പഠിപ്പിക്കലിൽനിന്ന് അണുവിട മാറാത്തതിനാൽ ഇദ്ദേഹം അനേകം കഷ്ടതകൾ സഹിച്ചു.

ഏ. ഡി. 449-ലെ സുന്നഹദോസിന്റെ പശ്ചാത്തലത്തിൽ ഇരുസ്വഭാവവാദത്തെ അനുകൂലിച്ചും പ്രതികൂലിച്ചും ദയറാ ക്കാരും സഭാമേലധ്യക്ഷന്മാരും ഭരണകർത്താക്കളും പക്ഷം ചേർന്നു. ഈവിധ തർക്കങ്ങളും വിഭാഗീയതയും കൊടുമ്പി രിക്കൊണ്ടിരിക്കുമ്പോൾ ഏ. ഡി. 450 ജൂലൈ 28-ാം തീയതി തേവോദോസിയോസ് ചക്രവർത്തി അനന്തരാവകാശിയില്ലാതെ നിര്യാതനായി. സഹോദരിയായ ഫൊൾക്കേറിയ (Pulcheria) ഒരു സന്യാസിനിയായിരുന്നു. ഭരണാധികാരികളുടെ സഹായമാഗ്ര ഹിച്ച നെസ്തോറിയരായ സഭാ മേലധ്യക്ഷന്മാർ ഫൊൾക്കേ റിയയുടെ വിവാഹത്തിന് അനുവാദം നൽകി. ഫൊൽക്കേറിയ മർക്കിയാനെ (Marcian) വിവാഹം കഴിച്ച് രാജ്ഞിയായി അവ രോധിക്കപ്പെട്ടു.

അധികാരത്തിലെത്തിയ, 'ഇരുസ്വഭാവ' വാദത്തെ അനുകൂലി ക്കുന്ന മർക്കിയാൻ പുറത്താക്കപ്പെട്ടിരുന്ന നെസ്തോറിനെ തിരി കെ വിളിപ്പിച്ചു. ജയഭേരി മുഴക്കി നെസ്തോർ ദൈവമാതാവിനെ അധിക്ഷേപിച്ചുകൊണ്ടു പറഞ്ഞു: ‘‘മറിയാമേ നീ ഇനിയും ദൈവമാതാവെന്ന് വിളിക്കപ്പെടുമോ?’’ തൽക്ഷണം നെസ്തോർ യാത്ര ചെയ്തിരുന്ന വാഹനത്തിൽ നിന്ന് വീഴുകയും അപമൃ ത്യുവിന് ഇരയാകുകയും ചെയ്തു (Aphrem, 1963).

ഏ. ഡി. 449-ലെ രണ്ടാം എഫേസോസ് സുന്നഹദോസ് റോമിലെ ലേവോൻ പാപ്പയും (Leo I) അലക്സന്ത്രിയാ പാത്രി യർക്കീസായ മോർ ദിയസ്ക്കോറോസും തമ്മിൽ പിണക്ക ത്തിന് കാരണമായി. ലേവോന്റെ പ്രതിനിധികൾവശം രണ്ടാം എഫേസോസ് സുന്നഹദോസിൽ വായിക്കാനായി ലേവോൻ കൊടുത്തയച്ച ലേഖനം അധ്യക്ഷനായ മോർ ദിയസ്കോറോസ്

വായിക്കാൻ അവസരം ഉണ്ടാക്കിയില്ല. ഇതിനു കാരണമായി മോർ ദിയോസ്കോറോസ് പറയുന്നത് ലേവോന്റെ ലേഖനത്തിൽ നെസ്തോറിനോടു ചേരുന്ന ചില സൂചനകൾ ഉണ്ടായിരുന്നു എന്നും അതു വായിക്കപ്പെട്ടാൽ ലേവോൻ മുടക്കപ്പെടുമെന്നും അതു സംഭവിക്കാതിരിപ്പാൻ ലേഖനം വായിക്കാതെ ക്രമീകരിച്ചുവെന്നുമാണ് (Aphrem, 1963).

രണ്ടാം എഫേസോസ് സുന്നഹദോസിൽ ചൂടേറിയ വാക്കുതർക്കങ്ങൾ ഉണ്ടായി. ലേവോൻ പാപ്പ ഈ സുന്നഹദോസിനെ കൊള്ളക്കാരുടെ സുന്നഹദോസ് (Robber Synod) എന്നാണ് വിശേഷിപ്പിച്ചത് (Encarta, 2001). റോമാ സിംഹാസനം രണ്ടാം എഫേസോസ് സുന്നഹദോസിൽ അധിക്ഷേപിക്കപ്പെട്ടുവെന്നുള്ള ലേവോന്റെ (Leo I) ചിന്താഗതിയും ഇതുമൂലമുള്ള പിണക്കവും കൽക്കദൂനാ (Chalcedon) സുന്നഹദോസിലേക്കു നയിച്ചുവെന്നു പറയാം.

ഏ. ഡി. 451 ഒക്ടോബർ 8-ാം തീയതി കൽക്കദുനിയാ പട്ടണത്തിൽ ഓഫിമിയ രക്തസാക്ഷിണിയുടെ പള്ളിയിൽ കൂടിയ സുന്നഹദോസിൽ മോർ ദിയസ്ക്കോറോസ് വിചാരണ ചെയ്യപ്പെട്ടു. അദ്ദേഹം പറഞ്ഞു. കുസ്തന്തീനോസ് പോലീസിലെ ഫലബിയാനോസ് 'യോജിപ്പിനു ശേഷം മിശിഹായിൽ രണ്ടു സ്വഭാവം ഉണ്ടെന്നു' പറഞ്ഞതിനാൽ സ്വസ്ഥാനത്തുനിന്നു നിഷ്കാസിതനായി. സംയോജിപ്പിനുശേഷം ജഢധാരണം ചെയ്ത ദൈവത്തിനു ഒരു സ്വഭാവമേയുള്ളുവെന്നും രണ്ടെന്നു പറയുവാൻ പാടില്ല എന്നും കാണിക്കുന്ന വി. പിതാക്കന്മാരായ അത്താനാസിയോസിന്റെയും ഗ്രിഗോറിയോസിന്റെയും കൂറിലോസിന്റെയും രേഖകൾ എന്റെ കൈവശമുണ്ട്. ഇവർ എന്നെ പിതാക്കന്മാരോടുകൂടെ നാടുകടത്തുമെന്ന് എനിക്കറിയാം. എന്നാലും പിതാക്കന്മാരുടെ വിശ്വാസസത്യത്തെ ഞാൻ ഉപേക്ഷിക്കുകയില്ല (Aphrem, 1963).

കൽക്കദൂനാ സുന്നഹദോസ് മോർ ദിയസ്ക്കോറോസ് പാത്രിയർക്കീസിനെ മുടക്കുകയും നിർബന്ധിച്ച് തീരുമാനത്തിൽ ഒപ്പിടുന്നതിന് മർക്കിയാന്റെ പടനായകനായ യൂഹന്നാനെ അയയ്ക്കുകയും ചെയ്തു. ആ പരിശുദ്ധൻ പറഞ്ഞു: 'എന്റെ കരം ഛേദിക്കപ്പെട്ട് രക്തം ധാരയായി കടലാസിലൂടെ ഒഴുകിയാലും

ഞാനിത് ഒരുനാളും ചെയ്യുകയില്ല'. അപ്പോൾ മർക്കിയാന്റെ ആ ജ്ഞാനുസരണം മോർ ദിയസ്ക്കോറോസിനെ ഗംഗാറയിലേക്ക് (Gangra, Paphlagonia, now Cankiri, Turkey) നാടുകടത്തുകയും എ. ഡി. 454 സെപ്റ്റംബർ 4-ാം തീയതി അവിടെ വച്ച് കാലം ചെ യ്യുകയുമാണുണ്ടായത് (*The Encyclopedia Americana*, 1988).

ഈ പരിശുദ്ധ പിതാവിനെ വി. കുർബാനയിലെ 5-ാം തു ബ്ദേനിൽ ഓർക്കുകയും സെപ്റ്റംബർ 4-ാം തീയതി ഓർമ്മ ആചരിക്കുകയും ചെയ്യുന്നു.

## അലക്സന്ത്രിയായിലെ മോർ ദീവന്നാസിയോസ്

**(എ. ഡി. 190? - 265)**

ദീവന്നാസിയോസ്, രണ്ടാം നൂറ്റാണ്ടിന്റെ അവസാന ദശ കത്തിൽ ഒരു ധനിക കുടുംബത്തിൽ ജനിച്ചു (Smith & Wace, 1877). മാതാപിതാക്കന്മാർ അക്രൈസ്തവരായിരുന്നു. സ്വയമായ പഠനത്തിലൂടെ ക്രിസ്തുമത വിശ്വാസിയായിത്തീർന്ന ദീവന്നാ സിയോസ് ഒറിഗണിന്റെ ശിഷ്യനായിരുന്നു.

എ. ഡി. 233ൽ പുരോഹിതനായ ദീവന്നാസിയോസ് (Smith & Wace, 1877), ഹിരാക്ലിസ് അലക്സന്ത്രിയായിലെ മെത്രാപോലീ ത്തയായ ശേഷം അലക്സന്ത്രിയായിലെ ദൈവശാസ്ത്രവിദ്യാല യത്തിന്റെ തലവനായി 14 വർഷം സേവനം ചെയ്തു (Douglas, 1978). എ. ഡി. 247 മുതൽ കാലം ചെയ്യുന്നതുവരെ (247-265) അലക്സന്ത്രിയാ പാത്രിയർക്കീസായി സഭയെ ശുശ്രൂഷിച്ചു (Cross & Livingstone, 1974; Eusebius, 1980).

ദോക്കിയോസിന്റെ (Decian) പീഡയെ തുടർന്ന് (എ. ഡി. 249-251) എ. ഡി. 250ൽ ലിബിയായിലെ കിഫ്റോ എന്ന സ്ഥല ത്തേക്ക് നാടുകടത്തപ്പെട്ടു (Abdul Ahad, 1948). പിന്നീട് മറിയൂത്ത് എന്ന സ്ഥലത്തേക്ക് മാറുകയും ഗാലിയന്റെ കാലത്ത് തിരിച്ചു വരികയും ചെയ്തു. വലേറിയന്റെ പീഡയെത്തുടർന്ന് എ. ഡി.

257ൽ വീണ്ടും നാടുകടത്തപ്പെട്ടെങ്കിലും ഏ. ഡി. 260ൽ തിരിച്ചെത്തി (Douglas, 1978).

ധാരാളം എഴുതിയിട്ടുള്ള ഒരു സഭാ പിതാവാണ് മോർ ദീവന്നാസിയോസ്. ത്രിത്വത്തെ സംബന്ധിച്ച് Sabellius ന്റെ പഠിപ്പിക്കലുകൾക്കെതിരായി എഴുതിയ ലേഖനങ്ങളും പീഡയിലെ അനുഭവങ്ങളും വേദവിപരീതികളോട് ചേർന്നവർ തിരിച്ചുവരുമ്പോൾ വീണ്ടും മാമോദീസ മുക്കേണ്ടതില്ല എന്നതിനെപ്പറ്റിയും, (Smith & Wace, 1877; Cross & Livingstone, 1974) ഏ. ഡി. 253ൽ ഗുരുവായ ഒറിഗൺ നിര്യാതനായപ്പോൾ അദ്ദേഹത്തെ പ്രകീർത്തിച്ചും എഴുതിയിട്ടുണ്ട് (Douglas, 1978).

ത്രിത്വത്തിലെ ആളത്വങ്ങളെ സംബന്ധിച്ചുള്ള പദപ്രയോഗങ്ങൾ ദൈവശാസ്ത്രജ്ഞർക്കിടയിൽ അക്കാലത്ത് ഏറെ ചർച്ചചെയ്യപ്പെട്ടിരുന്നു. ഹൈപ്പോസ്റ്റാസിസ് (Hypostasis) എന്ന ഗ്രീക്കു പദത്തിന് സത്ത (essence) അഥവാ സ്വഭാവം (Nature) എന്നർത്ഥമുണ്ട്. 'ദൈവത്വത്തിലെ സത്ത' (essence of the divine nature) എന്ന അർത്ഥത്തിലാണോ അതോ 'ആളത്വത്തിലെ സത്ത' (essence of each divine person) എന്ന അർത്ഥത്തിലാണോ ഹൈപ്പോസ്റ്റാസിസ് എന്ന പദം ഉപയോഗിക്കുന്നത് എന്നതായിരുന്നു തർക്കത്തിനടിസ്ഥാനം. ദൈവത്വത്തിലെ സത്തയെ വിഭജിക്കുന്നത് വേറിട്ട ദൈവങ്ങളെ (Separate Gods) ഉണ്ടാക്കുന്നതിനു തുല്യമാണെന്ന് ചിലർ അഭിപ്രായപ്പെട്ടു. ഈ തർക്കത്തിന്റെ സ്വാഭാവിക പരിണാമമാണ് നിഖ്യാ സുന്നഹദോസിൽ ചർച്ചാവിഷയമായത്.

സുറിയാനി സഭാവിശ്വാസമനുസരിച്ച് പിതാവ്, പുത്രൻ, പരിശുദ്ധ റൂഹാ എന്നീ ത്രിത്വം തുല്യതയുള്ളതും, നിത്യതയുള്ളതും, അനാദിയായതും, ഒന്ന് മറ്റൊന്നിനു മുമ്പോ, പിമ്പോ അല്ലാത്തതും ഒന്ന് മറ്റൊന്നിനേക്കാൾ ചെറുതോ, വലുതോ അല്ലാത്തതുമാകുന്നുവെന്നാണ്. ഏക ദൈവത്തിലെ മൂന്നു ആളത്വങ്ങളെയാണ് പിതാവ്, പുത്രൻ, പരിശുദ്ധ റൂഹാ എന്ന് പറയുന്നത്. ഈ പഠിപ്പിക്കലിന്റെ ശക്തനായ വക്താവായിരുന്നു മോർ ദീവന്നാസിയോസ്.

ഏ. ഡി. 264-65ൽ സമോസത്തിലെ പൗലൂസിന്റെ (Paul of Samosata) അഭിപ്രായങ്ങൾ പരിഗണിക്കുന്നതിനുള്ള സുന്നഹദോസിൽ സംബന്ധിക്കുന്നതിന് മോർ ദീവന്നാസിയോസ് ക്ഷണിക്കപ്പെട്ടെങ്കിലും അന്ത്യോഖ്യയിലെത്തുന്നതിന് അനാരോഗ്യം മൂലം സാധിച്ചില്ല. താമസിയാതെ ഏ. ഡി. 265ൽ ഈ പിതാവ് കാലം ചെയ്തു (Douglas, 1978). ഈ പിതാവിന്റെ ഓർമ്മ ഒക്ടോബർ 3-ാം തീയതി സഭ ആഘോഷിക്കുന്നു.

## പരിശുദ്ധ അബ്ദേദ് ആലോഹോ രണ്ടാമൻ
(1833 - 1915)

മകലുഫ് വംശത്തിൽ യാക്കൂബിന്റെ പുത്രനായ അബ്ദുള്ള (Abd Allah) ഹോംസിന് സമീപമുള്ള സദാദ് (Sadad) ഗ്രാമത്തിൽ 1833ൽ ജനിച്ചു (Aphrem, 1964). ബാല്യത്തിൽ തന്നെ സന്യാസ ജീവിതചര്യങ്ങൾ ഇഷ്ടപ്പെടുകയും ഊർശ്ലേമിലെ വി. മർക്കോസിന്റെ ദയറായിൽ വച്ച് ദയറാവസ്ത്രം സ്വീകരിക്കുകയും ചെയ്തു.

ഊർശ്ലേമിന്റെ മെത്രാപോലീത്തയായിരുന്ന മോർ ഒസ്താത്തിയോസ് അബ്ദുൾ നൂറിന്റെ ശിഷ്യനും സന്തത സഹചാരിയുമായിരുന്നു അബ്ദുള്ള. വി. മർക്കോസിന്റെ ദയറായ്ക്ക് സാമ്പത്തിക ബാധ്യതയുണ്ടായിരുന്ന ആ കാലഘട്ടത്തിൽ മോർ ഒസ്താത്തിയോസ് ബാവയുടെ പരിശ്രമഫലമായി കടത്തിന്റെ നല്ല ഒരു പങ്ക് വീട്ടുകയുണ്ടായി. പ. യാക്കോബ് ദ്വിതീയൻ പാത്രിയർക്കീസ് ബാവായുടെ അനുമതിയോടെ പല ഇടവകകളിൽ നിന്നും പണം ശേഖരിക്കുകയും അതിന്റെ ഭാഗമായി അബ്ദുള്ള റമ്പാച്ചനുമൊത്ത് മോർ ഒസ്താത്തിയോസ് അബ്ദുൾ നൂർ ബാവാ മലങ്കരയിലും സന്ദർശനം നടത്തി. 1856-58 കാലഘട്ടത്തിൽ മലങ്കര സന്ദർശിക്കുന്നതിന് അന്നത്തെ ഇന്ത്യയിലെ അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായിരുന്ന മോർ കൂറിലോസ് യുയാക്കീം ബാവാ (മുളന്തുരുത്തിയിൽ കബറടങ്ങിയ) വേണ്ട ക്രമീകരണങ്ങൾ ചെയ്തു.

ഉറഹാക്കാരനായ മോർ ഒസ്താത്തിയോസ് അബ്ദുൾ നൂർ ബാവ 1867ൽ കാലംചെയ്തു. 1866 മുതൽ 1871 വരെ പ. ഇഗ്നാത്തിയോസ് യാക്കോബ് ദ്വിതീയൻ ബാവായുടെ സെക്രട്ടറിയായിരുന്ന അബ്ദുള്ളാ റമ്പാച്ചനെ 1872ൽ യെരൂശലേമിന്റെ മെത്രാപ്പോലീത്തയായി മോർ ഗ്രിഗോറിയോസ് എന്ന പേരിൽ വാഴിച്ചു (Aphrem I, 2000). പ. ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ 1875ൽ മലങ്കര സന്ദർശിച്ചപ്പോൾ മോർ ഗ്രിഗോറിയോസ് അബ്ദുള്ള ബാവായും കൂടെ വന്നിരുന്നു.

മലങ്കരയിലെ സന്ദർശനവേളയിലെ മുളന്തുരുത്തി സുന്നഹദോസ്, മലങ്കര സഭയ്ക്കുവേണ്ടി ആറു മെത്രാപോലീത്തന്മാരെ വാഴിക്കൽ, മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽ വച്ചുള്ള വി. മൂറോൻ കൂദാശ എന്നിവയിലെല്ലാം മോർ ഗ്രിഗോറിയോസ് അബ്ദുള്ള ബാവാ പങ്കെടുത്തിരുന്നു. മലങ്കരയിൽനിന്ന് തിരിച്ചെത്തിയ ശേഷം 1877ൽ സിറിയ, ആമീദ് എന്നീ ഭദ്രാസനങ്ങളിൽ മെത്രാപോലീത്തയായി മോർ ഗ്രിഗോറിയോസ് സേവനം അനുഷ്ഠിച്ചു. 1888ൽ ഇംഗ്ലണ്ടിൽ ലാംബത്ത് കോൺഫറൻസിൽ പങ്കെടുത്തു. ഇംഗ്ലണ്ട് സന്ദർശിച്ച രണ്ട് സന്ദർഭങ്ങളിൽ സഭയ്ക്കുവേണ്ടി രണ്ടു പ്രിന്റിംഗ് പ്രസ്സുകൾ വാങ്ങുന്നതിന് ക്രമീകരണം ചെയ്തു.

1894 ൽ പരിശുദ്ധ പത്രോസ് നാലാമൻ (മൂന്നാമനെന്നും പരാമർശിക്കപ്പെടുന്നുണ്ട്) പാത്രിയർക്കീസ് ബാവാ കാലംചെയ്തു. തുടർന്ന് പരിശുദ്ധ ഇഗ്നാത്തിയോസ് അബ്ദൽ മിശിഹാ ബാവാ പാത്രിയർക്കീസായി വാഴിക്കപ്പെട്ടു. 1903ൽ സഭാ സുന്നഹദോസ് അബ്ദൽ മിശിഹാ ബാവയെ സ്ഥാനഭ്രഷ്ടനാക്കി. പിന്നീട് 1906 ആഗസ്റ്റ് (സെപ്റ്റംബർ) 15-ാം തീയതി ആമീദിൽ വച്ച് മോർ ഗ്രിഗോറിയോസ് അബ്ദുള്ള ബാവയെ മോറാൻ മോർ ഇഗ്നാത്തിയോസ് അബ്ദേദ് ആലോഹോ രണ്ടാമൻ (Abded Aloho II) അഥവാ അബ്ദുള്ളാ രണ്ടാമൻ (Patriarch Abdullah II Sattuf) എന്ന പേരിൽ പാത്രിയർക്കീസായി വാഴിച്ചു. ഈ വാഴ്ചയെ സംബന്ധിച്ച് 1906 ചിങ്ങം 24-ാം തീയതി കുന്നംകുളം പള്ളിയിൽനിന്ന് പുലിക്കോട്ടിൽ ജോസഫ് മാർ ദീവാന്നിയോസ് തിരുമേനി മലങ്കരയിലെ എല്ലാ പള്ളികൾക്കും കല്പന അയയ്ക്കുകയും ചെയ്തു.

പുലിക്കോട്ടിൽ തിരുമേനിക്കു വാർധക്യമായതിനാൽ മലങ്കരസഭയ്ക്ക് പുതിയ മെത്രാപോലീത്തന്മാരെ വാഴിച്ചുതരുന്നതിന് പ. പാത്രിയർക്കീസ് അബ്ദുള്ള രണ്ടാമൻ ബാവായോട് അപേക്ഷിച്ചു. (അന്നും മുടക്കപ്പെട്ട അബ്ദുൾ മിശിഹാ ജീവിച്ചിരിപ്പുണ്ടായിരുന്നുവെന്ന വസ്തുതയും 1912ലെ കാതോലിക്ക പുനഃസ്ഥാപന വാദവും വൈരുധ്യം തന്നെ). പ. ബാവ കല്പിച്ചതനുസരിച്ച് 1908 കുംഭം 14ന് പഴയ സെമിനാരിയിൽ കൂടിയ പള്ളി പ്രതിപുരുഷയോഗം വന്ദ്യ കൊച്ചുപറമ്പിൽ പൗലോസ് റമ്പാനെയും വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാനെയും തെരഞ്ഞെടുത്ത് ഊർശ്ലേമിലേക്കയച്ചു. 1908 മെയ് 31ന് വന്ദ്യ പൗലോസ് റമ്പാനെ മോർ കൂറിലോസ് എന്ന പേരിലും വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാനെ മോർ ദിവന്നാസിയോസ് എന്നപേരിലും മെത്രാപോലീത്തന്മാരായി നിയമിച്ചു. അഭിനവ മെത്രാപോലീത്തന്മാരോടുകൂടെ സിംഹാസന പ്രതിനിധി മോർ ഒസ്താത്തിയോസ് സ്ലീബാ ബാവായും മലങ്കരയിൽ തിരിച്ചെത്തി.

1909ൽ പരിശുദ്ധ അബ്ദുള്ളാ ബാവാ മലങ്കര സന്ദർശിക്കുന്നതിന് എഴുന്നള്ളി. പ. ബാവായെ സ്വീകരിക്കുന്നതിന് വട്ടശ്ശേരിൽ മോർ ദീവന്നാസിയോസ് തിരുമേനിയും സഭാനേതാക്കന്മാരും ബോംബെയിലെത്തുകയും പ. ബാവായെ അനുഗമിക്കുകയും ചെയ്തു. പ. പാത്രിയർക്കീസ് ബാവായോടു കൂടെ വന്ന രണ്ട് റമ്പാച്ചന്മാരിൽ ഒരാളാണ് 1927-1962 കാലഘട്ടത്തിൽ അന്ത്യോഖ്യാ സിംഹാസനപ്രതിനിധിയായിരുന്ന പുണ്യശ്ലോകനായ മോർ യൂലിയോസ് ഏലിയാസ് ബാവാ (Kurien Corepiscopa, 1982).

ക്നാനായ സമുദായത്തിന്റെ പ്രഥമ മെത്രാപോലീത്ത മോർ സേവേറിയോസ് ഗീവറുഗീസ് തിരുമേനിയെ 1910 ആഗസ്റ്റ് 28-ാം തീയതി വടകര പള്ളിയിൽവച്ച് പ. അബ്ദുള്ളാ രണ്ടാമൻ ബാവാ വാഴിച്ചു. 1910 ഇടവം 30--ാം തീയതിയിലെ 42-ാം നമ്പർ കല്പനപ്രകാരം *മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പ്രാർത്ഥനാക്രമം* മലങ്കര മല്പാൻ ബ. മത്തായി കശീശാ (കോനാട്ട്) ക്രമീരിച്ചതിനു മുദ്രണാനുമതി നൽകി. 1911 കൂടാരപെരുനാൾ ദിവസം മുളന്തുരുത്തി പള്ളിയിൽ വച്ച് വി. മൂറോൻ കൂദാശ നടത്തിയശേഷം ആഗസ്റ്റ് 17-ാം തീയതി ആലുവ തൃക്കുന്നത്തു സെമിനാരിയിൽ വച്ച് പള്ളിപ്രതിപുരുഷ

യോഗം ചേർന്ന് വട്ടശ്ശേരി തിരുമേനിക്കു പകരം മലങ്കര മെത്രാപോലീത്തയായി പൗലോസ് മാർ കൂറിലോസ് തിരുമേനിയെ തെരഞ്ഞെടുത്തു.

1912ൽ ഊർശ്ലേമിൽ തിരിച്ചെത്തിയ പ. ബാവ 1915 ഡിസംബർ 9ന് കാലംചെയ്തു. ഊർശ്ലേമിലെ വി. മർക്കോസിന്റെ* ദയറാപ്പള്ളിയുടെ തെക്ക് ഭാഗത്ത് കബറടക്കപ്പെട്ടു. 2000-ാം ആണ്ട് മെയ് 9-ാം തീയതി വി. മർക്കൊസിന്റെ ദയറാപ്പള്ളിയിൽ വി. കുർബാന അർപ്പിക്കുന്നതിനും കബറിങ്കൽ പ്രാർത്ഥിക്കുന്നതിനും ഈ ലേഖകന് ദൈവം അവസരം തന്നു.

## മോർ ആഹൂദേമേ
(ഏ. ഡി. ? - 575)

കിഴക്കുള്ള സഭയുടെ അഭിമാനമായ മോർ ആഹൂദേമേ (Ahudemmeh) ഒരു തത്ത്വ ചിന്തകനും, ദൈവശാസ്ത്രജ്ഞനുമായിരുന്നു. ഈ പിതാവിന്റെ ബുദ്ധിസാമർത്ഥ്യവും ജീവിതവിശുദ്ധിയും സത്യവിശ്വാസ തീക്ഷ്ണതയും പ്രശംസനീയമാണ്.

മോർ ആഹൂദേമേ ബലാദിൽ ജനിച്ചു. ഏ. ഡി. 559 ൽ നിസിബിനും സിഞ്ചാറിനും ഇടയിൽ സ്ഥിതിചെയ്യുന്ന ബർബായ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. മോർ യാക്കോബ് ബുർദൊനോ (ഏ. ഡി. 505-578) ഇദ്ദേഹത്തെ കിഴക്കുള്ള പ്രദേശങ്ങളുടെ ചുമതലയേല്പിച്ചു. ചുറ്റിനടന്ന് കാലികളെ മേയിച്ച് ജീവിക്കുന്ന (Nomads) അറബികളിൽ വളരെപേരെ അദ്ദേഹം ക്രിസ്തുമതത്തിലേക്ക് ആനയിച്ചു. അവർക്കുവേണ്ടി രണ്ട് ആശ്രമങ്ങളും ഏതാനും പള്ളികളും പണി കഴിപ്പിച്ചു. സുവിശേഷവേല ചെയ്യുന്ന സ്ഥലങ്ങളിൽ അത്ഭുതങ്ങൾ ചെയ്യുന്നതിന് ദൈവം മോർ ആഹൂദേമേ അനുഗ്രഹിച്ചു (Aphrem I, 2000).

മോർ ആഹൂദേമേയുടെ പ്രവർത്തനത്താൽ ക്രിസ്ത്യാനികളായവരിൽ ഒരു രാജ്ഞിയുമുണ്ടായിരുന്നു. ഇത് രാജാവിനെ (King Khosrau I Anushirwan) പ്രകോപിപ്പിച്ചു. ഇതേത്തുടർന്ന്

മോർ ആഹൂദേമേ തടവിലാക്കപ്പെടുകയും ഏ. ഡി. 575 ആഗസ്റ്റ് 2-ാം തീയതി രക്തസാക്ഷിയാകുകയും ചെയ്തു. ഈ പിതാവിന്റെ ഭൗതികശരീരം തിഗ്രിസിനെതിരെയുള്ള ക്രോണ്ടയിലേക്കു (Qronta) കൊണ്ടുപോയി കബറടക്കി.

ഏ. ഡി. 484ൽ നെസ്തോറിയർ സഭാഭരണം കൈയടക്കിയശേഷം കിഴക്കിന്റെ വലിയ മെത്രാപ്പോലീത്തയായി ആദ്യം ചുമതലയേറ്റ പിതാവാണ് മോർ ആഹൂദേമേ. *മനുഷ്യസൃഷ്ടി, സൂക്ഷ്മ സൃഷ്ടിയായ മനുഷ്യൻ, സ്വതന്ത്രബുദ്ധി, ആത്മാവ്* എന്നീ വിഷയങ്ങളിൽ ഇദ്ദേഹം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട് (Aphrem I, 2000; Brock & Witakowski, 2001). ഈ പിതാവിന്റെ ഓർമ്മ ആഗസ്റ്റ് 2-ാം തീയതി ആഘോഷിക്കുന്നു.

## മോർ ബസ്സേലിയോസ് യൽദോ മഫ്രിയാന
**(1593? - 1685)**

ഇറാഖിലെ മൂസലിനടുത്തുള്ള കാരക്കോശ് (Karakosh) ഗ്രാമത്തിൽ ഹ്ദായി എന്ന പ്രസിദ്ധ കുടുംബത്തിൽ യൽദോ ജനിച്ചു. കാരക്കോശ് എന്ന ഗ്രാമം മുൻപ് ബാക്കൂദൈദ (Bakudaida) എന്നും കൂദേദ് (Kooded) എന്നും അറിയപ്പെട്ടിരുന്നു. ബാല്യം മുതൽ യൽദോ കൂദേദ് ഗ്രാമത്തിനടുത്തുള്ള മോർ ബഹനാം ദയറായിൽ താമസിച്ചിരുന്നു.

1662ൽ പ. പാത്രിയർക്കീസ് യേശു രണ്ടാമൻ (Qamsheh) ബാവാ യൽദോ റമ്പാച്ചനെ മഫ്രിയാനയായി വാഴിച്ചു. മൂസൽ പട്ടണത്തിലെ മോർ മത്തായി ദയറായായിരുന്നു മഫ്രിയാനയുടെ ആസ്ഥാനം. മോർ മത്തായി ദയറാ അറ്റകുറ്റ പണി തീർത്തതിനെ സംബന്ധിച്ച് മൂസൽ ഗവർണർ മോർ യൽദോ ബാവായെ ഗീവറുഗീസ്, ഇസഹാക് എന്നീ വന്ദ്യ റമ്പാച്ചന്മാരോടുകൂടെ തടവിലാക്കുകയും വലിയ തുക പിഴയടപ്പിക്കുകയും ചെയ്തു.

1677ൽ മോർ യൽദോ ബാവാ, ജസീറ ഭദ്രാസനത്തിനുവേണ്ടി ഗീവറുഗീസ് റമ്പാനെ മോർ ദിയസ്ക്കോറസ് എന്ന പേരിൽ മെത്രാപോലീത്തയായി വാഴിച്ചു. പിന്നീട് മോർ ദിയസ്ക്കോറസ് ഗീവറുഗീസ് മെത്രാപോലീത്തയെ പ. അബ്ദുൽ മിശിഹാ ഒന്നാമൻ പാത്രിയർക്കീസ് ബാവ മോർ യൽദോ മഫ്രിയാനയുടെ പിൻഗാമിയായി വാഴിച്ചു.

1684ൽ പ. അബ്ദുൾ മശിഹാ ഒന്നാമൻ പാത്രിയർക്കീസ് ബാവാ കുർക്കുമ ദയറായിൽ വച്ച് വി. മൂറോൻ കൂദാശ നടത്തുകയും മലങ്കര സഭയിലേക്ക് മേല്പട്ടക്കാർ പോകേണ്ടതിന്റെ അത്യാവശ്യത്തെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തു. വി. മൂറോൻ കൂദാശയിൽ സംബന്ധിക്കുന്നതിനെത്തിയിരുന്ന മോർ ബസേലിയോസ് യൽദോ ബാവ തന്റെ പ്രായാധിക്യത്തിൽ (91 വയസ്സ്) ഈ ദൗത്യം ഏറ്റെടുത്തു.

മോർ യൽദോ ബാവാ തന്റെ ആസ്ഥാനമായ മോർ മത്തായി ദയറായിൽ എത്തി യാത്രയ്ക്കുള്ള ഒരുക്കങ്ങൾ ചെയ്തു (Aphrem, 1964; Varghese, 1998; Kurian Corepiscopa, 2003). മോർ യൽദോ ബാവായോടുകൂടെ സഹോദരൻ ജമ്മാ (Jamma), ദയറാക്കാരനായ ജോക്കോ, മത്തായി (മോർ മത്തായി മോർ ബഹനാം ദയറായിലെ) എന്നീ റമ്പാച്ചന്മാരും ബാക്കൂദൈദാ ഗ്രാമക്കാരനായ മോർ ഇവാനിയോസ് ഹിദായത്തുള്ള എപ്പിസ്കോപ്പയും യാത്രതിരിച്ചു. ഈ അഞ്ചുപേരിൽ മോർ യൽദോ മഫ്രിയാന, എപ്പിസ്കോപ്പ, മത്തായി റമ്പാച്ചൻ എന്നീ മൂന്നുപേരായിരുന്നു മലങ്കരയിലെത്തിയത്.

1685ൽ ബസ്രയിൽനിന്ന് യാത്ര തിരിച്ച ബാവയും സംഘവും തലശ്ശേരിയിൽ വന്നിറങ്ങി. മലങ്കരസഭ പോർച്ചുഗീസുകാരുടെ ഭരണത്തിലായിരിക്കുമെന്ന് ഭയന്ന് വേഷപ്രച്ഛന്നരായി പള്ളിവാസലിലെത്തി. തലശ്ശേരിയിൽ നിന്ന് പള്ളിവാസലിലേയ്ക്കുള്ള യാത്രയിൽ മറ്റു യാത്രക്കാരും ഉണ്ടായിരുന്നിരിക്കണം. ഒരിടത്തു വച്ച് ഒരു കടുവ ആക്രമിക്കാനൊരുങ്ങുകയും ബാവ സ്ളീബ ഉയർത്തി പ്രാർത്ഥിച്ചപ്പോൾ കടുവ ഓടി മറയുകയും ചെയ്തു. പള്ളിവാസലിൽ എത്തിയപ്പോൾ മറ്റു യാത്രക്കാർ ഇപ്പോഴത്തെ പവർഹൗസിനു സമീപം താമസിക്കുന്നതിനൊരുങ്ങുകയും ബാവ അല്പം കൂടി മാറി താമസിക്കുന്നതാണ് നല്ലതെന്നു പറഞ്ഞ

തനുസരിച്ച് അപ്രകാരം രാപാർക്കുകയും ചെയ്തു. പാതി രാത്രിയിൽ വലിയ മഴപെയ്ത് വെള്ളം പൊങ്ങുകയും സാധാരണ യാത്രക്കാർ താമസിക്കുന്ന സ്ഥലത്തു വിശ്രമിച്ച പലരും പെരുവെള്ള പാച്ചിലിൽ ഒഴുകിപ്പോകുകയും ചെയ്തു. പിറ്റേന്ന് ബാവ പള്ളിവാസലിൽ കുർബാന അർപ്പിച്ചു. ഈ സ്ഥലത്തിന്റെ പള്ളിവാസൽ (പള്ളിവാസം) എന്ന പേരിനടിസ്ഥാനം പ. ബാവായുടെ അവിടത്തെ വാസമാണെന്ന് അഭിപ്രായമുണ്ട്.

പള്ളിവാസലിൽ നിന്ന് വനത്തിലൂടെ കോഴിപ്പിള്ളി എന്ന സ്ഥലത്തെത്തി. അവിടെ ആടുമേയിച്ചുകൊണ്ടിരുന്ന ഒരു ചക്കാലനായരോട് ആ ദേശത്ത് പള്ളിയുണ്ടോ എന്നന്വേഷിച്ചു. ആടുകളെ ചൂണ്ടിക്കാണിച്ചുകൊണ്ട് വഴികാണിച്ചുതരാൻ നിവൃത്തിയില്ലെന്ന് നായർ അറിയിച്ചു. ബാവാ ഒരു വൃത്തം വരച്ച് ആടുകളെ (കന്നുകാലികളെ) അതിനുള്ളിലാക്കി. അവ അതിനകത്തുതന്നെ നില്ക്കുന്നതു കണ്ട നായർ തന്റെ സഹോദരി പ്രസവവേദനയിലിരിക്കുന്നുവെന്ന വിവരം ബാവായെ അറിയിച്ചു. വെള്ളം വാഴ്ത്തികൊടുക്കുന്നതിന് നായർ തെങ്ങിൽ കയറാനൊരുങ്ങിയപ്പോൾ തെങ്ങ് താനെ ചാഞ്ഞുവന്നു. ബാവാ വാഴ്ത്തി കൊടുത്ത കരിക്കു കുടിച്ച് ആ സ്ത്രീ സുഖമായി പ്രസവിക്കുകയും ചെയ്തു.

ചക്കാലക്കുടിയിലെ തേക്കലക്കാട്ടു നായർ കുടുംബത്തിലെ പ്രായം കൂടിയ വ്യക്തിയാണ് ഇപ്പോഴും പെരുന്നാൾ റാസയ്ക്ക് കോലുവിളക്ക് പിടിക്കുന്നത്. നായർ ബാവായെ കോതമംഗലം ചെറിയ പള്ളിയിലേക്കു വഴി കാണിച്ചു. (കോതമംഗലം മാർത്തോമാ ചെറിയ പള്ളി എ. ഡി. 1455 കന്നിമാസം 13-ാം തീയതി സ്ഥാപിക്കപ്പെട്ടു). പള്ളിയിലെത്തിയ ബാവാ പള്ളിയുടെ തെക്കുപടിഞ്ഞാറു വശത്ത് കയറി ഇരുന്നു. പ. ബാവാ പള്ളിയിലെത്തിയത് 1685 കന്നിമാസം 7-ാം തീയതിയായിരുന്നു. പള്ളിയിലെത്തിയ സമയത്ത് പള്ളിയുടെ വാതിൽ താനെ തുറക്കുകയും പള്ളിമണി താനെ മുഴങ്ങുകയും ചെയ്തു. ഒരു വലിയ സഹനത്തിന്റെയും ത്യാഗത്തിന്റെയും അനുസരണത്തിന്റെയും സമാപ്തി. സ്വർഗ്ഗീയ അറകളിലേക്കുള്ള പ്രവേശനം പോലെ അനിർവാച്യമായിരിക്കുന്നു.

കോതമംഗലം ചെറിയ പള്ളിയിലെത്തിയ ബാവ കന്നി 14-ാം തീയതി മോർ ഇവാനിയോസ് ഹിദായത്തുള്ള എപ്പിസ്കോപ്പായെ മെത്രാപോലീത്തയായി വാഴിച്ചു (Yacoub, 1958). യാത്രാക്ലേശത്താലും പ്രായാധിക്യത്താലും രോഗബാധിതനായി 17-ാം തീയതി കന്തീല നടത്തി. കന്നി 19-ാം തീയതി (കോതമംഗലത്തെത്തിയതിന്റെ 13-ാം ദിവസം) ശനിയാഴ്ച ഉച്ചക്കുശേഷം 3 മണിക്ക് ബാവ കാലംചെയ്തു. ബാവാ കാലംചെയ്ത സമയത്ത് പള്ളി മുറ്റത്തെ കുരിശിൽ പ്രകാശം കാണപ്പെട്ടു. കന്നി 20-ാം തീയതി പ. ബാവയുടെ ഭൗതികശരീരം കബറടക്കപ്പെട്ടു. പ. ബസേലിയോസ് യൽദോ ബാവായുടെ ഓർമ്മ ഒക്ടോബർ 3-ാം തീയതി സഭ ആഘോഷിക്കുന്നു. പ. പാത്രിയർക്കീസ് ബാവായുടെ 1987 ലെ E 265/87 നമ്പർ കല്പനപ്രകാരം പരിശുദ്ധ യൽദോ ബാവായെ പരിശുദ്ധനായി പ്രഖ്യാപിച്ചു.

## മോർ ബസ്സേലിയോസ് ശക്രള്ളാ മൂന്നാമൻ

**(എ. ഡി. ? - 1764)**

മോർ ശക്രള്ളാ (Shukr Allah of Aleppo) മൂസാ അൽ കുസാബ്ജി ശെമ്മാശന്റെ മകനായി ജനിച്ചു. വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി ദയറാക്കാരനാകുകയും പിന്നീട് പുരോഹിതനാകുകയും ചെയിതു (Aphrem I, 2000).

1748 ആഗസ്റ്റ് മാസത്തിൽ പ. ഇഗ്നാത്തിയോസ് ഗീവറുഗീസ് തൃതീയൻ (Mor Ignatius George III, 1745-1768) ശക്രള്ളാ റമ്പാച്ചനെ മഫ്രിയാനയായി വാഴിച്ച് മലങ്കരയിലേക്കയച്ചു. മാർത്തോമാ അഞ്ചാമന്റെ അപേക്ഷപ്രകാരമാണ് ഈ പിതാവ് മലങ്കരയിലേക്കയയ്ക്കപ്പെട്ടത്. ശ്രേഷ്ഠ ശക്രള്ളാ മഫ്രിയാനയുടെ കൂടെ മോർ യൂഹാനോൻ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത, വന്ദ്യ ഗീവറുഗീസ് കോറെപ്പിസ്കോപ്പ, യൂഹാനോൻ റമ്പാച്ചൻ, ശെമ്മാശന്മാരായ സഖറിയാ, അന്തോൻ, മൂശാ, ഹാദായെ ശക്രള്ളാ എന്നിവരും അബ്ദുള്ളാ എന്ന പരിചാരകനും ഉണ്ടായിരുന്നു.

രണ്ടര നൂറ്റാണ്ടുകൾക്ക് മുൻപ് സൗകര്യങ്ങൾ പരിമിതവും യാത്ര ദുർഘടവുമായിരുന്നു. 1749 ചിങ്ങം 25ാം തീയതി മഫ്രിയാനയും സംഘവും ഓമീദിൽ (Amida or Dayarbakar, Turkey) നിന്നു യാത്ര പുറപ്പെട്ടു. അക്കാലത്ത് പാത്രിയർക്കാ ആസ്ഥാനമായിരുന്നു ഓമീദ്.

മലങ്കര സഭയ്ക്കുവേണ്ടി 64 കയ്യെഴുത്ത് ഗ്രന്ഥങ്ങളും, വി. മൂറോനും, ഊർശ്ലേമിൽനിന്ന് മൂന്നു കുരിശുകളും, വിശുദ്ധന്മാരുടെ തിരുശേഷിപ്പുകളുംകൊണ്ട് ഓമീദിൽ നിന്ന് ആലപ്പോയിലെത്തി (Old alab or Halab, Syria). തുടർന്ന് ബറൂവയിലേക്കും ബെറൂവയിൽനിന്ന് ബാഗ്ദാദിലേക്കും (Bagdad, Iraq) യാത്ര ചെയ്തു. ബാഗ്ദാദിലേക്കുള്ള യാത്രയിൽ മഫ്രിയാനയും സംഘവും ആക്രമിക്കപ്പെടുകയും യാത്രയ്ക്കു കരുതിയിരുന്ന കുറെ പണം നഷ്ടമാകുകയും ചെയ്തു. ബാഗ്ദാദിൽനിന്നു ബസ്രയിലേക്ക് (Al Basrah, Iraq) വള്ളത്തിൽ യാത്രചെയ്തു. ബസ്രയിൽ ഏതാനും ദിവസങ്ങൾ താമസിച്ചശേഷം ഒരു ഇംഗ്ലീഷ് കപ്പലിൽ ബന്തറബ്ബാസിലെത്തി (bandere 'Abbas, Iran). കടൽക്കൊള്ളക്കാരെ ഭയന്നും, പേർഷ്യൻ രാജാക്കന്മാർ തമ്മിലുള്ള യുദ്ധവും മൂലം ബന്തറബ്ബാസിൽ 7 മാസം താമസിക്കേണ്ടിവന്നു. ശക്രുള്ളാബാവായുടെ മലങ്കരയിലേക്കുള്ള യാത്രാവിവരണം 1751ൽ എഴുതിയത് *അൽ മജല്ല അൽ പെട്രിയർക്കിയ* എന്ന പാട്രിയർക്കാ മാസികയിൽ (Vol. 7, pp.125-133) പ. അപ്രേം പ്രഥമൻ പാത്രിയാർക്കീസ് ബാവാ പ്രസിദ്ധീകരിച്ചിട്ടുണ്ട് (Aphrem I, 2000).

1751 കുംഭം 24-ാം തീയതി മോർ ശക്രുള്ളാ ബാവായും സംഘവും സൂറത്തിലെത്തി. ബന്തറബ്ബാസിൽ നിന്നു സൂറത്തിലേക്കുള്ള യാത്രയിലും കവർച്ചക്കാരാൽ ആക്രമിക്കപ്പെട്ടു. സൂറത്തിൽനിന്നു കൊച്ചിയിലേക്ക് കപ്പലിൽ യാത്ര ചെയ്ത് 1751 മേടമാസം 23-ാം തീയതി (മോർ ഗീവറുഗീസ് സഹദായുടെ പെരുനാൾ ദിവസം) കൊച്ചിയിലെത്തി. കൊച്ചി കോട്ടയിൽ ഗവർണ്ണറുടെ അതിഥിയായി താമസിച്ചു. എന്നാൽ യാത്രാചിലവിനത്തിൽ കപ്പൽ കൂലിയുൾപ്പെടെ കമ്പനിക്കാർക്ക് ഏകദേശം പന്തീരായിരം രൂപ കൊടുക്കേണ്ടതായിട്ടുണ്ടായിരുന്നു. ഈ തുക കൊടുക്കാമെന്നേറ്റിരുന്ന മാർത്തോമാ അഞ്ചാമൻ, മഫ്രിയാനയെ കാണാൻ വരുകയോ കപ്പൽ കൂലി കൊടുക്കുന്നതിന് ക്രമീകരണമുണ്ടാ

ക്കുകയോ ചെയ്തില്ല. ഈ സാഹചര്യത്തിൽ മോർ ശക്രള്ളാ ബാവാ വിഷമത്തിലായി.

ഇരുപതു ദിവസങ്ങൾക്കുശേഷം മോർ ഇവാനിയോസ് യൂഹാനോൻ മെത്രാപ്പോലീത്താ കൊച്ചി കോട്ടയിലെത്തി മഫ്രിയാനയെ സന്ദർശിച്ചു. മോർ ഇവാനിയോസ് യൂഹാനോൻ മെത്രാപ്പോലീത്താ 1740ൽ പരിശുദ്ധ ശക്രള്ളാ പാത്രിയർക്കീസ് ബാവായാൽ പാത്രിയർക്കാ അരമനയുടെ മെത്രാപ്പോലീത്തയായി വാഴിക്കപ്പെടുകയും 1746ൽ പ. ഗീവറുഗീസ് തൃതീയൻ പാത്രിയർക്കീസ് ബാവായാൽ മലങ്കരയിലേക്ക് അയയ്ക്കപ്പെടുകയും ചെയ്ത മെത്രാപ്പൊലീത്തയാണ്. ഇദ്ദേഹം മോർ ശക്രള്ളാ മഫ്രിയാന മലങ്കരയിൽ വന്നശേഷം 1751ൽ സ്വദേശമായ ഓമീദിലേക്കു മടങ്ങിപ്പോയി.

മാർത്തോമ്മാ അഞ്ചാമൻ, മഫ്രിയാനയെ വന്നു കാണണമെന്ന് ആവശ്യപ്പെട്ട് മഫ്രിയാന നാലു കത്തുകളയച്ചെങ്കിലും അദ്ദേഹം വന്നില്ല. 72 ദിവസം കൊച്ചിയിൽ താമസിക്കുകയും തുടർന്ന് 1751 കർക്കിടകം 3-ാം തീയതി കൊച്ചി രാജാവിനെ സന്ദർശിച്ച ശേഷം 4-ാം തീയതി കണ്ടനാട് വി. മർത്തമറിയം പള്ളിയിലെത്തി. അവിടെവച്ചും തമ്മിൽ കാണുകയുണ്ടായില്ല. മുളന്തുരുത്തി, കോലഞ്ചേരി, കുന്നകുരുടി വഴി കാൽനടയായി സഞ്ചരിച്ച് കോതമംഗലത്തെത്തി.

മോർ ശക്രള്ളാ ബാവാ കോതമംഗലം വലിയപള്ളിയിലും മാർത്തോമാ അഞ്ചാമൻ ചെറിയ പള്ളിയിലും ഏതാനും ദിവസങ്ങൾ താമസിച്ചുവെങ്കിലും പരസ്പരം കാണുകയുണ്ടായില്ല. മോർ ശക്രള്ളാ ബാവാ പ. യെൽദോ ബസേലിയോസ് ബാവായുടെ കബറിങ്കൽ പ്രാർത്ഥന നടത്തി, മാർത്തോമ്മാ അഞ്ചാമനെ കാത്തിരുന്നുവെങ്കിലും വന്നില്ല. മാത്രവുമല്ല. മാർത്തോമാ അഞ്ചാമൻ, ശക്രള്ളാ ബാവായെപ്പറ്റി ചില തെറ്റായ പരാമർശങ്ങൾ പൊതുവിൽ നടത്തുകയും ചെയ്തു. ഈ പശ്ചാത്തലത്തിൽ 1752 മേടമാസം 30-ാം തീയതി മാർത്തോമാ അഞ്ചാമനു പകരം ബാവായോടുകൂടെ വന്ന യൂഹാനോൻ റമ്പാച്ചനെ മോർ ഇവാനിയോസ് എന്ന പേരിൽ കണ്ടനാട് പള്ളിയിൽവച്ച് മലങ്കര മെത്രാപ്പോലീത്തയായി വാഴിച്ചു (Philip, 1992).

മോർ ബസ്സേലിയോസ് ശക്രള്ളാ ബാവാ 475 രൂപയ്ക്ക് സ്ഥലം വാങ്ങി പണികഴിപ്പിച്ചതാണ് മട്ടാഞ്ചേരി പള്ളി. ബാവാ ദീർഘകാലം കായംകുളം കാദീശാ പള്ളിയിൽ താമസിച്ചിട്ടുണ്ട്. ക്രിസ്തുമതവിശ്വാസത്തെ സംബന്ധിച്ച് അറബി ഭാഷയിൽ 'ക്വൽ അറ്റ് അൽ ഇമ്രാ' എന്ന പുസ്തകം രചിച്ചിട്ടുണ്ട്.

മലങ്കരയിൽ 13 സംവത്സരങ്ങൾ താമസിച്ച് സഭയെ ശുശ്രൂഷിച്ച മോർ ശക്രള്ളാ ബാവാ അദ്ദേഹം തന്നെ പണികഴിപ്പിച്ച മട്ടാഞ്ചേരി പള്ളിയിൽ വച്ച് 1764 തുലാമാസം 9-ാം തീയതി കാലം ചെയ്തു. കണ്ടനാട് വി. മർത്തമറിയം പള്ളിയിൽ കബറടക്കപ്പെട്ടു. ഈ പിതാവിന്റെ ഓർമ്മ ഒക്ടോബർ 22-ാം തീയതി സഭ ആഘോഷിക്കുന്നു.

## പുണ്യശ്ലോകനായ മോർ ഫീലക്സിനോസ് ശാമുവേൽ
**(1930 - 1985)**

കോന്നി കോടത്ത് ഗീവറുഗീസിന്റെയും ഈട്ടിമൂട്ടിൽ അന്നാമ്മയുടെയും മകനായ ശാമുവേൽ 1930 മെയ് 4-ാം തീയതി ജനിച്ചു (M.E. 1105 മേടം 21). ശാമുവേലിന് മൂന്നു സഹോദരന്മാരും മൂന്നു സഹോദരിമാരുമുണ്ടായിരുന്നു.

കോന്നി കല്ലറ കൃഷ്ണൻ നായർ മെമ്മോറിയൽ സ്കൂൾ, എൻ എസ്.എസ്. സ്കൂൾ എന്നീ വിദ്യാലയങ്ങളിൽ നിന്ന് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. പന്തളം എൻ. എസ്. എസ്. കോളേജിൽ നിന്ന് ബി. എ. ബിരുദവും, ചങ്ങനാശ്ശേരി എസ്. ബി. കോളേജിൽ നിന്ന് എം. എ. ബിരുദവും കരസ്ഥമാക്കി.

1955 ഫെബ്രുവരി 5-ാം തീയതി പുണ്യശ്ലോകനായ മാർ ദീവന്നാസിയോസ് മിഖായേൽ തിരുമേനിയുടെ നിർദ്ദേശാനുസരണം ക്നാനായ ഇടവകയുടെ മാർ ക്ലിമ്മീസ് എബ്രഹാം തിരുമേനി ചിങ്ങവനം ദയറായിൽ വച്ച് കോറൂയോ പട്ടം നൽകി. മഞ്ഞനി

ക്കരയിലും ആലുവ തൃക്കുന്നത്തു സെമിനാരിയിലും വൈദിക പഠനം പൂർത്തിയാക്കി 1959 ഫെബ്രുവരി 14-ാം തീയതി വയലിപ്പറമ്പിൽ മാർ ഗ്രിഗോറിയോസ് ഗീവറുഗീസ് തിരുമനസുകൊണ്ട് കശീശാ സ്ഥാനം നൽകി. 1964ൽ കോട്ടയം ബസേലിയേസ് കോളേജിൽ ലക്ചററായി ജോലിയിൽ ചേർന്നു.

1975 ഡിസംബർ 25ന് പുത്തൻകുരിശ് മാർ ഏലിയാ ചാപ്പലിൽവച്ച് ശ്രേഷ്ഠ കതോലിക്ക ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ ബ. ശാമുവേലച്ചന് റമ്പാൻ സ്ഥാനം നൽകി. 1975 ഡിസംബർ 26-ാം തീയതി തുരുത്തിശ്ശേരി സിംഹാസനപ്പള്ളിയിൽ വച്ച് ശ്രേഷ്ഠ കതോലിക്ക ബാവാ വന്ദ്യ ശമുവേൽ റമ്പാച്ചനെ മാർ ഫീലക്സിനോസ് എന്ന പേരിൽ മെത്രാപോലീത്തയായി വാഴിച്ച് മലബാർ ഭദ്രാസനത്തിന്റെ ചുമതല ഏൽപ്പിച്ചു. 1976 ജനുവരി 6-ാം തീയതി മീനങ്ങാടി പള്ളിയിൽവച്ച് സുന്ത്രോണീസോ നടത്തി അതിനടുത്തുള്ള ഒരു ചെറിയ കെട്ടിടത്തിൽ* താമസിച്ച് ഭരണകാര്യങ്ങൾ നിർവ്വഹിച്ചു. 1977ൽ മലബാർ ഭദ്രാസനത്തിന്റെ പള്ളി പ്രതിപുരുഷ യോഗതീരുമാന പ്രകാരം തൊട്ടടുത്തുള്ള പഴയ കെട്ടിടവും 22 സെന്റ് സ്ഥലവും വാങ്ങി ഭദ്രാസന ആസ്ഥാനവും അരമനയും ക്രമീകരിച്ചു.

കോട്ടയം ബസേലിയോസ് കോളേജിലെ ലക്ചറർ എന്ന നിലയിലുള്ള ജോലി ഉപേക്ഷിച്ചെങ്കിലും (കോട്ടയം) ചാന്ദാനിക്കാട്ട് ഉണ്ടാക്കിയിരുന്ന വീട് ഒരു താത്കാലിക സഭാകേന്ദ്രമായിരുന്നു. മലബാറിൽ നിന്നുള്ള ശെമ്മാശന്മാരിൽ ചിലർ കോട്ടയത്ത് ഉന്നത വിദ്യാഭ്യാസം നടത്തിയിരുന്നതും ഒരു ഗുരുകുലം പോലെ പ്രാർത്ഥനയും ഭക്ഷണകാര്യങ്ങളും നിർവ്വഹിച്ചിരുന്നതും മനസ്സിൽ പച്ചയായി നിലനിൽക്കുന്നു.

1978 നവംബർ മാസം 1, 2 തീയതികളിൽ ജയ്പൂർ പള്ളിയിൽ പ. പരുമല തിരുമേനിയുടെ പെരുന്നാളിനു നേതൃത്വം നൽകുന്നതിന് ഡൽഹിയിലെത്തിയതും അവിടെനിന്നും ബസ്സിൽ ഈ ലേഖകനോടൊന്നിച്ച് ജയ്പൂർക്ക് യാത്ര ചെയ്തതും ഏതാനും ദിവസം ഡൽഹിയിലെ എന്റെ പിതാവിന്റെ താമസസ്ഥലത്ത് ഒരു സാധാരണക്കാരനെപോലെ എല്ലാ പരിമിതികളിലും സഹകരിക്കുകയും ചെയ്തത് ഓർമ്മയിൽ നിന്ന് ഒരിക്കലും മായുകയില്ല.

മലബാർ ഭദ്രാസനത്തിനുവേണ്ടി ഒരു ഭരണഘടന ക്രമീകരിക്കുന്നതിനും അതിന് പ. പാത്രിയർക്കീസ് ബാവായുടെ അംഗീകാരം വാങ്ങുന്നതിനും പുണ്യശ്ലോകനായ തിരുമേനിക്ക് സാധിച്ചു. പ്രമേഹ രോഗബാധിതനായിരുന്നതിനാൽ ദീർഘയാത്രകൾ ക്ലേശകരമായിരുന്നു. ഒരിക്കൽ ജീപ്പിൽ യാത്ര ചെയ്തപ്പോൾ കാലിൽ പൊള്ളലുണ്ടായി എങ്കിലും തിരുമേനി അതറിഞ്ഞില്ല. രോഗാവസ്ഥയുടെ കാഠിന്യം ശ്രദ്ധിക്കപ്പെട്ടപ്പോഴേക്കും നന്നേ വൈകിയിരുന്നു.

എറണാകുളം ലിസ്സി ആശുപത്രിയിൽ ചികിത്സയിലായിരുന്ന തിരുമേനി 1985 ജനുവരി 17ന് ഈ ലോകത്തോട് യാത്രപറഞ്ഞു. കാലംചെയ്ത തിരുമേനിയുടെ ഭൗതികശരീരം എറണാകുളം സെന്റ് പീറ്റേഴ്സ് ചാപ്പലിൽ പൊതു ദർശനത്തിനു വയ്ക്കുകയും സന്ധ്യയോടെ തൃശൂർ-കുന്നംകുളം-കോഴിക്കോട് വഴി ആംബുലൻസിൽ മീനങ്ങാടിയിലേക്കു കൊണ്ടുപോകുകയും ചെയ്തു. 1985 ജനുവരി 18-ാം തീയതി വി. കുർബാനയ്ക്കു ശേഷം പണിനടന്നുകൊണ്ടിരുന്ന സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽ കബറടക്കി. പുണ്യശ്ലോകനായ തിരുമേനിയുടെ പാവന സ്മരണ നിലനിറുത്തുന്നതിന് ഭദ്രാസനത്തിന്റെ കീഴിൽ മാർ പീലക്സിനോസ് മെമ്മോറിയൽ പ്രിന്റിംഗ് പ്രസ്, ബുക് സ്റ്റാൾ, എം. പി. എം. ലൈബ്രറി എന്നിങ്ങനെ പല പ്രസ്ഥാനങ്ങൾ പ്രവർത്തിച്ചുവരുന്നു. പുണ്യശ്ലോകനായ ശാമുവേൽ മാർ ഫീലക്സിനോസ് തിരുമേനിയുടെ ശ്രാദ്ധപെരുന്നാൾ ജനുവരി 17-ാം തീയതി ആചരിക്കുന്നു.

## പുണ്യശ്ലോകനായ മോർ ഗ്രിഗോറിയോസ് ഗീവറുഗീസ്
### (ഏ. ഡി. 1933 - 1999)

പുതുപ്പള്ളി വലിയപള്ളി ഇടവകയിൽ കാരാപ്പുഴ തറവാട്ടിൽ പറപ്പള്ളിൽ മാത്തു ആശാന്റെയും വേളൂർ കാഞ്ഞിരം തറയിൽ അന്നമ്മയുടെയും ഏഴാമത്തെ പുത്രനായി 1933 ഒക്ടോബർ 24-ാം തീയതി കുഞ്ഞൂഞ്ഞ് (വറുഗീസ്) ജനിച്ചു. കുഞ്ഞൂഞ്ഞിന് മൂന്ന്

സഹോദരന്മാരും നാല് സഹോദരിമാരുമുണ്ടായിരുന്നു. ഏലി യാമ്മ എന്ന സഹോദരി ചെറുപ്പത്തിൽ നിര്യാതയായി. കുഞ്ഞൂ ഞ്ഞിന് ആറു വയസ്സുള്ളപ്പോൾ (1940 ഫെബ്രുവരി 22ന്) മാത്തു ആശാൻ നിര്യാതനായി.

കുഞ്ഞൂഞ്ഞിന്റെ പ്രാഥമിക വിദ്യാഭ്യാസം പുതുപ്പള്ളി പള്ളി വക സ്കൂളിലും, മിഡിൽ സ്കൂൾ വിദ്യാഭ്യാസം ഇരവിനെല്ലൂർ സെന്റ് തോമസ് സ്കൂളിലും, ഹൈസ്കൂൾ വിദ്യാഭ്യാസം പുതു പ്പള്ളി സെന്റ് ജോർജ്ജ് ഹൈസ്കൂളിലും നിർവ്വഹിച്ചു. പിന്നീട് കേരള സർവ്വകലാശാലയിൽ നിന്ന് ഒന്നാം റാങ്കോടെ ബി. ഓ. എൽ. (Bachelor of Oriental Languages) ബിരുദം കരസ്ഥമാക്കി. കോഴിക്കോട് ട്രെയിനിംഗ് സ്കൂളിൽ നിന്ന് അധ്യാപക പരി ശീലനം പൂർത്തിയാക്കി.

ബാല്യത്തിൽ തന്നെ പുണ്യശ്ലോകനായ മോർ ദീവന്നാസി യോസ് മിഖായേൽ തിരുമേനി, വന്ദ്യ കൊച്ചുപറമ്പിൽ ഗീവറുഗീ സ് റമ്പാൻ, പറയകുളത്ത് വന്ദ്യ യാക്കോബ് മല്പാനച്ചൻ (പി ന്നീട് മോർ തീമൊഥിയോസ് യാക്കോബ് തിരുമേനി), മാടപ്പാട്ട് വന്ദ്യ യാക്കോബ് റമ്പാച്ചൻ (പിന്നീട് മോർ യൂലിയോസ് യാ ക്കോബ് തിരുമേനി) എന്നിവരുമായുള്ള സംസർഗ്ഗം സുറിയാനി പാരമ്പര്യങ്ങൾ പഠിക്കുന്നതിനു ഏറെ സഹായിച്ചു.

1958ൽ അന്ത്യോഖ്യായുടെ ഇന്ത്യയിലെ പ്രതിനിധി മോർ യൂലിയോസ് ഏലിയാസ് ബാവാ കുഞ്ഞൂഞ്ഞിനെ ശെമ്മാശനാ ക്കി. 1959 ആഗസ്റ്റ് 1-ാം തീയതി കശീശാ പട്ടം നൽകി. 1959 സെപ്റ്റംബർ 9-ാം തീയതി പെരുമ്പിള്ളി സെന്റ് ജോർജ്ജ് സിം ഹാസനപള്ളി വികാരിയായി മോർ യൂലിയോസ് ബാവാ നിയ മിച്ചു. അന്ന് മഞ്ഞനിക്കര ദയറായിൽ താമസിച്ചിരുന്ന വന്ദ്യ വഞ്ചിത്താറ്റിൽ കുരിയാക്കോസ് റമ്പാച്ചൻ, മാടപ്പാട്ട് യാക്കോബ് റമ്പാച്ചൻ എന്നിവരോടു യാത്ര ചോദിച്ചു പെരുമ്പള്ളിയിലേക്കു യാത്രതിരിച്ചു. മോർ യൂലിയോസ് ബാവാ ബഹുമാനപ്പെട്ട പി. എം. വറുഗീസ് അച്ചനെ അനുഗ്രഹിച്ച് പരിശുദ്ധ മഞ്ഞനിക്കര ബാവായുടെ ഒരു കറുത്ത കുപ്പായവും ഒരു വെള്ളി രൂപയും നൽകി.

പെരുമ്പള്ളിയിലെത്തിയ ബ. ഗീവറുഗീസച്ചൻ 1960 ജൂൺ 20ാം തീയതി പുത്തൻകുരിശ് മഹാത്മാഗാന്ധി മെമ്മോറിയൽ ഹൈസ്കൂളിൽ മലയാളം ഭാഷാ അധ്യാപകനായി ജോലിയിൽ ചേർന്നു. ഇതിനു മുമ്പ് ചുരുങ്ങിയ കാലം റവന്യൂ വകുപ്പിൽ ജോലി ചെയ്തിരുന്നു. 1966 ജൂലൈ 6-ാം തീയതി മുതൽ 1974 വരെ കണ്ടനാട് ഹൈസ്കൂളിൽ അധ്യാപകനായി ജോലിയിൽ തുടർന്നു.

സഭാശുശ്രൂഷയിൽ വഴിത്തിരിവായിരുന്നു 1972ലെ വി. മാർ തോമാശ്ലീഹായുടെ ചരമശതാബ്ദി ആഘോഷവും അതോട നുബന്ധിച്ചുണ്ടായ വിശ്വാസ വിപരീതങ്ങളും. മാർത്തോമാ ശ്ലീ ഹായുടെ സിംഹാസനം, മലങ്കരസഭ സ്വയംശീർഷകമാണെന്ന വാദം, കൂടാതെ അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായി രുന്ന അഫ്രേം മാർ തിമോത്തിയോസ് ആബൂദി മെത്രാപ്പോലീ ത്തായുടെ വിസാ ക്യാൻസൽ ചെയ്യിപ്പിച്ച നടപടി ഇവമൂലം സഭാന്തരീക്ഷം കലുഷിതമായി. ഈ പശ്ചാത്തലത്തിൽ 24-01 -1974ൽ ചേർന്ന യോഗത്തിൽ ബഹുമാനപ്പെട്ട പി. എം. വറുഗീ സ് കശീശ്ശായെ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തെരഞ്ഞെ ടുത്തു. (8-12-1973ൽ കോതമംഗലം വലിയപള്ളിയിൽ ചേർന്ന യോഗത്തിൽ ചെറുവള്ളിയിൽ ബഹുമാനപ്പെട്ട സി. എം. തോമസ് കശീശ്ശായെ തെരഞ്ഞെടുത്തിരുന്നു.) മേൽപ്പറഞ്ഞ രണ്ടുപേരെ യും മെത്രാപ്പോലീത്തന്മാരായി വാഴിച്ചുതരുന്നതിന് പ. അന്ത്യോ ഖ്യാ സിംഹാസനത്തിലേക്കു അപേക്ഷിക്കുകയും ചെയ്തു. അതനുസരിച്ച് ബ. ഗീവറുഗീസ് കശീശ്ശായെ മോർ ഗ്രിഗോറി യോസ് ഗീവറുഗീസ് എന്ന പേരിൽ 1974 ഫെബ്രുവരി 24-ാം തീയതി പ. ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രി യർക്കീസ് ബാവാ മെത്രാപ്പോലീത്തയായി വാഴിച്ചു. (ബ. തോമ സച്ചനെ മോർ ദീവാന്നിയോസ് തോമസ് എന്ന പേരിൽ അതോ ടൊന്നിച്ച് വാഴിച്ചു).

നവാഭിഷിക്തരായ മെത്രാപ്പോലീത്തന്മാർ കേരളത്തിൽ തിരിച്ചെത്തിയപ്പോൾ വിലക്കുകളും കള്ളക്കേസുകളും വേദവി പരീതികൾ ആരംഭിച്ചു. നവാഭിഷിക്തരായ മെത്രാപ്പോലീത്ത മാരുടെ സ്വീകരണങ്ങളിലും ജനപിന്തുണയിലും വിറളി പൂണ്ട ഇൻഡ്യൻ ഓർത്തഡോക്സ് സഭാനേതൃത്വം ചിന്താക്കുഴപ്പത്തി

ലായി. മലങ്കരസഭയ്ക്ക് സുധീര നേതൃത്വം നൽകിയ മെത്രാപ്പോലീത്ത 1974 - 1999 കാലഘട്ടത്തിൽ ചെയ്ത സേവനങ്ങൾ നിസ്തുലമാണ്.

എളംകുളം സൂനോറോ സിംഹാസനപ്പള്ളി, കോട്ടയം സെന്റ് ജോസഫ്സ് കത്തീഡ്രൽ, പുതുക്കിപ്പണിത പെരുമ്പള്ളി സെന്റ് ജോർജ്ജ് സിംഹാസനപ്പള്ളി, പെരുമ്പള്ളിയിൽ സ്ഥാപിച്ച പ. ചാത്തുരുത്തിൽ ഗ്രീഗോറിയോസ് തിരുമേനിയുടെ നാമത്തിലുള്ള കുരിശിൻ തൊട്ടി, ഹെയിൽ മേരി ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഹെയിൽ മേരി ആശുപത്രി, എം.ജി. എം. ശാന്തി മന്ദിരം എന്നിങ്ങനെ നിരവധി പ്രസ്ഥാനങ്ങൾ തിരുമേനിയുടെ പരിശ്രമഫലമായി ഉണ്ടായവയാണ്. *ആരാധനാ മഞ്ജരി, വിശുദ്ധ ദൈവമാതാവിനോടുള്ള മധ്യസ്ഥ പ്രാർത്ഥന, കാൽകഴുകൽ ശുശ്രൂഷാക്രമം, ദുഃഖവെള്ളിയാഴ്ച നമസ്കാരം, ബേഥേൽ, വി. കന്യകമറിയാമിന്റെ ജീവചരിത്രം, മരണഭവനത്തിൽ* തുടങ്ങിയ കൃതികളും തിരുമേനി രചിച്ചതാണ്.

'സോദരരേ കേൾപ്പിൻ, കൂടിവരിൻ'; 'ഭൂസ്വർഗ്ഗം പേറുന്നോനേ' എന്നിങ്ങനെ പ്രചാരം നേടിയ ഗീതങ്ങൾക്കു പുറമേ 'രോഗം വ്യാധി വസന്തകൾ കെടുതികൾ കോപവടികൾ മാതാവേ നിൻ യാചനമൂലം മാറ്റീടണം' എന്നിങ്ങനെയുള്ള ഹൂത്തോമോകളും തിരുമേനിയുടെ മാത്രം പ്രത്യേകതകളായിരുന്നു.

ഏതു നിലയിലുള്ളവരോടും* തിരുമേനി സംസാരിക്കുമായിരുന്നു. ഓരോരുത്തരെയും സംബോധനചെയ്യുമ്പോഴുള്ള സ്വരവും, ഗാംഭീര്യവും അവരോടുള്ള കരുതലും ബന്ധവും സ്പഷ്ടമാക്കുന്നതായിരുന്നു. ആവർത്തനങ്ങളും അതിശയോക്തികളും പ്രസംഗങ്ങളിലുണ്ടാകുമെങ്കിലും ശരാശരി വിശ്വാസിക്ക് ആ ശൈലി വളരെ സ്വീകാര്യമായിരുന്നു. പട്ടംകൊട ശുശ്രൂഷയുടെ അവസാനത്തിൽ കല്പിക്കുന്ന നിർദ്ദേശങ്ങളും, വിവാഹശുശ്രൂഷയിലെ പ്രബോധനങ്ങളും തനിമയുള്ളതായിരുന്നു. തമ്പുരാനെ പെറ്റ അമ്മയെക്കുറിച്ചുള്ള തിരുമേനിയുടെ വിശ്വാസവും ഭക്തിയും അവർണ്ണനീയമായിരുന്നു. ഇത്തിത്താനം എം. എം. ഡി. എം. പാത്രിയാർക്കൽ സെന്ററിൽ ശുശ്രൂഷചെയ്യുന്നതിന് 1994 ജൂലൈ 24-ാം തീയതി ഈ ലേഖകനെ ചുമതലപ്പെടുത്തിയതു മുതൽ കാലംചെയ്യുന്നതുവരെയും ആ പ്രസ്ഥാനത്തോടും അവി

ടുത്തെ വിശ്വാസികളോടും എന്നോടും തിരുമേനി കാണിച്ച പരിഗണന എന്നും സ്മരിക്കപ്പെടും.

മലങ്കര സഭയിലെ പല പ്രധാന ചുമതലകളും തിരുമേനി വഹിച്ചിട്ടുണ്ട്. 1974 ജൂലൈ 4-ാം തീയതി മുതൽ ശ്രേഷ്ഠ ക ാതോലിക്കാ ബസേലിയോസ് പൗലോസ് രണ്ടാമൻ സ്ഥാനാഭിഷിക്തനായ 1975 സെപ്റ്റംബർ ഏഴാം തീയതി വരെ മലങ്കര യാക്കോബായ സുറിയാനി അസോസിയേഷൻ പ്രസിഡന്റായിരുന്നു. പിന്നീട് കൊച്ചി, മലബാർ ഭദ്രാസന മെത്രാപ്പോലീത്തയായും സുന്നഹദോസ് സെക്രട്ടറി എന്ന നിലയിലും, 1980 മുതൽ കോട്ടയം ഭദ്രാസന സഹായ മെത്രാപ്പോലീത്തായായും 1982 മുതൽ കൊച്ചി ഭദ്രാസന ചുമതലയിൽനിന്ന് ഒഴിഞ്ഞ് കോട്ടയം ഭദ്രാസനത്തിന്റെ പൂർണ്ണ ചുമതല വഹിക്കുകയും 1995ൽ തെക്കൻ ഭദ്രാസനങ്ങളുടെ അഭിവന്ദ്യ മോർ കൂറിലോസ് കുരിയാക്കോസ് മെത്രാപ്പോലീത്ത കാലംചെയ്തപ്പോൾ ആ ചുമതല വഹിക്കുകയും 1996 സെപ്റ്റംബർ 1-ാം തീയതി ശ്രേഷ്ഠ കതോലിക്ക ബസേലിയോസ് പൗലോസ് രണ്ടാമൻ കാലംചെയ്തപ്പോൾ സുന്നഹദോസ് പ്രസിഡന്റായും ചുമതല വഹിച്ചു. ഉദ്ദേശം 178 പേർക്ക് വൈദിക പദവിയുടെ വിവിധ സ്ഥാനങ്ങൾ തിരുമേനി കല്പിച്ചു നൽകി.

അഭിവന്ദ്യ തിരുമേനി കാലംചെയ്യുന്നതിനു മുമ്പ് അവസാനമായി വി. കുർബാനയർപ്പിച്ചത് 1998 ഡിസംബർ 9-ാം തീയതി വാഴമുട്ടം സെന്റ് ഇഗ്നാത്തിയോസ് പള്ളിയിലായിരുന്നു. രണ്ടു മാസത്തോളം പി. വി. എസ്. ആശുപത്രിയിൽ ചികിത്സയിലായിരുന്നപ്പോൾ രണ്ടുതവണ പെരുമ്പള്ളിയിൽ വരികയും ഏതാനും ദിവസങ്ങൾ താമസിക്കുകയും ചെയ്തു.

1999 ഫെബ്രുവരി 22 -ാം തീയതി രാത്രി 8.25ന് അഭിവന്ദ്യ തിരുമേനി കാലംചെയ്തു. 23-ാം തീയതി ചൊവ്വാഴ്ച മഞ്ഞനിക്കര പെരുന്നാളിനു വന്നിരുന്ന സ്വീഡനിലെ ആർച്ച് ബിഷപ്പ് മോർ ദിയോസ്കോറസ് ബന്യാമിൻ അക്താശ് മെത്രാപ്പോലീത്ത, രോഗവിവരമറിഞ്ഞ് എത്തിച്ചേർന്ന പാത്രിയർക്കീസ് ബാവായുടെ സെക്രട്ടറി മോർ യൂലിയോസ് കുരിയാക്കോസ്, മറ്റു മെത്രാപ്പോലീത്തന്മാരും കബറടക്ക ശുശ്രൂഷയ്ക്ക് സഹകാർമ്മികത്വം വഹിച്ചു. തിരുമേനി ആഗ്രഹിച്ചിരുന്നതുപോലെ

'തന്റെ ജീവിതത്തിൽനിന്ന് അന്തിമമായി വിളിക്കപ്പെടുമ്പോൾ പെരുമ്പള്ളിയിലെ തന്റെ ഉറക്കറയിൽ തകരപ്പെട്ടിയും, കറുത്ത കുപ്പായവും, വെള്ളിരൂപയും നിത്യമായി സൂക്ഷിച്ചിരിക്കുന്നു'. പുണ്യശ്ലോകനായ പെരുമ്പിള്ളിൽ തിരുമേനിയുടെ ഓർമ്മ ഫെബ്രുവരി 22 -ാം തീയതി സഭ ആചരിക്കുന്നു.

## ഉറഹായിലെ മോർ യാക്കോബ്

**(എ. ഡി. 633? - 708)**

ഇസഹാക്കിന്റെ മകനായ യാക്കോബ് ഏ. ഡി. 633ൽ അന്ത്യോഖ്യയിലെ അയിൻദാബ (Ayndaba) എന്ന ഗ്രാമത്തിൽ ജനിച്ചു (Aphrem I, 2000). യാക്കോബ് യൗവ്വനത്തിൽ കെന്നശ്രീം ദയറായിൽ സന്യാസിയായി. സേവേറിയോസ് സബൂക്തിന്റെ (Severus Sabukht) കീഴിൽ ഗ്രീക്കുഭാഷ പഠിച്ചു. പിന്നീട് അലക്സന്ത്രിയായിൽ ധനതത്വശാസ്ത്രവും ഉറഹായിൽ (Edessa) ഹീബ്രുഭാഷയും പഠിച്ചു.

ഏ. ഡി. 672ൽ ശെമ്മാശനാകുകയും പിന്നീട് പുരോഹിതനാകുകയും ചെയ്തു. ഏ. ഡി. 684ൽ അന്ത്യോഖ്യായുടെ അത്തനാസിയോസ് രണ്ടാമൻ (ഏ. ഡി. 683-86) പാത്രിയർക്കീസ് ബാവ യാക്കോബിനെ ഉറഹായുടെ മെത്രാപോലീത്തയായി വാഴിച്ചു (Cross & Livingstone, 1974). വലിയ കർക്കശക്കാരനായിരുന്ന യാക്കോബ് മെത്രാപോലീത്ത സന്യാസനിയമങ്ങൾ അവഗണിക്കുന്നവരെയും അനുസരിക്കാത്തവരെയും ദയറായിൽ നിന്ന് പുറത്താക്കി. മോർ യാക്കോബിന്റെ സന്യാസ നിയമങ്ങളിൽ ചിലത് പ്രസിദ്ധീകരിച്ചിട്ടുണ്ട് (Chediyath, 1987).

സന്യാസ നിയമങ്ങൾ പാലിക്കാത്തവരെ അനുനയിപ്പിച്ചു കൊണ്ടുപോകാനുള്ള മറ്റു മെത്രാപ്പോലീത്തമാരുടെ ഉപദേശം മാർ യാക്കോബിനെ കുപിതനാക്കി. അദ്ദേഹം അലറിക്കൊണ്ട് നിയമാവലികൾ കത്തിച്ചുകളഞ്ഞു: "നിങ്ങൾ കാലുകൊണ്ട് ചവിട്ടുകയും പ്രയോഗത്തിൽ വരുത്താതിരിക്കുകയും ചെയ്യുന്ന

ഈ നിയമങ്ങൾ നിങ്ങൾക്ക് അധികപ്പറ്റാണ് (Zakka I, 2008). എ. ഡി. 689ൽ ഭരണത്തിൽ നിന്നൊഴിഞ്ഞ് കെസുമിലെ (Kesum or Kaisum) ദയറായിലേക്ക് പോയി (Cross & Livingstone, 1974; Aphrem I, 2000). പിന്നീട് യൂസേബുന്ന ദയറായിൽ ഗ്രീക്കു ഭാഷാ അധ്യാപകനായി 11 വർഷം ജോലിചെയ്തു. വേദപുസ്തക വ്യാഖ്യാനത്തെ സംബന്ധിച്ചുണ്ടായ തർക്കത്തെത്തുടർന്ന് ടെൽ ആദ (Tell Ada) ദയറായിലേക്കു പോയി 9 വർഷം അവിടെ താമസിച്ചു. ഗ്രീക്ക്, ഹീബ്രു ഭാഷകൾ നന്നായി അറിയാവുന്നതുകൊണ്ട് ടെൽആദ ദയറായിൽവച്ച് പഴയ നിയമ പുസ്തകങ്ങളുടെ ഒരു സംശോധിത പതിപ്പ് തയ്യാറാക്കി.

മോർ യാക്കോബ് ഉറഹായിലെ മെത്രാപോലീത്ത സ്ഥാനത്തു നിന്ന് പിന്മാറിയപ്പോൾ തൽസ്ഥാനത്ത് വാഴിക്കപ്പെട്ട ഹാബീബ് മെത്രാപ്പോലീത്ത എ. ഡി. 707ൽ കാലംചെയ്തു. 23 വർഷങ്ങൾക്കുശേഷം എ. ഡി. 708 ജനുവരിയിൽ വീണ്ടും ഉറഹായിലെ മെത്രാപ്പോലീത്തയായി ചുമതലയേറ്റെങ്കിലും എ. ഡി. 708 ജൂൺ 5-ാം തീയതി കാലംചെയ്തു.

ക്ഷിപ്രകോപിയായിരുന്നെങ്കിലും വിശുദ്ധ ജീവിതം നയിച്ച, നിശ്ചയദാർഢ്യമുള്ള ഒരു നല്ല പിതാവായിരുന്നു മോർ യാക്കോബ്. അദ്ദേഹം ഭദ്രാസന ഭരണം വിട്ടൊഴിഞ്ഞില്ലായിരുന്നു എങ്കിൽ സഭയ്ക്കു വിലപ്പെട്ട പലതും നഷ്ടമായേനെ എന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. മോർ യാക്കോബിന്റെ കൃതികളുടെ പട്ടികയും അവയുടെ സംക്ഷിപ്തമായ ഉള്ളടക്കവും അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ (Aphrem I, 2000) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വ്യാകരണ കർത്താവ്, കവി, പരിഭാഷകൻ, ചരിത്രകാരൻ, വ്യാഖ്യാതാവ്, നിയമജ്ഞൻ, തത്വചിന്തകൻ, ദൈവശാസ്ത്രജ്ഞൻ എന്നീ നിലകളിലെല്ലാം മോർ യാക്കോബ് വിഖ്യാതനാണ്. അദ്ദേഹത്തിന്റെ കത്തുകൾ (സംശയങ്ങൾക്കുള്ള മറുപടികൾ) ഏറെ വിജ്ഞാനപ്രദമാണ്.

ഗ്രീക്കുഭാഷയിലെ സ്വരാക്ഷരങ്ങൾ (Vowels) സുറിയാനി ഭാഷയിൽ ഉപയോഗത്തിൽവരുത്തിത് മോർ യാക്കോബാണ് (Douglas, 1978). അന്ത്യോഖ്യാ പാത്രിയർക്കീസായ സേവേറിയോ

സിന്റെ പല കൃതികളും മോർ യാക്കോബ് വിവർത്തനം ചെയ്തിട്ടുണ്ട്. സുറിയാനി വ്യാകരണത്തെക്കുറിച്ചുള്ള കൃതികളും, പിതാക്കന്മാരുടെ വ്യാഖ്യാനങ്ങളും മോർ യാക്കോബിനെ അതുല്യനാക്കുന്നു. ഏ. ഡി. 705ൽ മോർ യാക്കോബ് വിവർത്തനം ചെയ്ത രാജാക്കന്മാരുടെ പുസ്തകത്തിന്റെ കോപ്പി പാരീസിലെ ഗ്രന്ഥശാലയിൽ സൂക്ഷിച്ചിരിക്കുന്നു (Aphrem I, 2000). യൗസേബിയോസിയോസ് എഴുതിയ സഭാചരിത്രത്തിന്റെ തുടർച്ച (ഏ. ഡി. 692 വരെ) മോർ യാക്കോബ് തയ്യാറാക്കിയിട്ടുണ്ട് (Cross & Livngstone, 1974). ഈ പിതാവിന്റെ ഓർമ്മ ജൂൺ 5-ാം തീയതി സഭ ആഘോഷിക്കുന്നു.

## പുണ്യശ്ലോകനായ ഗീവറുഗീസ് മാർ സേവേറിയോസ്
### (ഏ. ഡി. 1851 - 1927)

കോട്ടയം വലിയപള്ളി വികാരിയായിരുന്ന ഇടവഴിക്കൽ ബഹുമാനപ്പെട്ട ചെറിയാൻ പീലിപ്പോസ് കശീശായുടെയും കുഞ്ഞാച്ചിയുടെയും ഇളയമകനായ ഗീവറുഗീസ് 1851 നവംബർ 12-ാം തീയതി ജനിച്ചു. 1862 ആഗസ്റ്റ് 10ന് കോട്ടയം ചെറിയപള്ളിയിൽ വച്ച് അന്ത്യോഖ്യാ പ്രതിനിധി യൂയാക്കീം മോർ കൂറിലോസ് ബാവാ കോറൂയോ പട്ടം നൽകി. ഗീവറുഗീസ് ശെമ്മാശന്റെ പിതാവ് പീലിപ്പോസ് കശീശാ 1867ൽ നിര്യാതനായി (Stephen, 2006). അതിനു ശേഷം ശെമ്മാശൻ ജ്യേഷ്ഠന്മാരായ മാത്തുവിന്റെയും പീലിപ്പോസ് കോറെപ്പിസ്കോപ്പയുടെയും സംരക്ഷണയിൽ വളർന്നു.

1875 ഏപ്രിൽ 25ന് (മേടം 13 കൃംതാ ഞായറാഴ്ച) കോട്ടയം പുത്തൻ പള്ളിയിൽവച്ച് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപോലീത്തയിൽ നിന്നും കശീശാ പട്ടമേറ്റു. കോട്ടയം പുത്തൻപള്ളി 1868 ഫെബ്രുവരി 15-ാം തീയതി മാർ ബർസൗമായുടെ നാമത്തിൽ അന്ത്യോഖ്യാ പ്രതിനിധി യൂയാക്കീം മാർ കൂറിലോസ് ബാവായുടെ കല്പനപ്രകാരം ഇടവഴി

ക്കൽ വന്ദ്യ പീലിപ്പോസ് കോറെപ്പിസ്കോപ്പ ശിലാസ്ഥാപനം നടത്തിയിട്ടുള്ളതാണ് (Philip, 1993).

19-ാം നൂറ്റാണ്ടിലെ നവീകരണപ്രസ്ഥാനം (വി. കന്യകമറിയാമിനോടും പരിശുദ്ധന്മാരോടുമുള്ള മധ്യസ്ഥ പ്രാർത്ഥന, പരേതർക്കുവേണ്ടിയുള്ള പ്രാർത്ഥന എന്നീ സുറിയാനി സഭാ വിശ്വാസങ്ങളെ എതിർക്കുന്ന പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ പ്രവർത്തനം) പല പള്ളികളിലും കലഹമുണ്ടാക്കി. ക്നാനായക്കാർ കൂടിനടക്കുന്ന കോട്ടയം, റാന്നി, കല്ലിശ്ശേരി പള്ളികളിലും നവീകരണപ്രസ്ഥാനത്തോടു കുറെ പേർ ആഭിമുഖ്യം പുലർത്തി. ഇതേത്തുടർന്ന് കോട്ടയം വലിയ പള്ളിയിലും തർക്കങ്ങളും കലഹങ്ങളും വർധിക്കുകയും വന്ദ്യ ഇടവഴിക്കൽ പീലിപ്പോസ് കോറെപ്പിസ്കോപ്പയെ നവീകരണമെത്രാൻ മാത്യൂസ് അത്താനാസിയോസ് മുടക്കുകയും ചെയ്തു.

സാധുതയില്ലാത്തതെങ്കിലും മുടക്കിന്റെ പശ്ചാത്തലത്തിൽ മുള്ളൂശ്ശേരിൽ തോമാ കശീശായെ മാത്യൂസ് അത്താനാസിയോസ് വലിയപള്ളിയുടെ ചുമതലയേല്പിക്കുകയും വന്ദ്യ കോറെപ്പിസ്കോപ്പയെ പള്ളിയിൽനിന്ന് ഇറക്കി വിടുകയും ചെയ്തു. വന്ദ്യ പീലിപ്പോസ് കോറെപ്പിസ്കോപ്പ കോട്ടയം വലിയപള്ളിയുടെ തെക്കുവശത്തുള്ള ചമയപുരയിൽ ആരാധനകൾ നടത്തിവരുകയും ചെയ്തു. ചമയപ്പുരയിൽ നടത്തിവന്നിരുന്ന ആരാധനകൾക്കു തടസ്സം സൃഷ്ടിക്കുകയും (വാതില്ക്കൽ വിറക് കൂട്ടിയിടുക, പൂട്ടിൽ ആണിയടിക്കുക തുടങ്ങിയവ) അതേത്തുടർന്ന് ക്രിമിനൽ കേസുകൾ ഉണ്ടായി എങ്കിലും കോടതി ഉത്തരവിൻ പ്രകാരം ചമയപുര ഇടവഴിക്കലെ പുരോഹിതന്മാരുടെ കൈവശത്തിൽ തന്നെ നിലനിന്നു. 1875 മെയ് 26-ാം തീയതി വന്ദ്യ ഫിലിപ്പോസ് കോറെപ്പിസ്കോപ്പ നിര്യാതനായി. തുടർന്ന് ഇടവഴിക്കൽ ഗീവറിഗീസ് കശീശാ ആ സ്ഥാനത്ത് ചുമതലയേറ്റു.

1875 ൽ പ. പത്രോസ് നാലാമൻ പാത്രിയർക്കീസ് ബാവാ ഇൻഡ്യയിലേക്കെഴുന്നള്ളി. ഈ സാഹചര്യത്തിൽ മാത്യൂസ് അത്താനാസിയോസിനെ അനുകൂലിച്ച മുള്ളൂശേരിൽ തോമാ കശീശായും ആളുകളും മാതൃസഭയിലേക്കു മടങ്ങിവരുന്നതിനു സന്നദ്ധരായി. കേസുകൾ രാജിയാകുകയും ബ. ഗീവറുഗീസ് കശീശാ വലിയ പള്ളിയിൽ വി. കുർബാനയർപ്പിക്കുകയും ചെ

യ്തു. അന്ത്യോഖ്യാ പ്രതിനിധി, പുത്തൻപള്ളിയിൽ താമസിച്ചിരുന്ന, മോർ അത്താനാസിയോസ് ശെമവൂൻ ബാവാ വലിയ പള്ളിയിലെഴുന്നള്ളി തോമാ കശീശായുടെ മുടക്കു തീർത്തു സമാധാനം സ്ഥാപിക്കുകയും ചെയ്തു. 1889ലെ ചരിത്രപ്രസിദ്ധമായ റോയൽ കോടതി വിധി നവീകരണക്കാർക്ക് പ്രതികൂലമാകുകയും പീഡനത്തിന്റെ കാലഘട്ടം അവസാനിക്കുകയും ചെയ്തു. പ. പത്രോസ് നാലാമൻ പാത്രിയർക്കീസ് ബാവാ ബ്രിട്ടീഷ് ഭരണാധികാരികളെ സന്ദർശിച്ച് നടത്തിയ പരിശ്രമങ്ങൾ മലങ്കരസഭ നന്ദിയോടെ സ്മരിക്കേണ്ടതാണ്.

ക്നാനായ സമുദായത്തിന് ഒരു മെത്രാപോലീത്തയുണ്ടാകണമെന്ന ആശയം 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ തന്നെ ഉടലെടുത്തിരുന്നു. ബ. മാലിത്തറ ഏലിയാസ് കശീശായുടെ അധ്യക്ഷതയിൽ 1882 മകരം 8-ാം തീയതി ചേർന്ന ക്നാനായ സമുദായത്തിന്റെ യോഗം മലങ്കര യാക്കോബായ സുറിയാനി ക്നാനായ കമ്മറ്റിക്കു രൂപം നൽകി. എന്നാൽ ക്നാനായ സമുദായത്തിന് ഒരു മെത്രാപോലീത്ത ഉണ്ടാകുന്നപക്ഷം ഭിന്നതയ്ക്കു കാരണമാകുമെന്ന് ചിന്തിക്കുന്നവരും ഉണ്ടായിരുന്നു. ഏതായാലും ക്നാനായ കമ്മറ്റി കൂടി പ. ഇഗ്നാത്തിയോസ് അബ്ദുള്ളാ രണ്ടാമൻ (അബ്ദേദ് ആലോഹോ) പാത്രിയർക്കീസ് ബാവായ്ക്ക് ഒരു അപേക്ഷ സമർപ്പിക്കുകയും പ. പാത്രിയർക്കീസ് ആ താല്പര്യം അംഗീകരിക്കുകയും ചെയ്തു.

1910 ആഗസ്റ്റ് 21-ാം തീയതി പാമ്പാക്കുട വലിയ പള്ളിയിൽവച്ച് പ. പാത്രിയർക്കീസ് ബാവാ ഗീവറുഗീസ് കശീശായെ റമ്പാച്ചനാക്കി. 1910 ആഗസ്റ്റ് 28-ാം തീയതി വടകര പള്ളിയിൽവച്ച് പരിശുദ്ധ അബ്ദുള്ള രണ്ടാമൻ പാത്രിയർക്കീസ് ബാവാ ഗീവറുഗീസ് റമ്പാച്ചനെ മോർ സേവേറിയോസ് എന്ന പേരിൽ ക്നാനായ സമുദായത്തിന്റെ പ്രഥമ മെത്രാപോലീത്തയായി നിയമിച്ചു. ഈ വാഴ്ചയിൽ കുന്നംകുളത്തു കബറടങ്ങിയ അന്ത്യോഖ്യാ പ്രതിനിധി പ. ഒസ്താത്തിയോസ് സ്ലീബാ ബാവായും ആലുവായിലെ പ. പൗലോസ് മാർ അത്താനാസിയോസ് തിരുമേനിയും സംബന്ധിച്ചിരുന്നു.

നവാഭിഷിക്തനായ ഗീവറുഗീസ് മാർ സേവേറിയോസ് തിരുമേനി വി. കന്യകമറിയാമിന്റെ പേരിലുള്ള കോട്ടയം വ

ലിയ പള്ളി മേടയിൽ പരിമിതമായ സൗകര്യത്തിൽ താമസിച്ച് ഭദ്രാസന ഭരണം നടത്തി. പട്ടത്വസ്ഥാനികളെ നിശ്ചയിക്കുന്നതിന് ഒരു പട്ടംകൊട കമ്മറ്റി സംഘടിപ്പിച്ചു. ചിങ്ങവനം മാർ അപ്രേം സെമിനാരി സ്ഥാപിച്ച് കൂദാശ ചെയ്തു. ചിങ്ങവനത്തു മിഷ്യൻ പള്ളി സ്ഥാപിക്കുകയും പള്ളികളിൽ സത്യവിശ്വാസം പഠിപ്പിക്കുന്നതിന് ഉപദേശിമാരെ നിയമിക്കുകയും ചെയ്തു.

മെത്രാപോലീത്തയായി 8 വർഷങ്ങൾ പിന്നിട്ടപ്പോൾ 1919 മിഥുനം 7-ാം തീയതി ഒരു വിൽപ്പത്രം തയ്യാറാക്കി. അതിൽ ഇങ്ങനെ എഴുതിയിരിക്കുന്നു. ''എന്റെ കാലശേഷം വല്ല സംഖ്യയും മിച്ചമുണ്ടായിരുന്നാൽ . . . ക്നാനായ സമുദായത്തിലെ വൈദികരുടെ വിദ്യാഭ്യാസത്തിനും അഭ്യുന്നതിക്കുമായോ അഥവാ രണ്ടിനും കൂടിയോ ഉപയോഗിക്കേണ്ടതിലേക്ക് ഒരു ട്രസ്റ്റ് മുതലായി ഞാൻ നിശ്ചയിച്ചിരിക്കുന്നു.'' ഈ വിൽപത്ര പ്രകാരമാണ് 'മോർ സേവേറിയോസ് വിദ്യാഭ്യാസ നിധി' രൂപം കൊണ്ടത്.

1925 ഏപ്രിൽ 26 ാം തീയതി തിരുമേനിയുടെ പൗരോഹിത്യ സുവർണ്ണ ജൂബിലി ലളിതമായി ആഘോഷിച്ചു. അഭിവന്ദ്യ തിരുമേനി കോട്ടയം വലിയ പള്ളിയിൽ വി. കുർബാനയർപ്പിച്ചു. വാർധക്യത്തിൽ പ്രാർത്ഥനയോടെ കഴിച്ചുകൂട്ടണമെന്ന ആഗ്രഹത്താൽ ഒരു സഹായ മെത്രാപോലീത്തയുണ്ടാകണമെന്ന് തിരുമേനി താല്പര്യപ്പെട്ടു. ആ താല്പര്യം മുൻനിർത്തി ഒറ്റത്തെക്കൽ തോമാ കത്തനാരെ 1926 ഒക്ടോബർ 24ാം തീയതി പ. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ തോമ മാർ ദീയസ്കോറോസ് എന്ന പേരിൽ മെത്രാപോലീത്തയായി നിയമിച്ചു. (ഇദ്ദേഹം 12-11-1939ൽ റോമാ സഭയിൽ ചേർന്നു).

മേൽപ്പട്ടക്കാരനെന്ന നിലയിൽ 16 വർഷത്തെ സഭാ സേവനത്തിനു ശേഷം 75-ാം വയസിൽ 1927 ജൂൺ 11 -ാം തീയതി (1102 ഇടവം 28ന്) ശനിയാഴ്ച രാവിലെ 10 മണിക്കു കാലം ചെയ്തു. 12ാം തീയതി ഞായറാഴ്ച ഉച്ചയ്ക്കു ശേഷം അന്ത്യോഖ്യാ പ്രതിനിധി മാർ യൂലിയോസ് ഏലിയാസ് ബാവാ, ആലുവായിലെ മോർ അത്താനാസിയോസ് തിരുമേനി, പിൻഗാമിയായ തോമാ മോർ ദീയസ്കോറസ് എന്നീ മേൽപ്പട്ടക്കാരുടെ കാർമ്മികത്വത്തിൽ കോട്ടയം വലിയ പള്ളിയിൽ കബറടക്ക

ശുശ്രൂഷ നടന്നു. ഈ പിതാവിന്റെ ഓർമ്മപ്പെരുന്നാൾ ജൂൺ 11-ാം തീയതി ആഘോഷിക്കുന്നു.

## പുണ്യശ്ലോകനായ മോർ ഒസ്താത്തിയോസ് ബെന്യാമിൻ

**(ഏ. ഡി. 1949 - 2004)**

ആർത്താറ്റ് - കുന്നംകുളം സിംഹാസനപ്പള്ളി ആരാധകനായ പനയ്ക്കൽ ഉക്രുവിന്റെയും (ജോസഫ്) താണ്ടുവിന്റെയും മകനായ ബെന്നി 1949 ജൂൺ 24-ാംതീയതി ജനിച്ചു. ഇരട്ട സഹോദരിയായ ബെറ്റിയെ കൂടാതെ ബെന്നിക്ക് ആറ് സഹോദരന്മാരും നാല് സഹോദരികളുമുണ്ട്.

സ്കൂൾ വിദ്യാഭ്യാസം കുന്നംകുളം എം. ജെ. ഡി. ഹൈസ്കൂളിലും പ്രീഡിഗ്രിക്ക് ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിലും ഗണിതശാസ്ത്രത്തിൽ ഡിഗ്രി പഠനം തൃശൂർ സെന്റ് തോമസ് കോളേജിലും നിർവ്വഹിച്ചു. വിദ്യാർത്ഥിയായിരുന്ന ബെന്നിയെ കുന്നംകുളം സെന്റ് മേരീസ് സിംഹാസനപ്പള്ളി വികാരിയായിരുന്ന (1961-84) ബ. കെ. വി. കുരിയാക്കോസച്ചൻ (ഇപ്പോൾ അഭിവന്ദ്യ യൂലിയോസ് തിരുമേനി) മദ്ബഹായിലെ ശുശ്രൂഷകൾക്കായി പ്രവേശിപ്പിച്ചു.

1972 ൽ മഞ്ഞനിക്കര ദയറായിൽ വിദ്യാർത്ഥിയായി ചേർന്ന ബെന്നി, അൽമേനിയായിരിക്കെ അന്ത്യോഖ്യാ സിംഹാസന പ്രതിനിധി മോർ തിമൊഥിയോസ് അഫ്രേം ആബൂദി മെത്രാപോലീത്തായുടെ സെക്രട്ടറിയായി പ്രവർത്തിച്ചു. 1973 ജൂൺ 15-ാം തീയതി (സ്വർണ്ണവെള്ളിയാഴ്ച) അഭിവന്ദ്യ അഫ്രേം ആബൂദി മെത്രാപോലീത്തായിൽനിന്നും മഞ്ഞനിക്കര ദയറായിൽവച്ച് കോറൂയോ പട്ടം സ്വീകരിച്ചു.

1974ൽ ഉപരിപഠനാർത്ഥം ലബനോനിലെ മോർ അഫ്രേം വൈദിക സെമിനാരിയിൽ ചേർന്നു. ലബനോനിലെ ആഭ്യ

ന്തരയുദ്ധകാലത്ത് ബെന്നി ശെമ്മാശ്ശന്റെ സെമിനാരിയിലെ താമസത്തെക്കുറിച്ചുള്ള സ്മരണകൾ പലപ്പോഴും തിരുമേനി അയവിറക്കാറുണ്ട്. 1977 ജൂലൈ 13-ാം തീയതി പാത്രിയർക്കാ വികാരിയായിരുന്ന മോർ സേവേറിയോസ് ഹാവ മെത്രാപോലീത്തയിൽ നിന്ന് യൗഫദ്യക്ക്നോപ്പട്ടവും 1977 ജൂലൈ 14-ാം തീയതി പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവയിൽ നിന്ന് ശർവ്വോയോ റമ്പാനായും 1977 ജൂലൈ 16-ാംതീയതി പൂർണ്ണ ശെമ്മാശനായും പട്ടമേറ്റു.

1977-79 കാലഘട്ടത്തിൽ അച്ചാനിയിലെ (Mount Labanon) സെന്റ് എഫ്രേം സിറിയൻ ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ ഇംഗ്ലീഷ് അദ്ധ്യാപകനായും വൈസ് പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ചു. 1979 ജൂലൈ 15-ാം തീയതി പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവയിൽ നിന്ന് കശീശ പട്ടമേറ്റു. 1979 ഡിസംബറിൽ പ. പാത്രിയർക്കീസ് ബാവായുടെ മലങ്കര കാര്യങ്ങൾക്കുള്ള സെക്രട്ടറിയായി നിയമിതനായി. 1979-84 കാലയളവിൽ യോർദ്ദാൻ ഇടവകയുടെ വികാരിയായി ചുമതലകൾ നിർവ്വഹിച്ചു.

1980ൽ ആറുമാസത്തോളം ദുബായിലെ മോർ ഇഗ്നാത്തിയോസ് സിറിയൻ ഓർത്തഡോക്സ് പള്ളിയിൽ ശുശ്രൂഷകൾ ചെയ്തു. 1980-84 കാലയളവിൽ പ. സഖാ ഇവാസ് ഒന്നാമൻ പാത്രിയർക്കീസ് ബാവായുടെ ഒന്നാം സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു. 1984 ഒക്ടോബർ 7-ാം തീയതി പ. സഖാ ഒന്നാമൻ പാത്രിയർക്കീസ് ബാവ ദമസ്കോസിലെ സെന്റ് ജോർജ് കത്തീഡ്രലിൽവച്ച് മോർ ഒസ്താത്തിയോസ് എന്ന പേരിൽ മെത്രാപോലീത്തത്തായായി വാഴിച്ചു.* അടുത്ത വെള്ളിയാഴ്ച 1984 ഒക്ടോബർ 12-ാം തീയതി ഈ ലേഖകന് ദമസ്കോസിലെ സെന്റ് ജോർജ് കത്തീഡ്രലിൽവച്ച് പൂർണ്ണ ശെമ്മാശപട്ടം നൽകി. 1984 നവംബറിൽ മലങ്കരയിൽ തിരിച്ചെത്തിയ തിരുമേനി കുന്നംകുളം സിംഹാസനപ്പള്ളിയുടെ പൂർണ്ണ ചുമതലയും മറ്റു സിംഹാസന പള്ളികളുടെയും സ്ഥാപനങ്ങളുടെയും സഹായ മെത്രാപോലീത്തയായും ചുമതലയേറ്റു.

1992 ജനുവരി 24-ാം തീയതി സിംഹാസനപ്പള്ളികളുടെ അഭിവന്ദ്യ യാക്കോബ് മാർ യൂലിയോസ് തിരുമേനി കാലംചെ

യ്തപ്പോൾ സിംഹാസനപ്പള്ളികളുടെയും സ്ഥാപനങ്ങളുടെയും മെത്രാപോലീത്തയായി നിയമിതനായി. 1993 ഫെബ്രുവരി 13-ാം തീയതി മഞ്ഞനിക്കര ദയറായിൽവച്ച് അഭിവന്ദ്യ അഫ്രേം ആബൂദി മെത്രാപ്പോലീത്താ സുന്ത്രോണിസോ നടത്തി.

കുന്നംകുളം സെന്റ് മേരീസ് സിംഹാസന പള്ളി സംബന്ധിച്ച കേസിൽ 1985ൽ പ. ഇഗ്നാത്തിയോസ് സഖാ ഒന്നാമൻ പാത്രിയർക്കീസ് ബാവായുടെ പവർ ഓഫ് അറ്റോർണി പ്രകാരം കക്ഷി ചേർന്നു. (1961 മുതൽ ബ. കെ. വി. കുരിയാക്കോസച്ചൻ വികാരിയെന്ന നിലയിലും 1981 മുതൽ പവർ ഓഫ് അറ്റോർണി പ്രകാരവും കേസ് നടത്തിവരികയായിരുന്നു). ഈ കേസിൽ (O. S. No. 2/1983) 29-11-2002ൽ അനുകൂല വിധിയുണ്ടാകുകയും അഭിവന്ദ്യ ബെന്യാമിൻ തിരുമേനിയുടെ താല്പര്യപ്രകാരം 2003 മാർച്ചിലെ മാർ ഒസ്താത്തിയോസ് സ്ലീബാ ബാവയുടെ ശ്രാദ്ധം വി. ഒൻപതിന്മേൽ കുർബാനയോടുകൂടെ ആഘോഷിക്കുകയും ചെയ്തു.

അഭിവന്ദ്യ തിരുമേനി മഞ്ഞനിക്കരയിലും മറ്റു പല സ്ഥലങ്ങളിലും സ്ഥാപനങ്ങൾ പടുത്തുയർത്തിയിട്ടുണ്ട്. മഞ്ഞനിക്കര ദയറായുടെ വടക്കുവശത്തായി തീർത്ഥാടകർക്കുവേണ്ടി ജശഹഴൃശാ ഇലിലൃേ ന് 7-11-1989ൽ കല്ലിട്ട് 10-2-1996ൽ കൂദാശ ചെയ്തു. മഞ്ഞനിക്കര ദയറാപ്പള്ളി പുതുക്കിപ്പണിയുന്നതിനായി രൂപരേഖ തയ്യാറാക്കുകയും പള്ളിയുടെ തെക്കും പടിഞ്ഞാറും ഭാഗങ്ങൾ ആ രൂപരേഖയനുസരിച്ച് പണിയിപ്പിക്കുകയും ചെയ്തു. 1991 ഫെബ്രുവരി 8-ാം തീയതി കുന്നംകുളത്തിനടുത്ത് പെലക്കാട്ടുപയ്യൂർ കുരിശുപള്ളിക്ക് തറക്കല്ലിട്ട് 1992 മാർച്ചിൽ കൂദാശ ചെയ്തു. 1997 മാർച്ച് 23-ാം തീയതി മഞ്ഞനിക്കരയ്ക്കടുത്ത് ഊന്നുകല്ലിൽ സെന്റ് ഏലിയാസ് സിംഹാസനപ്പള്ളിക്ക് തറക്കല്ലിട്ട് 1998 ഒക്ടോബർ 13-ാം തീയതി കൂദാശ ചെയ്തു. 1998ൽ Elias III Benevolent Society രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചു. 1998 ആഗസ്റ്റ് 23-ാം തീയതി കുന്നംകുളത്തിനടുത്ത് അകതിയൂർ സെന്റ് ജോർജ്ജ് സിറിയൻ സിംഹാസന ചാപ്പലിന് തറക്കല്ലിട്ട് 2001 മെയ് 6-ാം തീയതി കൂദാശ ചെയ്തു. 2002 ജൂൺ 30-ാം തീയതി തൃശൂർ സെന്റ് പീറ്റേഴ്സ് സിറിയൻ സിംഹാസന ചാപ്പലിൽ വി. കുർബാന ആരംഭിച്ചു. 2004 ആഗസ്റ്റ് 25-ാം തീയതി നെടുംകണ്ടം സെന്റ് മേരീസ് സിംഹാസനപ്പള്ളി

കൂദാശചെയ്ത് വി. കുർബാന അർപ്പിച്ചു. ഇതു കൂടാതെ ആർത്താറ്റ് മോർ ഒസ്താത്തിയോസ് ചാപ്പൽ, പരിശുദ്ധ ഒസ്താത്തിയോസ് കുരിശ്, പോഴോട്ടുമുറി കുരിശ് എന്നിവയും തിരുമേനി കല്ലിട്ട് കൂദാശ ചെയ്തവയിൽ ഉൾപ്പെടുന്നു.

അന്ത്യോഖ്യാ സിംഹാസനം വക മലങ്കരയിലുള്ള പള്ളികളും, ദയറാകളും പലരും കൈവശപ്പെടുത്താൻ ശ്രമിച്ചപ്പോൾ പുണ്യശ്ലോകനായ തിരുമേനി അതിനെതിരെ ശബ്ദമുയർത്തിയിട്ടുണ്ട്. 1996 ഒക്ടോബർ 13–ാം തീയതി അന്ത്യോഖ്യാ സിംഹാസനം വക മലേക്കുരിശ് ദയറാ കണ്ടനാട് ഭദ്രാസനത്തിന്റെ ചുമതലയുണ്ടായിരുന്ന തോമസ് അത്താനാസിയോസ് കൈവശപ്പെടുത്താൻ പരിശ്രമം നടത്തി. അഭിവന്ദ്യ തിരുമേനിയുടെ നിശ്ചയദാർഢ്യം കൊണ്ടുമാത്രമാണ് ആ ദയറാ ഇന്ന് അന്ത്യോഖ്യാ സിംഹാസനത്തിന്റേതായി നിലനില്ക്കുന്നത്.

അന്ത്യോഖ്യാ സിംഹാസനത്തോടും പ. പാത്രിയർക്കീസ് ബാവായോടും വിധേയത്വം പുലർത്തുന്ന പള്ളികൾ പൂട്ടിക്കുക എന്നത് 1997 മുതൽ ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ ഒരു സമീപനമായിരുന്നു. ആ പരിശ്രമത്തിനെതിരെ കേരളം മുഴുവൻ ഓടി നടന്ന ഒരു തിരുമേനിയായിരുന്നു ബെന്യാമിൻ തിരുമേനി. കട്ടച്ചിറ, മംഗലം ഡാം, ഏരുക്കുംചിറ, കണ്യാട്ടുനിരപ്പ്, കടമറ്റം, കോലഞ്ചേരി, ഊരമന, ചാലിശ്ശേരി, ചെറുതോണി എന്നിവടങ്ങളിലെല്ലാം തിരുമേനി പലതവണ ഓടിയെത്തുകയും ഒന്നിലധികം ദിവസം താമസിക്കുകയും ചെയ്തിട്ടുണ്ട്. 1982 മുതൽ കടുത്ത പ്രമേഹ രോഗിയായിരുന്നെങ്കിലും അന്ത്യോഖ്യാ വിശ്വാസ സംരക്ഷണത്തിന് രോഗം തടസ്സമായിരുന്നില്ല.

അന്ത്യോഖ്യാ വിശ്വാസ സംരക്ഷണസമിതി, കേഫാ എന്നീ സംഘടനകളുടെ നേതൃത്വം വഹിച്ചിരുന്ന തിരുമേനി തുടങ്ങിവച്ച പല സംരംഭങ്ങളും തുടർന്നുകൊണ്ടുപോകേണ്ടതായിട്ടുണ്ട്. 1997 മെയ് 1–ാം തീയതിയിലെ നമ്പർ 22/97 കല്പന പ്രകാരം സിംഹാസനപ്പള്ളികളുടെ കെട്ടുറപ്പിനും, സുസ്ഥിരതയ്ക്കും ഒരു ഭരണഘടന ഉണ്ടാക്കുന്നതിന് ശ്രമമാരംഭിച്ചെങ്കിലും പല കാരണങ്ങളാൽ സഫലമായില്ല. സിംഹാസന ചർച്ച് അസോസിയേഷനും അനുബന്ധ സംഘടനകളും രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചെങ്കിലും പല നടപടികളും പൂർത്തിയായില്ല.

**അന്ത്യനാളുകൾ - കബറടക്കം.**

2004 ജൂൺ 13-ാം തീയതി ഞായറാഴ്ച തിരുമേനി തൃശൂർ സെന്റ് പീറ്റേഴ്സ് സിറിയൻ സിംഹാസന ചാപ്പലിൽ വി. കുർബാന അർപ്പിച്ചു. ഉച്ചയോടെ കുന്നംകുളം സിംഹാസനപ്പള്ളിയിലെത്തി. നേരത്തെ നടത്തിയ പരിശോധനകളിൽ ഹൃദ്രോഗമുണ്ടെന്നും ഓപ്പറേഷൻ ആവശ്യമാണെന്ന് ഡോക്ടർ നിർദ്ദേശിച്ചിട്ടുണ്ടല്ലോ എന്നും ഈ ലേഖകൻ ആരാഞ്ഞപ്പോൾ 'അതിന്റെ ഒന്നും ആവശ്യമില്ല, എനിക്കൊരു കുഴപ്പവുമില്ല, നാളെ ചെക്കപ്പുണ്ട്' എന്നൊക്കെ കല്പിക്കുകയുണ്ടായി. നേരത്തെ നിശ്ചയിച്ചതനുസരിച്ച് ഞായറാഴ്ച വൈകിട്ട് പരിശോധനയ്ക്കായി ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. 14-ാം തീയതി തിങ്കളാഴ്ച രാവിലെ പത്രം വായിച്ചുകൊണ്ടിരുന്നപ്പോൾ അസ്വാസ്ഥ്യം തോന്നി. ഒരു വശത്തിനു ബലക്ഷയം സംഭവിച്ചു. ഉടനെ തീവ്രപരിചരണ വിഭാഗത്തിലേക്കു മാറ്റിയെങ്കിലും രോഗനിലയിൽ മാറ്റമില്ലാതെ തുടർന്നു. 2004 ജൂൺ 17-ാം തീയതി വ്യാഴാഴ്ച പുലർച്ചെ 2.42 ന് തൃശൂർ ഹോസ്പിറ്റലിൽ വച്ച് കാലം ചെയ്തു. രാവിലെ 10 മണിയോടെ ഭൗതികശരീരം വിലാപയാത്രയായി മാതൃദേവാലയമായ കുന്നംകുളം സെന്റ് മേരീസ് സിറിയൻ സിംഹാസനപ്പള്ളിയിലേക്കു കൊണ്ടുപോയി പൊതു ദർശനത്തിനു വച്ചു.

ജൂൺ 18-ാം തീയതി വെള്ളിയാഴ്ച വി. കുർബാനയ്ക്കു ശേഷം രാവിലെ 8.30 ന് ഭൗതിക ശരീരം കുന്നംകുളം തെക്കേ അങ്ങാടി, പാറയിൽ സെന്റ്തോമസ് സിംഹാസന ചാപ്പൽ, പാറനൂർ മോർ ഒസ്താത്തിയോസ് കുരിശ്, അങ്കമാലി, കളമശ്ശേരി, കരിങ്ങാച്ചിറ, മലേക്കുരിശ് ദയറ, മുളന്തുരുത്തി, പെരുമ്പള്ളി സിംഹസനപ്പള്ളി, ഏറ്റുമാനൂർ, പേരൂർ, മണർകാട് സെന്റ് മേരീസ് കത്തീഡ്രൽ, കോട്ടയം സിംഹാസനപ്പള്ളി, ചിങ്ങവനം ദയറ, തിരുവല്ല സിംഹാസന പള്ളി, പത്തനംതിട്ട, ഒല്ലൂർ കുരിശ് വഴി രാത്രി 10 മണിയോടെ മഞ്ഞനിക്കര ദയറായിലെത്തിച്ചു. ജൂൺ 19-ാം തീയതി ശനിയാഴ്ച (അമേരിക്കൻ പര്യടനത്തിലായിരുന്ന) ശ്രേഷ്ഠ കാതോലിക്ക മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ വി. കുർബാനയും തുടർന്ന് കബറടക്ക ശുശ്രൂഷയും നടന്നു.

തിരുമേനി ആഗ്രഹിച്ചിരുന്ന സ്ഥലത്തുതന്നെ കബർ തയ്യാറാക്കി ഉച്ചയ്ക്കുശേഷം 12.30 p. m.ന് ഭൗതിക ശരീരം കബറിൽ വച്ചു. സന്ധ്യാ പ്രാർത്ഥനയ്ക്കുശേഷം 5.30 p. m.ന് കബറിൽ കുന്തുരുക്കം നിറച്ച് കബർ അടച്ചു. 20 വർഷം മഞ്ഞനിക്കര ദയറായിൽ ശുശ്രൂഷകൾ നടത്തിയ തിരുമേനിയുടെ ശ്രാദ്ധം ജൂൺ 17-ാംതീയതി ആചരിക്കുന്നു.

# പുണ്യശ്ലോകനായ മോർ ഗ്രിഗോറിയോസ് യൂഹാനോൻ

**(ഏ. ഡി. 1695 –1773)**

പുരോഹിതനായ ഇസഹാക്കിന്റെയും ശമ്മെയുടെയും പുത്രനായ യൂഹാനോൻ ഏ. ഡി. 1695ൽ ബാക്കൂദൈദായിൽ (Bakudaida, also known as Kooded or Karakosh near Mosul) ജനിച്ചു (അുവ്യലാ, 1964). ഇദ്ദേഹം കോതമംഗലം ചെറിയ പള്ളിയിൽ കബറടങ്ങിയ പരിശുദ്ധനായ മോർ ബസ്സേലിയോസ് യൽദോ മഫ്രിയാനയുടെ കുടുംബക്കാരനാണ്. യൂഹാനോനും സഹോദരൻ സ്ലീബായും ബക്കൂദൈദായ്ക്കു സമീപമുള്ള മോർ ബഹനാം ദയറായിൽ ദയറാക്കാരായി.

1747ൽ 109-ാമത്തെ അന്ത്യോഖ്യാ പാത്രിയർക്കീസായ ഇഗ്നാത്തിയോസ് ഗീവറുഗീസ് തൃതീയൻ (1745-1768) ഇദ്ദേഹത്തെ മോർ ബഹനാം ദയറായുടെയും ഇടവകയുടെയും മെത്രാപോലീത്തയായി വാഴിച്ചു. 1749ൽ, കണ്ടനാട് വി. മർത്തമറിയം പള്ളിയിൽ കബറടങ്ങിയ മോർ ബസേലിയോസ് ശക്രുള്ള മഫ്രിയാനയോടു കൂടി മലങ്കരയിൽ വന്നു. 1764 മുതൽ മലങ്കര സഭാ ഭരണം നിർവ്വഹിച്ചു (Aphrem, 1964). മോർ ഗ്രിഗോറിയോസ് യൂഹാനോൻ ബാവായോടു കൂടി വന്ന മൂസൽകാരൻ യൂഹാനോൻ റമ്പാച്ചനെ 1752ൽ മോർ ശക്രുള്ള മഫ്രിയാന മോർ ഇവന്നീസ് യൂഹാനോൻ എന്ന പേരിൽ മെത്രാപോലീത്തയായി നിയമിച്ചിരുന്നു. (ഈ പിതാവ് 1794ൽ കാലംചെയ്ത് ചെങ്ങനൂർ

പള്ളിയിൽ കബറടക്കിയിരിക്കുന്നു) ഈ രണ്ടു ശീമക്കാരായ പിതാക്കന്മാരായിരുന്നു 18-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ മലങ്കര സഭാഭരണം നടത്തിയിരുന്നത്.

1765ൽ തോമാ അഞ്ചാമൻ സാധുവായ കൈവെപ്പ് പ്രാപിക്കാതെ നിദ്രപ്രാപിച്ചു. തോമാ അഞ്ചാമൻ ഇഹലോകവാസം വെടിയുന്നതിനു മുൻപ് സഹോദരീ പൗത്രൻ യൗസേപ്പിനെ തോമാ ആറാമൻ എന്ന പേരിൽ കാനോനികമല്ലാതെ വാഴിച്ചിരുന്നു. മോർ ഗ്രീഗോറിയോസ് യൂഹാനോൻ ബാവായും മോർ ഇവാനിയോസ് യൂഹാനോൻ ബാവായും തോമാ ആറാമന്റെ പേർക്കയച്ച കത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ''നമ്മുടെ വാത്സല്യ പുത്രാ, ഞങ്ങൾ ഈ ദേശത്ത് പരദേശികളാകുന്നു. ഞങ്ങൾ സഹോദരങ്ങളെയും സ്നേഹിതന്മാരെയും ഉപേക്ഷിച്ച് വന്നവരാകുന്നു. ഇനിയും ഞങ്ങൾക്ക് ആ സ്ഥാനത്ത് കാണ്മാനുള്ളത് നിങ്ങളെയാകുന്നു.'' അങ്ങനെയിരിക്കെ ഒരു ദിവസം നിരണം പള്ളിയിൽ മോർ ഗ്രിഗോറിയോസ് യൂഹാനോൻ ബാവാ വി. കുർബാന അർപ്പിക്കുമ്പോൾ തോമാ ആറാമൻ കാൽക്കൽ വീണ് ക്ഷമാപണം നടത്തുകയും മോർ ഗ്രിഗോറിയോസ് ബാവാ വാത്സല്യപൂർവ്വം എഴുന്നേൽപ്പിച്ചു ചുംബിക്കുകയും ചെയ്തു.

1770 മെയ് 29-ാം തീയതി തോമാ ആറാമനെ മോർ ദീവന്നാസിയോസ് എന്ന പേരിൽ മോർ ഗ്രിഗോറിയോസ് യുഹാനോനും, മോർ ഇവാനിയോസ് യൂഹാനോനും പട്ടം കൊടുത്ത് (തോമാ അഞ്ചാമൻ പട്ടമേറ്റ ശേഷം കൊടുക്കുവാനായി പ. ഗീവറുഗിസ് തൃതീയൻ പാത്രിയർക്കീസ് ബാവ, മോർ ശക്രള്ളാ മഫ്രിയാന വശം കൊടുത്തയച്ചിരുന്ന) അംശവടിയും, സ്ലീബായും, സ്ഥാത്തിക്കോനും നൽകുകയും ചെയ്തു (Philip, 1992). സുസ്ഥാത്തിക്കോനിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: 'ഊർശ്ലേമിന്റെ മെത്രാപോലീത്തയായ ഗ്രിഗോറിയോസും ഇന്ത്യയുടെ എപ്പിസ്കോപ്പയായ ഈവന്നീസും കൂടി തോമായെന്നുവിളിക്കപ്പെടുന്ന യൗസേഫിനെ മലങ്കരയുള്ള സുറിയാനി സമുദായത്തിന്റെ മെത്രാപോലീത്തയായി പട്ടം കൊടുക്കുകയും അദ്ദേഹം ദിവന്നാസിയോസ് എന്നപേരിൽ വിളിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ആയത് അന്ത്യോഖ്യായുടെ പാത്രിയർക്കീസായ മോർ ഇഗ്നാത്തിയോസിന്റെ കല്പന പ്രകാരം തന്നെ'.

പട്ടമേറ്റശേഷം തോമാ മോർ ദീവന്നാസ്യോസ്, മോർ ഗ്രിഗോറിയോസിനും മോർ ഈവന്നീസിനും ഉടമ്പടി കൊടുക്കുകയും അതിൽ ഇപ്രകാരം പറയുകയും ചെയ്യുന്നു. 'പിതാക്കന്മാരിൽ വച്ചു ബലഹീനനും ദരിദ്രനുമായ ദിവന്നാസ്യോസ് യൗസേഫ് മെത്രാപോലീത്തയായ ഞാൻ എന്റെ സ്വന്ത ഇഷ്ടപ്രകാരം ഈ ഉടമ്പടി ഊർശ്ലേമിന്റെ മെത്രാപോലീത്തയായ അഭിവന്ദ്യനായ മോർ ഗ്രിഗോറിയോസിന്റെയും ഈവന്നീസ് എപ്പിസ്കോപ്പയുടെയും പേർക്കു എഴുതുന്നതാകുന്നു. സുറിയാനിക്കാരുടെ ആചാര മര്യാദപ്രകാരം കുർബാന അണച്ചുകൊള്ളാമെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു. ദൈനംദിന ചിലവുകൾക്കായി ഈവന്നീസ് എപ്പിസ്കോപ്പയ്ക്കും കൂടെയുള്ളവർക്കു കൂടി പ്രതിദിനം ഒരു വെള്ളിപ്പണം വീതം ഞാൻ കൊടുക്കുന്നതാണ്'. (1770-ാം മാണ്ടു ചിങ്ങമാസത്തിലെ തിരുവോണ ദിവസം നിരണം മർത്തമറിയം പള്ളിയിൽ വച്ച് എഴുതപ്പെട്ടു.) അദ്ദേഹം തന്റെ അച്ചന്മാർക്കും ശെമ്മാശന്മാർക്കും വീണ്ടും പട്ടം കൊടുക്കുകയും ചെയ്തു. ജനങ്ങൾക്ക് ഈ സമാധാനത്തിൽ വലിയ സന്തോഷമുണ്ടായി. അന്നുമുതൽ സഭാകാര്യങ്ങൾ മോർ ഗ്രിഗോറിയോസും മോർ ഈവന്നീസും മോർ ദീവന്നാസ്യോസിനോടൊരുമിച്ചു സഹകരിച്ചു ശുഷ്കാന്തിയോടെ നടത്തിപ്പോന്നു.

1772 മുതൽ മോർ ഗ്രിഗോറിയോസ് ബാവായുടെ കണ്ണിന്റെ കാഴ്ചശക്തി കുറയുവാനിടയായി. വൈദ്യം അറിയുമായിരുന്ന കാട്ടുമങ്ങാട്ടെ വന്ദ്യ എബ്രഹാം റമ്പാച്ചൻ അദ്ദേഹത്തെ ചികിത്സിക്കുകയുണ്ടായി. 1773 ജൂലൈ 10-ാം തീയതി (947 മിഥുനം 27) മോർ ഗ്രീഗോറിയോസ് യൂഹനോൻ ബാവാ കാലം ചെയ്തു. മുളന്തുരുത്തി മാർതോമൻ പള്ളി മദ്ബഹായിൽ വടക്കുഭാഗത്തു കബറടക്കപ്പെട്ടു. 2006 ഡിസംബർ 17-ാം തീയതി കബർ തുറന്ന് തിരുശേഷിപ്പുകൾ മദ്ബഹായുടെ വടക്കു ഭാഗത്തേക്ക് മാറ്റി സ്ഥാപിച്ചു.

# പുണ്യശ്ലോകനായ
# മോർ യൂലിയോസ് യേശു ശീശക്
### (ഏ. ഡി. 1942 - 2005)

തെക്കുകിഴക്കൻ ടർക്കിയിലെ തുറബ്ദിനടുത്തുള്ള കാഫ്റോ (Kafro) അഥവാ അപ്പർ കാഫറോയിൽ 1942 ജനുവരി 1 -ാം തീയതി യേശു ശീശക് ജനിച്ചു. പിതാവ് പുരോഹിതനായ ബർസൗമോ ശീശക്കിന്റെയും മാതാവ് സെയ്ദിന്റെയും മകനായ യേശു 9-ാം വയസ്സിൽ ദയറുൾ സഫറാൻ സെമിനാരിയിൽ ചേർന്നു.

1958 ൽ ശെമ്മാശനായ ശേഷം മർദിനിലെ മോർ ഫിലക്സിനോസ് യൂഹാനോൻ ദൊലബാനി മെത്രാപോലീത്തായുടെ (d. 1969) സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു. 1960 ൽ കർത്മീനിലെ (മിദിയാത്തിന് കിഴക്കുള്ള) മോർ ഗബ്രിയേലിന്റെ ദയറായിൽ ചേർന്ന് സന്യാസജീവിതം ആരംഭിച്ചു. 1962-67 കാലഘട്ടത്തിൽ ദയറായിലെ സംഗീത അധ്യാപകനും അഡ്മിനിസ്ട്രേറ്ററുമായി ചുമതലകൾ നിർവ്വഹിച്ചു. 1969ൽ വൈദികനായശേഷം ഹോളണ്ട്, ലെബനോൺ, അമേരിക്ക എന്നീ സ്ഥലങ്ങളിൽ സേവനമനുഷ്ഠിച്ചു. 1974ൽ മോർ ഗബ്രിയേൽ ദയറായുടെ അധിപനായിരുന്നു വന്ദ്യ യേശു ശീശക് റമ്പാച്ചൻ.

1975-77 കാലഘട്ടത്തിൽ അമേരിക്കയിലെ മിഷിഗൺ യൂണിവേഴ്സിറ്റിയിൽ ഉപരിപഠനം നടത്തിയ റമ്പാച്ചൻ ജർമ്മനിയിലെ വ്യൂർസ്ബർഗ്ഗ് യൂണിവേഴ്സിറ്റിയിലും ഉപരിപഠനം നടത്തി. 1979 ജൂൺ 24-ാം തീയതി പരിശുദ്ധ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ വന്ദ്യ യേശു ശീശക് റമ്പാച്ചനെ മോർ യൂലിയോസ് എന്ന പേരിൽ മെത്രാപോലീത്തായായി വാഴിച്ച് ജർമ്മനി, ഹോളണ്ട്, ബൽജിയം, ഫ്രാൻസ്, ഓസ്ട്രിയാ, സ്വിറ്റ്സർലാന്റ് മുതലായവ ഉൾപ്പെടുന്ന മധ്യ യൂറോപ്പ് ഭദ്രാസനത്തിന്റെ പ്രഥമ ആർച്ച് ബിഷപ്പായി നിയമിച്ചു.

മധ്യ യൂറോപ്പിലെ വിശ്വാസികളിലധികവും ടർക്കിയിലെ പീഡനത്തെ തുടർന്ന് യൂറോപ്പിൽ അഭയം തേടിയ സുറിയാനി

ക്രിസ്ത്യാനികളാണ്. വിവിധ സ്ഥലങ്ങളിലായി സ്ഥിതിചെയ്യുന്ന നൂറിലധികം പള്ളികളുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും ഭരണക്രമീകരണത്തിനായി ഹോളണ്ടിലെ ലോസ്സറിൽ കോടികൾ വിലമതിക്കുന്ന 30 ഏക്കർ സ്ഥലം വാങ്ങി 'സെന്റ് എഫ്രേം സിറിയൻ ദയറാ' സ്ഥാപിച്ചു. മധ്യ യൂറോപ്പിലെ അതിരൂപതയിൽ ജർമ്മനിയിൽ മാത്രം 54 ദൈവാലയങ്ങളുണ്ട്.

സുറിയാനി സഭയുടെ ഭാവിയെക്കുറിച്ചും പ്രസിദ്ധീകരണങ്ങൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും മോർ യൂലിയോസ് യേശു ശീശക് തിരുമേനി ബദ്ധശ്രദ്ധനായിരുന്നു. ഹോളണ്ടിലെ പ്രസ്സും, ബാർ എബ്രായ പബ്ലിക്കേഷൻസും അതിനുദാഹരണങ്ങളാണ്. കോലോ സുറിയോയൊ (സുറിയാനി ശബ്ദം) എന്ന മാസിക, സുറിയാനി സഭയുടെ ഒന്നാം നൂറ്റാണ്ടു മുതലുള്ള ചരിത്രം മൂന്നു വാല്യങ്ങളിലായി പുസ്തകരൂപത്തിലും വീഡിയോ രൂപത്തിലും 2001ൽ അഞ്ചു ഭാഷകളിലേക്ക് വിവർത്തനം ചെയ്തു. റോമിലെ ട്രാൻസ് വേൾഡ് ഫിലിം ഇറ്റാലിയ എന്ന പ്രസാധകരുടെ മൂന്ന് വാല്യങ്ങളും *The Ancient Armaic Heritage* (Vol. I), *The hiers of the ancient Armaic Heritage* (Vol. II), *At the turn of the third Millenium: The Syrian orthodox witness* (Vol. III) സഭയ്ക്ക് അഭിമാനമാണ്. അഭിവന്ദ്യ തിരുമേനി 113 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ. സഖാ ഒന്നാമൻ ബാവ ശീശക് തിരുമേനിക്ക് 20-ാം നൂറ്റാണ്ടിലെ യാക്കോബ് ബുർദ്ദാന എന്ന ബഹുമതി നൽകിയിട്ടുണ്ട്.

തുറബ്ദീൻകാരെപ്പോലെ സഭാജീവിതം നയിക്കുന്നവർ കേരളത്തിലാണുള്ളത് എന്ന വസ്തുത തിരുമേനിക്ക് ഏറെ സന്തോഷകരമായിരുന്നു. രണ്ടുമൂന്നു വർഷങ്ങൾ കഴിഞ്ഞ് ശിഷ്ടായുസ് ഇന്ത്യയിൽ ചിലവഴിക്കണമെന്ന് തിരുമേനി ആഗ്രഹിച്ചിരുന്നു. നിരവധി പ്രാവശ്യം തിരുമേനി മലങ്കര സന്ദർശിച്ചിട്ടുണ്ട്. മുളന്തുരുത്തി വൈദിക സെമിനാരിയുടെ നിർമ്മാണചെലവിന്റെ നല്ല പങ്ക് തിരുമേനിയുടെ സംഭാവനയാണ്. സണ്ടേസ്കൂൾ അസോസിയേഷൻ കെട്ടിടം, M.J.S.S.A. വകയായുള്ള പ്രസ്സ്, സെന്റ് മേരീസ് കോൺവെന്റ് എന്നിങ്ങനെ വലിയ പ്രസ്ഥാനങ്ങൾക്കും പല ചെറിയ പ്രസ്ഥാനങ്ങൾക്കും തിരുമേനി സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. 2003ൽ സ്വീഡനിലെ The Association of

the Academic Arameans തിരുമേനിക്ക് ആരാം അവാർഡ് നൽകി ആദരിച്ചു.

ഹോളണ്ടിലേക്കുള്ള യാത്രാമധ്യേ, ജർമ്മനിയിൽവച്ച് 2005 ഒക്ടോബർ 29-ാം തീയതി ശനിയാഴ്ച തിരുമേനി കാലംചെയ്തു. പ. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ പ്രധാന കാർമ്മികത്വത്തിലും നിരവധി മെത്രാപോലീത്തന്മാരുടെ സഹകാർമ്മികത്വത്തിലും നവംബർ 5-ാം തീയതി ശനിയാഴ്ച ഹോളണ്ടിലെ അരമന കത്തീഡ്രലിൽ കബറടക്കം നടന്നു. പുണ്യശ്ലോകനായ തിരുമേനിയുടെ ശ്രാദ്ധം ഒക്ടോബർ 29-ാം തീയതി സഭ ആചരിക്കുന്നു.

# References


*A history of the church* (1846). (Sozomen, Trans). London: Samuel Bagster & Sons.

Abdul Ahad Ramban (1948). *സഭാചരിത്രം.* ചിങ്ങവനം: തകടിയിൽ യാക്കോബ് കശ്ശീശാ.

Aphrem I (2000). *The History of Syriac Literature and Sciences* (Matti Moosa, Trans.) Pueblo: Passeggiate Press.

Aphrem Paulose Ramban (1963). *വെള്ളിനക്ഷത്രങ്ങൾ.* (Rev. Fr. T. J. Abraham, Trans.) മഞ്ഞനിക്കര: മോർ ഇഗ്നാത്തിയോസ് ദയറ.

Aphrem Paulose Ramban (1964). *ശീമക്കാരായ പിതാക്കന്മാർ.* (Rev. Fr. T. J. Abraham, Trans.) മഞ്ഞിനിക്കര: മോർ ഇഗ്നാത്തിയോസ് ദയറ.

Aphrem Aboodi Ramban (1966). *സ്തുതി ചൊവ്വാക്കപ്പെട്ട സുറിയാനി സഭ* (Madappattu Yacoub Ramban, Trans). Pathanamthitta: Ajantha Press.

Athanatius of Alexandria (1932). *മോർ അത്താനാസിയോസിന്റെ ജീവചരിത്രം* (Fr. M. Kuriakose, Trans.) കിഴക്കമ്പലം: Religious Movement of Ancient Syrians

Bihlmeyer, K., & Tuchle, H. (1958). *Church history* (rev. ed.) (Vol. 1). (Victor E. Mills, Trans.). Maryland: The Newman Press.

Britannica (2001). C. D. Britannica Inc.

Brock, S. P., & Taylor, D. G. K. (Eds.) (2001). *The hidden pearl* (Vol. III) Italia: Trans World Film.

Brock, S. P., & Taylor, D. G. K. (Eds.) (2001) *The hidden pearl - The Ancient Aramaic heritage* (vol. I). Rome: Trans World Film Italia.

Cardinal Newman, J. H. (1890). *Select treatises of St. Athanasius*. (Vol. I) (5th ed.) London: Longmans, Green & Co.

Cayre, A. A (1935). *Manual of Patrology*. (Vol.2). (A.A. Howitt, Trans.) Paris: Deseclee & Co,

Cayre, A. A. (1935). *Manual of Patrology* (Vo1. 1). (A. A. Howitt, Trans.). Paris: Desclee & Co.

Chediath, G. (1993). *പ്രാചീന സന്യാസചരിത്രം*. കോട്ടയം: പൗരസ്ത്യവിദ്യാപീഠം.

Chediyath, G. (1987). *സഭാപിതാക്കന്മാർ* – 1. കോട്ടയം: പൗരസ്ത്യ വിദ്യാപീഠം.

Cherian Kottayil (1999). *ആരാധനാ സൗരഭം*. Kottayam: അലക്സാണ്ടർ കുരിയൻ.

Comfort, P. W. (Ed). (1992). *The Origin of the Bible*. Ilinois: Tyndale House Publishers, Inc.

Cross, F. L., & Livingstone, E. A. (Eds.) (1974). *The Oxford Dictionary of the Christian Church* (2nd ed.) London: Oxford University Press.

Day, Malcolm (2002). *A treasury of Saints*. London: New Burlington Books.

Douglas, J. D. (Ed.) (1978). *The New International dictionary of the christian church* (rev. ed.) Michigan: Zondervan Publishing House.

*Encarta Encyelopedia* C. D. (2004). Microsoft Corporation.

*Encyclopaedia Americana* (1988).Connecticut: Grolier Incorporated.

*Encyclopaedia Britannica* CD (2001). Encyclopaedia Britannica, Inc.

*Encylopaedia Britannica* (1943). Chicago: Encyclopaedia Britannica.

Eusebius (1980). *The ecclesiastical history* (Vol. 1). (Kirsopp Lake, Trans.). London: William Heinemann Ltd.

Ferguson, S. B., & Wright, D. F. (Eds.). (1988). *New dictionary of theology*. England: Intervarsity Press.

Fuller, T. (1655). *The Church history of Britain*. London: Printed for John Williams at the figure of the crown in St. Pauls Church yard.

Graff, H. C. (1954). *Ancient Christian writers*. New York: Newman Press.

Hoever, H. (1989). *Lives of the Saints*. (rev.ed.). New York: Catholic Book Publishing Company.

Joseph Kulathramannil (Fr.) (1996). *സുറിയാനി സഭാ ജ്യോതിസ്സുകൾ.* ഉദയഗിരി: സെമിനാരി പബ്ലിക്കേഷൻസ്

Joseph, P. P. (2005). *പൂർവ്വിക സഭാപിതാക്കന്മാരും പൊതു സുന്നഹദോസുകളും.* ചങ്ങനാശ്ശേരി: Mor Adai Study Centre.

Kallarangatt, J. & Puthukulangara, A. (2001). *പന്ത്രണ്ടു ശ്ലീഹന്മാർ.* Kottayam: (ORISI) Pourastya Vidyapeetham.

Kuriakose Corepiscopa Moolayil (2001). *പെരുമ്പിള്ളി തിരുമേനി.* U.S.A: Dr. E.C. Abraham

Kurien Corepiscopa Kaniyamparambil (1982). *സുറിയാനിസഭ.* Thiruvalla, Chev. K. T. Alexander Kaniyanthra.

Kurien Corepiscopa Kaniamparambil (2003). *അഞ്ചു പരിശുദ്ധന്മാർ.* തിരുവല്ല: Author.

Mc Birnie, W. S. (2002). *The search of the twelve Apostles*. Secunderabad: OM Books

Moothedan, Thomas (2001). *അനുദിന വിശുദ്ധർ* (5th ed.). Trivandrum: Carmel Publishing Centre

*Nelson's Encyclopaedia*. (1913). New York: Thomas Nelson & Sons.

*Nelson's Encyelopaedia*. (1913). New York: Thomas Nelson and Sons

Philip Joseph. (1969). *കുർബാനക്രമം* Kottayam: C.M.S. Press.

Philip, E. M.(1992). *മാർതോമാശ്ലീഹായുടെ ഇൻഡ്യൻ സഭ.* മുളന്തുരുത്തി : സെമിനാരി പബ്ലിക്കേഷൻസ്.

Philip, E.M. (1993). *മലങ്കരസഭയുടെ രഹസ്യ പേടകം.* കോട്ടയം: ഇടവഴിക്കൽ ഇ. എ. ഫിലിപ്പ്

Poulet, D.C., & Raemers, S.A. (1956). *A history of the catholic church* (Vol. 1). London: B. Herder Book Co.

Quasten, J. (1960). *Patrology* (Vol. 3). Maryland: The Newman Press.

Smith, W., & Wace, H. (Eds.). (1877). *A dictionary of christian biography* (Vol. 1). London: John Murray.

Smith, W. & Wace, H (1880). *A dictionary of christian biography* (Vol. 2). London: John Murray.

Smith, W., & Wace, H. (Eds.). (1887). *A dictionary of christian biography* (Vol. 4). London: John Murray.

Stephen, J. (2006). *മേഘപാളികൾക്കപ്പുറം.* Author

*The Encyelopaedia Americana.* (1988). Connecticut: Grolier Incorporated

*The new encyclopaedia Britannica*. (1988). Encyclopaedia Britannica Inc.

Varghese, K. V. (1998). *വിശുദ്ധ യൽദോ മാർ ബസേലിയോസ് ബാവായുടെ ജീവചരിത്രം* (4th ed.) Pandalam: K. G. Book Depot.

White, K. E. (1991). *A guide to the Saints*. New York: Ivy Books.

Witakowski, E. B., Brock, S. P., Taylor,. D. G. K., & Witakowski, W. (Eds.)(2001). *The hidden pearl - The heirs of the ancient Aramic heritage.* (Vol. II) Rome: Trans World Film Italia.

Yacob III, Ignatius (1958). *History of the Syrian church in India*. Aleppo: Syrian Orthodox Diocese.

Yacoub III, Ignatius, H. H. (1985). *The Syrian Orthodox Church.* Holland: St. Ephrem the Syrian Church.

## Name Index
## Vol. I

Antonius of Egypt .......... 38
Aphrem I, Patriarch.......... 93
Athanatius Shemavoon .......... 131
Athantius Yeshu Samuel.......... 125
Bar Hebreaus, Maphrian .......... 108
Barsoumo .......... 44
Baselus Paulose II, Catholicos..........112
Fourty martyrs of Sebesthe .......... 10
George, Saint .......... 13
Gregorius of Chathuruthil .......... 69
Ignatius, Noorono .......... 26
Ivanius, Gold-mouthed .......... 75
Jacob of Sarug .......... 85
Jacob, The disciple.......... 16
James Bardeaus.......... 80
John, the Baptist.......... 5
Julius Yacob ..........116
Luke, the Evangelist .......... 67
Mathew, the disciple .......... 59
Michael Rabo, Patriarch .......... 100
Moshe Bar Kipho.......... 123
Osthatheos Sleeba.......... 48
Paul, the apostle.......... 23
Peter III (IV), Patriarch.......... 88
Peter, Chief among apostles .......... 19
Simon, the stylite .......... 55
Thekkla, the Saint.......... 61
Thimotheos Yacoub.......... 120
Thomas, the apostle.......... 31
Yacoub III, Patriarch .......... 96

# Name Index
## Vol. II


Abgar V, the Black ........ 55
Agatha, Martyr ........ 08
Aphrem, the Syrian ........ 71
Athanatius Paulose, Saint ........ 43
Barbara and Juliana, Martyrs ........ 23
Baselius of Caesera, Saint ........ 38
Cipriyan, Martyr ........ 19
Clemis Abraham ........ 94
Cyril of Alexandria ........ 73
Dionysius Michael ........ 84
Elias III, the Patriarch of Antioch ........ 50
Gregorius Abdul Jaleel, Saint ........ 59
Gregory of Nyssa, Saint ........ 42
Helen, Queen ........ 68
James of Jerusalem, Martyr ........ 13
James of Nisbis ........ 64
John bar Aphthoonia ........ 77
John, the Disciple ........ 62
Julius Elias, the delegate of Antioch ........ 89
Kuriakose and Yulithi, Martyrs ........ 15
Mark, Martyr ........ 09
Marutha, the Maphrian ........ 82
Mary, Magdelena ........ 75
Mary, Mother of God ........ 26
Osthatheos, the Patriarch of Antioch ........ 80
Philexenus of Mabbug, Martyr ........ 25
Rabula of Edessa ........ 92
Sergius and Baccus, Martyrs ........ 22
Severius, the Patriarch of Antioch ........ 47
Stephen, Martyr ........ 05

# Name Index
# Vol. III


Abahai, Martyr ..................................................... 15
Abded Aloho II, Patriarch..................................................... 48
Ahudemeh, The Great Bishop ............................................ 51
Ambrose, Saint..................................................... 32
Andrew, The Disciple ..................................................... 21
Athanatius of Alexandria..................................................... 39
Babula, Patriarch..................................................... 5
Bartholomew, The Disciple ..................................................11
Dionysius of Alexandria ..................................................... 46
Dioscoros of Alexandria..................................................... 43
Gregorius Gheevarghese ..................................................... 60
Gregorius Yuhanon ..................................................... 76
Gregory of Nazianzen, ..................................................... 27
Jacob of Edessa ..................................................... 65
James, Son of Alphaeus..................................................... 18
Joseph, The Just ..................................................... 34
Juda, The Disciple ..................................................... 9
Julius of Rome, ..................................................... 37
Julius Yeshu Cicek ..................................................... 79
Mathias, The Disciple ..................................................... 13
Osthatheos Bennyamin Joseph ......................................... 71
Pachomius, Saint..................................................... 29
Pelagia, Saint ..................................................... 16
Philip, The Disciple ..................................................... 19
Philoxenos Samuel ..................................................... 58
Polycarp of Smirna, Martyr..................................................... 24
Severius Gheevarghese..................................................... 67
Shukr Allah of Aleppo, Maphrian ......................................... 55
Simeon, The Zeolot ..................................................... 07
Yeldho Baselius Maphrian, Saint......................................... 52

## Name Index
## Vol. IV


Anthimus of Constantinople........................................... 59
Aphrahat, Hermit ........................................................ 26
Athanatius Paulose Kadavil I........................................... 71
Athnatius Paulose, Kadavil II.......................................... 78
Augen of Clysma ........................................................ 23
Balai, Bishop of Balsh.................................................. 38
Clement of Rome......................................................... 05
Coorilos Kuriakose ..................................................... 80
Coorilos Paulose ........................................................ 49
Coorilos Yuyakim........................................................ 45
Dionysius Joseph ........................................................ 67
Epiphanius of Salamis.................................................. 33
Eusebius of Caeseria ................................................... 17
Isaac, the Doctor ........................................................ 39
Ivanios Hidayathulla .................................................... 61
Ivanios Yuhanon.......................................................... 65
Joachim & Hannah ...................................................... 15
John of Damascus........................................................ 42
Macrina...................................................................... 28
Osthatheos Thomas ..................................................... 82
Paul of Thebaid .......................................................... 20
Phocas of Sinope, Gardner ............................................ 10
Severios Paulose.......................................................... 74
Sharbil, Martyr ........................................................... 07
Simon, the Potter......................................................... 41
Themotheos of Alexandria............................................. 57
Theophilos Thomas...................................................... 84
Theophilus of Alexandria .............................................. 54
Yacoub, M’fasquo ........................................................ 13
Zeno .......................................................................... 37

## Name Index
## Vol. V


Acacious Aleppo ........................................................ 46
Anastasia, the Martyr..................................................... 6
Arnobius, the Martyr .................................................... 16
Deevannasios Simon.................................................... 55
Didymus, the blind ...................................................... 51
Dodo Gregorios, the Saint ............................................ 33
Fabronia, the Martyr .................................................... 24
Flavian, the Patriarch.................................................... 39
Habib, the Martyr .........................................................11
Ivanios Philipose.......................................................... 60
John of Arabia.............................................................. 48
Julius Geevarghese...................................................... 53
Julius Kuriakose .......................................................... 68
Koorilos Geevarghese .................................................. 58
Koorilos Markose.......................................................... 64
Kuriakose, the Patriarch .............................................. 42
Kuriakose Vanchithattil, Ramban.................................. 71
Macarius, the Egyptian ................................................ 20
Malke, the Saint............................................................ 32
Marina, the Saint .......................................................... 30
Meletius Barnaba.......................................................... 62
Meletius, the Patriarch.................................................. 37
Mena, the Martyr .......................................................... 08
Ossyo, Martyr .............................................................. 18
Polycarpus Geevarghese ............................................. 66
Serapion, the Patriarch................................................. 36
Shalito, the Martyr ....................................................... 21
Simon, the Martyr ......................................................... 05
Simon Theophilus, the Patriarch .................................. 40
Yuhanon, the Bishop of Ephesus ................................. 43

## Name Index
## Vol. VI


Adai, the first bishop of Edessa ........................................ 19
Adrian with his wife Natalia, Martyrs ................................. 24
Ahathulla ......................................................................... 41
Alexander, the Patriarch of Constantinople ....................... 40
Anthrayose, Kallada, Kerala, India .................................. 51
Athanasius Aphrem Barsoum, Archbishop ....................... 55
Babylas, Patriarch of Antioch, the Martyr ......................... 43
Barnabas, the Apostle ...................................................... 09
Carpos & Papylos, Martyrs ............................................... 26
Dionysius of Milan, the Bishop ......................................... 50
Euphemia, Virgin & Martyr ................................................ 28
Evodius, The Patriarch of Anticoh, Martyr ........................ 39
Gabriel of Thur’abdeen .................................................... 36
Gregorius Gheevarghese, Vayaliparampil ........................ 57
Gregory, the Wonderworker ............................................ 34
Hesychius, the Martyr ....................................................... 14
Hippolytus of Rome, the Martyr......................................... 22
Iranaeus of Sirmium, the Martyr ....................................... 23
Joseph of Arimathea ......................................................... 03
Justin, the Martyr............................................................... 12
Longinus, the Martyr ........................................................ 04
Nicephorus, the Martyr .................................................... 15
Pantaenus of Alexandria (priest) ...................................... 08
Pantaleon, the Martyr ....................................................... 18
Pelagia of Tarsus, Virgin & Martyr .................................... 17
Philexinose Yoohanon ...................................................... 53
Shmuni, her seven children and Eliazar ........................... 05
Simeon, the Aged & Morth Hannah ................................. 01
Tharakkos, Prokkos & Andronikkos, Martyrs .................... 29
Zakka I, the Patriarch of Antioch ...................................... 45

## Name Index
## Vol. VII

Abraham Kidunay ........ 26
Aggai, The second Bishop of Edessa ........ 09
Agnes, Virgin & Martyr ........ 15
Alexander, the Patriarch of Alexandria ........ 19
Ammon (Amus) of Nitria ........ 23
Anthimos, Episcopo of Nicomedia, the Martyr ........ 13
Anysia, the Martyr ........ 14
Apollonia, the Martyr ........ 12
Bar-had- bashabo, Deacon & Martyr ........ 25
Callistus, Episcopo of Rome ........ 11
Cosmas & Damian, Martyrs ........ 16
Cyril of Jerusalem ........ 30
Daniel, the Stylite ........ 33
Hilarion, Abbot (of Gaza) ........ 28
Irenaeus, the Bishop of Lyons ........ 07
Isaac of Nineveh (Syrian) ........ 48
Jacob of Edessa ........ 50
John III of Sedre, the Patriarch of Antioch ........ 45
John of Egypt, the Abbot ........ 35
Mary of Egypt ........ 37
Maximus, the Confessor ........ 43
Pamphilus of Caesarea, the Martyr ........ 17
Severus Sabukht, Bishop of Qinnesrin ........ 47
Shemvun of Qartmin ........ 41
Silvester, the Patriarch of Rome ........ 21
Simon Zaytuni (of Harran) ........ 53
Theodotus, the Patriarch of Antioch ........ 39
Timothy, the disciple of Apostle St. Paul ........ 01
Titus, the disciple of Apostle St. Paul ........ 04
Zokhe (Nicholavos), Bishop of Moora (Myra) ........ 22

## Name Index
## Vol. VIII


Aho, the Ascetic ................................................................ 05
Arsenius, the Great.......................................................... 31
Artemius, Martyr ............................................................... 04
Athanasius Denho ............................................................ 03
Behnam and Sara, Martyrs............................................... 22
Dionysius Tal Mahre, the Patriarch of Antioch ................... 19
Dionysius, the Areopagite................................................. 55
Drosis, daughter of Emperor Trajan .................................. 17
Eugenia, Martyr ................................................................ 38
Eulogius, Episcopo of Edessa ........................................... 28
Evagrius, Ascetic and Writer.............................................. 35
Gregorius of Armenia, the Illuminator ................................ 01
Hilaria, daughter of Emperor Zeno .................................... 33
Ignatius Nuh (Noah), the Patriarch of Antioch ................... 27
Irene (Erini/Irini), Martyr..................................................... 42
Isidore of Chios, Martyr ..................................................... 57
John (Yuhanon) of Tella..................................................... 45
John IX, Bar Shushan, the Patriarch of Antioch ................ 20
Mamas of Caesarea, Martyr.............................................. 40
Mennas, Martyr.................................................................. 12
Moses, the Ethiopian ........................................................ 24
Palladius, the Solitary ....................................................... 53
Pambo, the Ascetic............................................................ 14
Paul (I) of Edessa ............................................................. 58
Philexinose Yuhanon Dolabani of Mardin.......................... 09
Theodora, Empress of Byzantine ...................................... 50
Theodotus, Martyr ............................................................. 48
Thomas of Heraclea ......................................................... 43
Yuhanon of Mardin ........................................................... 47
Zenobius and Zenobia, Martyrs......................................... 13

## Books by the Author


1. Rajan, K. M. (1991). *Queen of the Sacraments.* California, U.S.A.: St. Mary's J.S.O Church.
2. Rajan, K. M. (1993). *The prayer book of the Syrian Orthodox Church*. California, U.S.A.: St. Mary's J.S.O Church.
3. Rajan, K. M. (1999). *Perspectives in physical science teaching.* Kottayam, Kerala: Vidyarthi Mithram Press & Book Depot.
4. Rajan, K. M. (1999). *A treatise on form of style of thesis and disseration.* Mannanm, Kottayam: St. Joseph's Training College.
5. Rajan, K. M. (2002). Role of teacher education institutions in school management (pp. 165-172). In M. Mukhopadhyay (Ed.), *Secondary education: The challenges ahead.* New Delhi: NIEPA.
6. Rajan, K. M. (2003).*Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum.* (Vol. I) Trivandrum: Lotus Publications.
7. Rajan, K. M. (2004). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. II). Trivandrum: Lotus Publications.
8. Rajan, K. M. (2004). *Science of science education*. Mannanam, Kottayam: St. Joseph's Training College.
9. Rajan, K. M. (2006). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. III). Trivandrum: Lotus Publications.

10. Rajan, K. M. (2007). *Martyrs, saints & prelates of the Syriac Orthodox Church* (Vol.I) Kottayam: The Travancore Syriac Orthodox Publishers.

11. Rajan, K. M., Sindhu B. S., George, J., Netto, S. G., & Sajan, R. K. (2008). *Teaching of Physical Science: Theory, Perspectives & Practice.* Mannanam, Kottayam: St. Joseph's Training College.

12. Rajan, K. M. (2009). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. IV). Trivandrum: Lotus Publications.

13. Rajan, K. M., Sindhu B. S., George, J., Netto, S. G., & Sajan, R. K. (2010). *Teaching of Physical Science: Theory, Perspectives & Practice* (2nd rev. ed.). Mannanam, Kottayam: St. Joseph's Training College.

14. Rajan, K. M. (2011). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. V). Kottayam: The Travancore Syriac Orthodox Publishers.

15. Rajan, K. M. (2012). *Martyrs, saints & prelates of the Syriac Orthodox Church* (Vol.II) Kottayam: The Travancore Syriac Orthodox Publishers.

16. Rajan, K. M. (2013). *Martyrs, saints & prelates of the Syriac Orthodox Church* (Vol.III) Kottayam: The Travancore Syriac Orthodox Publishers.

17. Rajan, K. M. (2016). *Martyrs, saints & prelates of the Syriac Orthodox Church* (Vol.IV) Puthencruz: J.S. C. Publications.

18. Rajan, K. M. (2016). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. VI). Kottayam: The Travancore Syriac Orthodox Publishers.

19. Rajan, K. M. (2017). *Martyrs, saints & prelates of the Syriac Orthodox Church* (Vol.V) Puthencruz: J.S. C. Publications.

20. Rajan, K. M. (2017). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. VII). Puthencruz: J.S. C. Publications..

21. Rajan, K. M. (2017). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. VIII). Puthencruz: J.S. C. Publications.

22. Rajan, K. M. (2017). *St. Mary & The Apostles*. Puthencruz: J.S. C. Publications..23. Rajan, K. M. (2017). *Holy Fathers of the Syrian Orient Entombed in Kerala*. Puthencruz: J.S. C. Publications..

23. Rajan, K. M. (2017). *Martyrs, saints & prelates of the Syriac Orthodox Church* (One Volume) Puthencruz: J.S. C. Publications.

24. Rajan, K. M. (2017). S*uriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (250 Biographies). Puthencruz: J.S. C. Publications.

**Books Compiled, Edited & Reprinted**

1. *Mar Anthoniyosinte Jeevacharithram* (2003). Kizhakkambalam: Religious Movement of Ancient Syrians (R.M.A.S.) - REPRINT

2. *Calendar of the Syrian Orthodox Church*. (2004). Kottayam: Travancore Syriac Orthodox Publishers.- EDITED

3. *Nidraprapikkunnavarkkuvendiyulla Prarthanakalum, kramangalum*.(2004). Arthat, Kunnamkulam: St. Mary's Simhasanapally - COMPILED

4. *Suriyanisabha Perunal Visheshadivasangalil Vishudha Kurbanayil Upayogickavunna Geethangal.* (2005). Kurichy, Kottayam: Vishudha Magdhalana Mariyam Mandiram Chapel. - COMPILED

5. *Angel of peace - Platinum Jubilee Souvenir of St. Elias III* (2007). EDITED
6. Aphrem Basoum I (2016). *The Shorter Catechism of the Syrian Orthodox Church.* Puthencruz: J. S. C. Publications. REPRINT
7. Aphrem Basoum I (2017). *The Spiritual Treasures of Canonical Prayers*. Puthencruz: J. S. C. Publications. REPRINT

## ഗ്രന്ഥകർത്താവ്

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ 1958 ആഗസ്റ്റ് 10-ാം തീയതി ജനിച്ചു. ഇദ്ദേഹം രസതന്ത്രത്തിൽ B.Sc., M.Sc. എന്നീ ബിരുദങ്ങളും വിദ്യാഭ്യാസത്തിൽ B.Ed., M. Ed. എന്നീ ബിരുദങ്ങളും രസതന്ത്രബോധനരീതികളിൽ Ph. D. ബിരുദവും കരസ്ഥമാക്കി.

1971 ജനുവരി 31-ാം തീയതി ശുശ്രൂഷയ്ക്കായി ബ. കെ. വി. കുര്യാക്കോസച്ചൻ (പുണ്യശ്ലോകനായ കുരിയാക്കോസ് മോർ യൂലിയോസ് മെത്രാപ്പോലീത്ത) മദ്ബഹായിൽ ശുശ്രൂഷയക്കായി പ്രവേശിപ്പിച്ചു. 1976 മാർച്ച് 14-ാം തീയതി B.Sc. വിദ്യാർത്ഥിയായിരുന്നപ്പോൾ മഞ്ഞനിക്കര ദയറായിൽ വച്ച് മോർ യൂലിയോസ് യാക്കോബ് മെത്രാപ്പോലീത്തായിൽ നിന്നും കോറൂയോ പട്ടവും, 1978 ജൂലൈ 23-ാം തീയതി ശ്രേഷ്ഠ ബസ്സേലിയോസ് പൗലോസ് രണ്ടാമ ബാവായിൽ നിന്നും യൗഫദയക്കിനൊ പട്ടവും സ്വീകരിച്ചു. 1984 ഒക്ടോബർ 12-ാം തീയതി മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് മെത്രാപ്പോലീത്തായിൽ നിന്നും പൂർണ്ണ ശെമ്മാശ പട്ടവും 1984 ഒക്ടോബർ 14-ാം തീയതി ദമസ്കോസിൽ വച്ച് പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഇവാസ് ഒന്നാമൻ പാത്രിയർക്കീസ് ബാവായിൽ നിന്നും കശീശ പട്ടവും സ്വീകരിച്ചു. കുന്നംകുളം സിംഹാസനപള്ളിയിലെയും സഭയിലെയും ശുശ്രൂഷകളെ അംഗീകരിച്ച് പരിശുദ്ധ പാത്രിയർക്കീസ് ബാവ 2000 മെയ് 12-ാം തീയതി ദമസ്കോസിൽ വച്ച് കുരിശുമാല നൽകി ആദരിച്ചു. 2009 ജനുവരി 24-ാം തീയതിയിലെ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ E27/09 നമ്പർ കല്പനപ്രകാരം 2009 മെയ് 24-ാം തീയതി മോർ യൂലിയോസ് കുരിയാക്കോസ് തിരുമേനിയിൽ നിന്ന് കോറെപ്പിസ്കോപ്പ സ്ഥാനം സ്വീകരിച്ചു.

1982 ൽ കൊച്ചി കേന്ദ്രീയവിദ്യാലയത്തിൽ (P. G. T. in Chemistry) അദ്ധ്യാപകനായി ഔദ്യോഗിക ജീവിതമാരംഭിച്ചു. 1983 ൽ മാന്നാനം, സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജിൽ

അദ്ധ്യാപകനായി ജോലിയിൽ ചേർന്നു. 1984 മുതൽ കുന്നംകുളം സെന്റ് മേരീസ് പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിച്ചു വരുന്നു. കാലിഫോർണിയ സർവ്വകലാശാലയിൽ ഗവേഷണ വിദ്യാർത്ഥിയായിരുന്ന കാലഘട്ടത്തിൽ (1989–1993) ലോസ് ഏഞ്ചലസിലെ സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് സിംഹാസനപള്ളിയിൽ സേവനമനുഷ്ഠിച്ചു. 1994–2003 കാലഘട്ടത്തിൽ ഇത്തിത്താനം M.M.D.M. Patriarchal centreൽ ശുശ്രൂഷകൾ നിർവ്വഹിച്ചു. 2009–2016 കാലഘട്ടത്തിൽ തൃശ്ശൂർ സെന്റ് പീറ്റേഴ്സ് സിറിയൻ സിംഹാസന പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിച്ചു.

*Queen of the Sacraments, The prayer book of the Syrian Orthodox Church, Perspectives in physical science teaching, A treatise on form and style of thesis and dissertation, Science of science education, Martyrs, Saints & Prelates of The Syriac Orthodox Church* (Vol. I-IV) സുറിയാനിസഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും (Vol. I - VII) എന്നീ പുസ്തകങ്ങളും അമ്പതിലധികം സഭാസംബന്ധമായ ചെറിയ പുസ്തകങ്ങളും, ലഘുലേഖകളും, ലേഖനങ്ങളും, ഒന്നര ഡസനിലധികം ഗവേഷണ പ്രബന്ധങ്ങളും ഇദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ദേശീയ അന്തർദേശീയ സെമിനാറുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും, 1998 ൽ മികച്ച ഗവേഷണപ്രബന്ധത്തിനുള്ള അവാർഡ് ലഭിക്കുകയും ചെയ്തു. U. G. C., N.C.T.E., K. P. S. C., S. C. E. R. T., I. A. S. E., S. M. E. എന്നിവയിൽ Subject expert, Resource person എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ വിദ്യാഭ്യാസഗവേഷണത്തിന് ഗൈഡ് എന്ന നിലയിലും പ്രവർത്തിക്കുന്നു.

For soft copies of the books, visit : www.rajanachen.com

# സുറിയാനിസഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും

**വാല്യം-3**

ആകമാന സുറിയാനി ഓർത്തഡോക്സ് സഭ അംഗീകരിക്കുകയും, ആദരിക്കുകയും ചെയ്യുന്ന രക്തസാക്ഷികളുടെയും, പരിശുദ്ധന്മാരുടെയും, മേലദ്ധ്യക്ഷന്മാരുടെയും ജീവചരിത്രവും അനുകരണീയ മാതൃകകളും, സഭാ ശുശ്രൂഷകളും എന്നും സ്മരിക്കപ്പെടേണ്ടതാണ്. ഈ ലക്ഷ്യം മുൻനിർത്തിയുള്ള എളിയ പരിശ്രമമാണ് ഈ ഗ്രന്ഥം.

ആർത്താറ്റ് - കുന്നംകുളം - സെന്റ് മേരീസ് സിംഹാസന പള്ളി അംഗവും, ആ പള്ളിയുടെ ഇപ്പോഴത്തെ വികാരിയുമായ ഗ്രന്ഥകർത്താവ്, മാന്നാനം സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജ് പ്രിൻസിപ്പാളാണ്.



The Travancore Syriac Orthodox Publishers
Kottayam-686 004